# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോട്ടക്കൽ മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.20/192/20243

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 24/02/2024
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
കോട്ടക്കൽ മുനിസിപ്പാലിറ്റി

സർ,

**വിഷയം : കോട്ടക്കൽ മുനിസിപാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോട്ടക്കൽ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
3. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ്, കോഴിക്കോട്, (ഉപരിപത്രം സഹിതം)
4. സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം, (ഉപരിപത്രം സഹിതം)
5. കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.എം.പി.എം.20/192/20243 തീയ്യതി: 24/02/2024

## മലപ്പുറം ജില്ലയിലെ കോട്ടക്കൽ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കോട്ടക്കൽ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-11-2022 മുതൽ 15-01-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 61 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 39 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 25-01-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സതീഷ് മാവേലി പുത്തൻവീട് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 15-01-2024 | 25-01-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-01-2024 | 25-01-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. അബ്ദുന്നാസർ പി, ഓഡിറ്റ് ഓഫീസർ

ശ്രീ. മുഹമ്മദ് ഫസലുറഹ്മാൻ, എം. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. മുഹമ്മദ് സിയാദ് പി.പി. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.ഇദ്രീസ് അബ്ദുള്ള എ.സി,ഓഡിറ്റർ

ശ്രീമതി.സുജിത പി.കെ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ബുഷറ ഷബീർ | ചെയർപേഴ്സൺ | 01-04-2022 | 31-03-2023 |
| ശ്രീ. സന്ദീപ് കുമാർ. വി. എസ് | സെക്രട്ടറി | 01-04-2022 | 02-09-2022 |
| ശ്രീ. കുമാർ. ആർ | സെക്രട്ടറി | 03-09-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. മുംതാസ്. ടി. വി. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ. അബ്ദുൾ ഗഫൂർ. കെ. എം. | പ്രിൻസിപ്പൽ | 01-04-2022 | 15-09-2023 |
| ശ്രീ. പ്രംഭാസ് ബി | പ്രിൻസിപ്പൽ | 16-09-2022 | 31-03-2023 |
| ഡോ. ഖദീജ. സി. | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2022 | 31-03-2023 |
| ഡോ. നസീമ മോൾ | മെഡിക്കൽ ഓഫീസർ( ഹോമിയോ) | 01-04-2022 | 31-03-2023 |
| ശ്രീ. അബ്ദുൾ അസീസ് പുളിക്കപ്പറമ്പിൽ | പ്രൊജക്റ്റ് ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.ഹംസ. കെ. കെ. | ഹെൽത്ത് സൂപ്പർവൈസർ(ഇൻ ചാർജ്) | 01-04-2022 | 01-02-2023 |
| ഒഴിവ് | ഹെൽത്ത് സൂപ്പർവൈസർ(ഇൻ ചാർജ്) | 02-02-2023 | 07-02-2023 |
| ശ്രീ.മൻസൂർ കാരാട്ടുചാലിൽ | ഹെൽത്ത് സൂപ്പർവൈസർ | 08-02-2023 | 31-03-2023 |
| ഡോ. മുജീബ് റഹിമാൻ. കെ. പി. | വെറ്ററനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ. സയിദ് ഫസൽ. കെ. പി. | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി ,വെ ) | 01-04-2022 | 31-03-2023 |
| ശ്രീമതി. സുജാത. പി. ആർ | ഹെഡ് മിസ്ട്രസ്സ് | 01-04-2022 | 31-10-2022 |
| ശ്രീ. സാൽബി മാത്യൂ(ഇൻ ചാർജ്) | ഹെഡ് മാസ്റ്റർ(ഇൻ ചാർജ്) | 09-02-2023 | 31-03-2023 |
| ശ്രീ. വൈശാഖൻ. എം. വി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ഗ്രേസി. കെ. പി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. അരുൺ രാജ്. വി. എസ് | അസി.എഞ്ചിനീയർ | 01-04-2022 | 04-08-2022 |
| ശ്രീമതി. ഫസ്ന പി | അസി.എഞ്ചിനീയർ | 05-08-2022 | 13-09-2022 |
| ഒഴിവ് | അസി.എഞ്ചിനീയർ | 14-09-2022 | 30-09-2022 |
| ശ്രീ. ഷന്മബ് എം.ജി | അസി.എഞ്ചിനീയർ | 01-10-2022 | 11-10-2022 |
| ഒഴിവ് | അസി.എഞ്ചിനീയർ | 12-10-2022 | 31-10-2022 |
| ശ്രീമതി. ഭഗീരഥി സി.എസ് | അസി.എഞ്ചിനീയർ | 01-11-2022 | 28-02-2023 |
| ശ്രീ. മുഹമ്മദ് മുബാരിസ് കെ | അസി.എഞ്ചിനീയർ | 01-03-2022 | 31-03-2023 |
| ശ്രീ. മുഹമ്മദ് മുസ്തഫ | ഹെഡ് മാസ്റ്റർ(ഇൻ ചാർജ്) | 01-11-2022 | 08-02-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ബാങ്ക് അക്കൗണ്ടിൽ നിന്ന് നേരിട്ട് ഡെബിറ്റ് ചെയ്ത തുകകൾ ക്രമീകരിച്ചിട്ടില്ല | 1-1-1 |
| 3 | നിക്ഷേപിച്ച ചെക്കുകൾ പണം മാറി കിട്ടിയിട്ടില്ല | 1-1-2 |
| 4 | ഗ്രാന്റ്-ചെലവ് തുക ACR, AFS എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. | 1-1-3 |
| 5 | വാർഷികകണക്ക് പ്രകാരമുള്ള വരവ് , ഡി.സി.ബി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | ഡി.സി.ബി രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സൂക്ഷിക്കാത്തതിനാൽ വാർഷികകണക്ക് പ്രകാരമുള്ള വരവിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല. | 1-1-5 |
| 7 | അഡ്വാൻസ് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തൽ നടത്തിയിട്ടില്ല. | 1-1-6 |
| 8 | ലോൺ രജിസ്റ്റർ -ആവശ്യമായ വിവരങ്ങൾ ചേർത്തിട്ടില്ല. | 1-1-7 |
| 9 | ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. | 1-1-8 |
| 10 | തൊഴിലുറപ്പ് പദ്ധതി-വരവ് ചെലവുകൾ വാർഷികകണക്കിൽ ചേർത്തിട്ടില്ല. | 1-1-9 |
| 11 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-10 |
| 12 | തനത്ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള ഗ്രാന്റുകൾക്ക് എ സി ആർ സൂക്ഷിച്ചിട്ടില്ല. | 1-1-11 |
| 13 | സ്ഥിര നിക്ഷേപം- അപാകതകൾ. | 1-1-12 |
| 14 | ബജറ്റ്. | 1-2 |
| 15 | സാമ്പത്തിക വിശകലനം. | 1-3 |
| 16 | ഫണ്ട് വിനിയോഗം | 1-4 |
| 17 | ഗ്രാന്റ് വിനിയോഗം പത്രിക | 1-4-1 |
| 18 | പദ്ധതി അവലോകനം | 1-5 |
| 19 | തൊഴിലുറപ്പ് പദ്ധതി. | 1-6 |
| 20 | ക്ഷേമ പദ്ധതികൾ. | 1-7 |
| 21 | ക്യാഷ് പരിശോധന | 1-8 |
| 22 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 23 | മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 24 | തനത് വരുമാന സമാഹരണം- അവലോകനം | 1-11 |
| 25 | നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ– അവലോകനം. | 1-12 |
| 26 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-13 |
| 27 | മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കാനവശേഷിക്കുന്നു. | 1-14 |
| 28 | ബാങ്കിൽ നിക്ഷേപിച്ച ചെക്കുകളിന്മേൽ പണം മാറി നൽകിയിട്ടില്ല. | 1-15 |
| 29 | മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടത്തിന് വിരുദ്ധമായി ബാങ്ക് അക്കൗണ്ട് ആരംഭിച്ചു. | 1-16 |
| 30 | സ്ഥിര നിക്ഷേപം- അപാകതകൾ. | 1-17 |
| 31 | നഗരസഭയിൽ സ്വീകരിച്ച ഡെപ്പോസിറ്റ് തുകകൾ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 1-18 |
| 32 | കറന്റ് അക്കൗണ്ടിൽ ഭീമമായ തുക നിലനിർത്തുന്നു- വരുമാന നഷ്ടം. | 1-19 |
| 33 | മുനിസിപാലിറ്റി കെട്ടിടങ്ങളിലെ വാടക പിരിവ് - അപാകതകൾ. | 1-20 |
| 34 | ഭിന്നശേഷിക്കാർക്ക് ഉപകരണ വിതരണം:വീൽ ചെയർ വിതരണ രേഖകൾ ഇല്ല. | 1-21 |
| 35 | ഭിന്നശേഷിക്കാർക്ക് മുച്ചക്രം:പദ്ധതി അപാകതകൾ | 1-22 |
| 36 | ഹരിത കർമ്മസേന : അപാകതകൾ. | 1-23 |
| 37 | ജൈവ വളവിതരണം- അപാകതകൾ. | 1-24 |
| 38 | വിത്തുകൾ, തൈകൾ: പദ്ധതി അപാകത. | 1-25 |
| 39 | നെൽ വിത്ത് വാങ്ങൽ - നടപടിക്രമം പാലിച്ചില്ല. | 1-26 |
| 40 | വിദ്യാർഥികൾക്ക് ലാപ് ടോപ്പ്:അപാകതകൾ. | 1-27 |

| | | |
|---|---|---|
| 41 | എസ്.എസ്.എ വിഹിതം: പദ്ധതി അപാകതകൾ | 1-28 |
| 42 | സെക്രട്ടറിയുടെ ശമ്പളം ട്രഷറിയിലേക്ക് തിരിച്ചടവാക്കിയില്ല. | 1-29 |
| 43 | നഗരസഭാ രേഖകൾ ഡിജിറ്റൽ ഡോക്യുമെന്റേഷൻ ചെയ്യൽ– പൂർത്തീകരണ വിവരം ലഭ്യമായിട്ടില്ല. | 1-30 |
| 44 | ഡയാലിസിസ് രോഗികൾക്ക് നഗരസഭാ വിഹിതം നൽകൽ– സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല. | 1-31 |
| 45 | കണ്ടിൻജന്റ് എംപ്ലോയീസ്-പെൻഷൻ ഫണ്ട് രൂപീകരിച്ചിട്ടില്ല. | 1-32 |
| 46 | വലിയപറമ്പ് ഇൻഡോർ സ്റ്റേഡിയം നിർമ്മാണം- പ്രവൃത്തി നാളിതു വരെ പൂർത്തീകരിച്ചിട്ടില്ല | 1-33 |
| 47 | റജിസ്റ്ററുകളുടെ സൂക്ഷിപ്പ് കാര്യക്ഷമമാക്കേണ്ടതാണ്. | 1-34 |
| 48 | വിവിധ ചിറകളുടെ നവീകരണം- പൂർത്തീകരണ /വിനിയോഗ വിവരം ലഭ്യമല്ല | 1-35 |
| 49 | അങ്കണവാടിയിലെ കുഴൽകിണർ നിർമ്മാണം- തുക തിരികെ ലഭ്യമാക്കിയിട്ടില്ല. | 1-36 |
| 50 | വയോമിത്രം- സാമൂഹ്യ സുരക്ഷാ മിഷന് വിഹിതം നൽകൽ– വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 1-37 |
| 51 | അജൈവ മാലിന്യ നിർമ്മാർജ്ജനം - ജി എസ് ടി ഉൾപ്പെടെയുള്ള തുക അനുവദിച്ചു | 1-38 |
| 52 | നൽകിയ തുകക്കുള്ള മുഴുവൻ മരുന്നുകൾ ലഭ്യമായിട്ടില്ല. | 1-39 |
| 53 | എഞ്ചിനിയറിംഗ് വിഭാഗം - കാഷ്ബുക്ക് എഴുതിയിട്ടില്ല. | 1-40 |
| 54 | കണക്കിൽപെടാത്ത പണം അക്കൗണ്ടിൽ അവശേഷിക്കുന്നു. | 1-41 |
| 55 | ഇ ടെണ്ടർ -ടെണ്ടർ ഫീ നഗരസഭയിൽ ഒടുക്ക് വരുത്തിയിട്ടില്ല. | 1-42 |
| 56 | മുൻകാലങ്ങളിൽ പൂർത്തീകരിച്ച പ്രവൃത്തികൾ - പണം നൽകുന്നതിൽ മുൻഗണനാ ക്രമം പാലിക്കുന്നില്ല. | 1-43 |
| 57 | പണം നൽകാത്ത മരാമത്ത് പ്രവൃത്തികൾ - വ്യക്തമായ വിവരം നഗരസഭയിൽ സൂക്ഷിക്കുന്നില്ല. | 1-44 |
| 58 | പണം നൽകാൻ തനത് ഫണ്ട് നീക്കിയിരുപ്പ് ഇല്ല - തനത് ഫണ്ട് വകയിരുത്തി വീണ്ടും പ്രൊജക്ടുകൾ ഏറ്റെടുക്കുന്നു. | 1-45 |
| 59 | ഗുണഭോക്തൃ കമ്മിറ്റി പ്രവൃത്തി - അപാകതകൾ | 1-46 |
| 60 | എം ബുക്കിൽ തെറ്റായ അളവ് രേഖപ്പെടുത്തി പണം നൽകി ₹ 484531 നഷ്ടം | 1-47 |
| 61 | മുനിസിപ്പൽ എഞ്ചിനിയർ - പദ്ധതി നിർവഹണം തൃപ്തികരമല്ല. | 1-48 |
| 62 | പൊതു മരാമത്ത് പ്രവൃത്തികൾ - അവലോകനം | 1-49 |
| 63 | ബസ് സ്റ്റാന്റ് കടമുറികൾ ലേലം ചെയ്ത് കൈമാറിയിട്ടില്ല. നഗരസഭയ്ക്ക് വരുമാന നഷ്ടം | 1-50 |
| 64 | ആസ്തികളുടെ സംരക്ഷണം- ഫണ്ട് ചെലവഴിച്ചില്ല ₹ 1.64 കോടി രൂപ നഷ്ടപ്പെട്ടു. | 1-51 |
| 65 | സ്ട്രീറ്റ് ലൈറ്റ് -വ്യക്തമായ വിവരം ലഭ്യമല്ല. | 1-52 |
| 66 | നഗരസഭയിൽ സ്ട്രീറ്റ് ലൈറ്റ് എ.എം.സി - സർക്കാർ ഉത്തരവിന് വിരുദ്ധമായി നടപ്പാക്കി | 1-53 |
| 67 | ആധുനിക മാർക്കറ്റ് നിർമ്മാണം DPR -ഏജൻസിയെ തെരഞ്ഞെടുത്തതിൽ സുതാര്യതയില്ല | 1-54 |
| 68 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് വിനിയോഗിക്കാതെ അക്കൗണ്ടിൽ സൂക്ഷിക്കുന്നു. | 1-55 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | എം ബുക്കിൽ തെറ്റായ അളവ് രേഖപ്പെടുത്തി പണം നൽകി ₹ 484531 നഷ്ടം. | 3-1 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവർത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |

| | | |
|---|---|---|
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കോട്ടക്കൽ മുനിസിപ്പാലിറ്റിയുടെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 23.06.2023 തീയതിയിലെ 1 നം. തീരുമാനം പ്രകാരം അംഗീകരിച്ച് 05.07.2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭസ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി & എജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലികാ സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കോട്ടക്കൽ മുനിസിപ്പാലിറ്റിയുടെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2023ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2023ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

**സ്ഥലം : മലപ്പുറം** **ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം**

**തീയതി :** **കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

## 1-1-1 ബാങ്ക് അക്കൗണ്ടിൽ നിന്ന് നേരിട്ട് ഡെബിറ്റ് ചെയ്ത തുകകൾ ക്രമീകരിച്ചിട്ടില്ല

ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ Directly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. ഉദാഹരണം താഴെ ചേർക്കുന്നു.

| Account | Bank Entry Date | Item | Amount |
|---|---|---|---|
| ICICI (No- 094201001666) | 25.11.2020 | TDS | 17700 |
| SBI-(No-67379523750) | 09.03.2017 | Account Keeping Fees | 632.50 |
| SBI-(No-67379518026) | 10.01.2017 | Withdrawal | 86.25 |
| | 09.03.2017 | Account Keeping Fees | 649 |

## 1-1-2 നിക്ഷേപിച്ച ചെക്കുകൾ പണം മാറി കിട്ടിയിട്ടില്ല

2022-23ലെ ബാങ്ക് റിക്കൺസിലിയേഷൻ പത്രിക പരിശോധിച്ചതിൽ, നിക്ഷേപിച്ച ചെക്കുകൾ പലതും ക്ലിയർ ആവാത്തതിനാൽ പണം ബാങ്കിൽ ക്രഡിറ്റ് ആയിട്ടില്ല എന്ന് കണ്ടു. വിശദ വിവരങ്ങൾ ഖണ്ഡിക-1-15 ൽ ചേർക്കുന്നു.

## 1-1-3 ഗ്രാന്റ്-ചെലവ് തുക ACR, AFS എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

വികസനഫണ്ട് (ജനറൽ) ഗ്രാന്റ് ഇനത്തിൽ ചെലവ് ACR, AFS എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഗ്രാന്റ് ഇനം. | ACR പ്രകാരം. | AFS (RP6) പ്രകാരം. | AFS (1-6) പ്രകാരം. |
|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 26101961 | 25401961 | 28999695 |

## 1-1-4 വാർഷികകണക്ക് പ്രകാരമുള്ള വരവ് , ഡി.സി.ബി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

താഴെ പറയുന്ന ഇനത്തിന്റെ വാർഷികകണക്ക് പ്രകാരമുള്ള വരവ്, ഡി.സി.ബി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം. | വാർഷികകണക്ക് പ്രകാരമുള്ള വരവ്. | ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വരവ്. | വ്യത്യാസം. |
|---|---|---|---|
| Entertainment Tax | 2646128 | 2781983 | 135855 |
| Rent From Civic Amenities (Current) | 8768508 | 8489643 | 278865 |
| Rent From Civic Amenities (Arrear) | 611556 | 361676 | 249880 |

## 1-1-5 ഡി.സി.ബി രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സൂക്ഷിക്കാത്തതിനാൽ വാർഷികകണക്ക് പ്രകാരമുള്ള വരവിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

താഴെ പറയുന്ന ഇനങ്ങളുടെ ഡി.സി.ബി രജിസ്റ്ററുകളിൽ സംക്ഷിപ്തം എഴുതി സൂക്ഷിക്കാത്തതിനാൽ വാർഷികകണക്ക് പ്രകാരമുള്ള വരവിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

| ഇനം. | വാർഷികകണക്ക് പ്രകാരമുള്ള വരവ്. |
|---|---|
| Rent From Town Hall | 176000 |
| Private Hospital & Paramedical Registration Fee | 10700 |
| Tutorial Registration Fee | 6700 |

## 1-1-6 അഡ്വാൻസ് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തൽ നടത്തിയിട്ടില്ല.

വാർഷികകണക്കിലെ B-18 ഷെഡ്യൂൾ പ്രകാരം Loans Advances And Deposits ഇനത്തിൽ 3,09,64,344/-രൂപ ബാലൻസ് ഉണ്ട്. എന്നാൽ ഇതിൽ Miscellaneous Advance, Festival Advance എന്ന ഇനങ്ങളിൽ ഒഴികെ മറ്റ് ഹെഡുകളിലെ ബാലൻസ് തുകയുടെ കൃത്യത പരിശോധിക്കുന്നതിന് ആവശ്യമായ രേഖപ്പെടുത്തൽ അഡ്വാൻസ് രജിസ്റ്ററിൽ നടത്തിയിട്ടില്ല.

## 1-1-7 ലോൺ രജിസ്റ്റർ -ആവശ്യമായ വിവരങ്ങൾ ചേർത്തിട്ടില്ല.

PMAY പദ്ധതിക്കായി എടുത്തിട്ടുള്ള വായ്പയിൽ (From KURDFC ) 2,12,66,666/-രൂപ തിരിച്ചടവ് ബാക്കിയുണ്ട്. എന്നാൽ ഇതിന്റെ കൃത്യത പരിശോധിക്കാനാവശ്യമായ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

## 1-1-8 ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

വാർഷികകണക്കിലെ ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂൾ പ്രകാരം പ്രകാരം 11,75,94,947/-രൂപ ബാലൻസ് ഉണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. വിശദ വിവരങ്ങൾ ഖണ്ഡിക 1-18 ൽ ചേർക്കുന്നു.

## 1-1-9 തൊഴിലുറപ്പ് പദ്ധതി-വരവ് ചെലവുകൾ വാർഷികകണക്കിൽ ചേർത്തിട്ടില്ല.

തൊഴിലുറപ്പ് പദ്ധതി - അഡ്മിനിസ്ട്രേഷൻ, തൊഴിലാളികൾക്കുള്ള കൂലി എന്നിവ സംബന്ധിച്ച് വരവ് ചെലവുകൾ വാർഷികകണക്കിൽ ചേർത്തിട്ടില്ല.

## 1-1-10 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

നഗരസഭയുടെ മുഴുവൻ ആസ്തികളുടെയും മൂല്യം കണക്കാക്കി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-1-11 തനത്ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള ഗ്രാന്റുകൾക്ക് എ സി ആർ സൂക്ഷിച്ചിട്ടില്ല.

തനത്ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള ഗ്രാന്റുകൾക്ക് വ്യക്തമായ വിവരങ്ങൾ രേഖപ്പെടുത്തി എ.സി.ആർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ തുകകളുടെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

## 1-1-12 സ്ഥിര നിക്ഷേപം- അപാകതകൾ.

1). The Malappuram District Panchayat Employees Co-Op. Society Ltd ന്റെ 5000രൂപ മൂല്യമുള്ള ഷെയർ 352/19.06.2001 നമ്പർ സർട്ടിഫിക്കറ്റ് ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, വാർഷികകണക്ക് എന്നിവയിൽ ഇത് ഉൾപ്പെട്ടിട്ടില്ല.
2). 2016-17 വർഷത്തിൽ സബ് ട്രഷറി കോട്ടക്കലിൽ നിക്ഷേപിച്ച തുകകൾക്ക് പലിശ ഇനത്തിലുള്ള വരവ് വാർഷികകണക്കിൽ വരവ് വെച്ചിട്ടില്ല.

വിശദ വിവരങ്ങൾ ഖണ്ഡിക-1-17 ൽ ചേർക്കുന്നു.

## 1-2 ബജറ്റ്.

| 2022-23 ലെ ബജറ്റ് പാസാക്കിയ തിയ്യതി. | 2022-23 ലെ ബജറ്റ് പുതുക്കിയ തിയ്യതി. |
|---|---|
| 30.03.2022 തിയ്യതിയിലെ തീരുമാനം നമ്പർ (1). | 20.03.2023 ലെ തീരുമാനം നമ്പർ (1). |

## 1-3 സാമ്പത്തിക വിശകലനം.

| ഇനം. | 2022-23 സാമ്പത്തിക വർഷത്തെ തുക (₹). |
|---|---|
| മുന്നിരിപ്പ് | 89338741.97 |
| വരവ് | 331506729 |
| ആകെ | 420845470.97 |
| ചെലവ് | 310727323 |
| നീക്കിയിരിപ്പ് | 110118147.97 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| വികസന ഫണ്ട് | 0 | 27476386 | 27476386 | 26101961 | 1374425 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 4915000 | 4915000 | 4005000 | 910000 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 12427000 | 12427000 | 1002805 | 11424195 |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 0 | 12282000 | 12282000 | 7264447 | 5017553 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 0 | 8896128 | 8896128 | 16271177 | -7375049 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 17668337 | 17668337 | 21661839 | -3993502 |
| ബി. ഫണ്ട് | 0 | 60743580 | 60743580 | 60743580 | 0 |

## 1-4-1 ഗ്രാന്റ് വിനിയോഗം പത്രിക

വികസനഫണ്ട് (ജനറൽ) ഗ്രാന്റ് ഇനത്തിൽ ചെലവ് ACR, AFS എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഗ്രാന്റ് ഇനം | ACR പ്രകാരം | AFS (RP-6)പ്രകാരം | AFS (I-6) പ്രകാരം |
|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 26101961 | 25401961 | 28999695 |

## 1-5 പദ്ധതി അവലോകനം

**ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.**

| അംഗീകാരം ലഭിച്ചത്. | പദ്ധതി അടങ്കൽ. (₹) | നടപ്പാക്കിയത്. | പദ്ധതി ചെലവ് (₹). | ഭാഗികമായി നടപ്പാക്കിയത്. | നടപ്പാക്കാത്തവ. | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം. |
|---|---|---|---|---|---|---|
| 260 | 406206128 | 113 | 130749355 | 0 | 147 | 43.4% |

**പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ.**

ഇല്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി.

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| ഭരണ ചെലവുകൾ. | 4379649 | 0 | 4379649 | 4366106 | 13543 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്. | | ലഭ്യമല്ല. | ലഭ്യമല്ല. | ലഭ്യമല്ല. | |

കുറിപ്പ്.

തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ചുള്ള വരവ് ചെലവ് കണക്കുകൾ സെക്ഷനിൽ നിന്ന് ലഭ്യമായിട്ടില്ല. അഡ്മിനിസ്ട്രേഷൻ, തൊഴിലാളികൾക്കുള്ള കൂലി എന്നിവ സംബന്ധിച്ച് വരവ് ചെലവുകൾ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-7 ക്ഷേമ പദ്ധതികൾ.

തൻവർഷം മുനിസിപ്പാലിറ്റി നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | ചെലവഴിച്ച തുക (₹). | ഗുണഭോക്താക്കളുടെ എണ്ണം. |
|---|---|---|

| | | |
|---|---|---|
| തൊഴിൽ രഹിത വേതനം. | 2880 | 2 |
| കർഷക തൊഴിലാളി പെൻഷൻ. | 715200 | 37 |
| വിധവ പെൻഷൻ. | 16964600 | 883 |
| വാർദ്ധക്യകാല പെൻഷൻ. | 34372000 | 1785 |
| വികലാംഗ പെൻഷൻ. | 83,35,300 | 523 |
| വിവാഹ ധനസഹായം. | 60,000 | 2 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ. | 393600 | 20 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.01.2024 ന് 2.30 Pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. ക്യാഷ് ചെസ്റ്റിൽ സൂക്ഷിച്ചിരുന്ന 198707/- രൂപയുടെ ആധികാരികത ഡേ ബുക്ക്, പെറ്റി ക്യാഷ് ബുക്ക് എന്നിവ പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. തെരുവ് വിളക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട് കൃത്യമായ വിവരം രേഖപ്പെടുത്തി റജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.
2. വർഷങ്ങൾക്ക് മുമ്പ് ഏറ്റെടുത്ത പല പദ്ധതികളും ഇപ്പോഴും പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല.
ഉദാ: - വലിയ പറമ്പ് ഇൻഡോർ സ്റ്റേഡിയം നിർമ്മാണം, ആധുനിക മാർക്കറ്റ് നിർമ്മാണം, രാത്രികാല അഭയകേന്ദ്ര നിർമ്മാണം.
3. തനത് ഫണ്ട് ഇനത്തിൽ വൻ തുക വാർഷിക പദ്ധതിയിലുൾപ്പെടുത്തുന്നു. എന്നാൽ ഫണ്ടിന്റെ ലഭ്യതക്കുറവ് മൂലം ചെലവ് ചെയ്യാൻ സാധിക്കാതെ വരുന്നു. 2022-23 വാർഷിക പദ്ധതിയിൽ 5.61 കോടി രൂപ തനത് ഫണ്ട് വകയിരുത്തിയതിൽ 1 കോടി രൂപ മാത്രമാണ് ചെലവഴിക്കാൻ സാധിച്ചത്.
4. പൂർത്തീകരിച്ച വർക്കുകളിൽ കരാറുകാർക്ക് പണം നൽകാനാവാത്ത സാഹചര്യം സംജാതമായിട്ടും തുടർന്നും തനത് ഫണ്ട് വകയിരുത്തി വർക്കുകൾ ഏറ്റെടുക്കുന്നു.
5. പൂർത്തീകരിച്ച ബസ് സ്റ്റാന്റ് കടമുറികൾ ലേലം ചെയ്ത് കൈമാറാത്തതിനാൽ വാടകയിനത്തിൽ വൻ നഷ്ടം വരുന്നു.
6. മരാമത്ത് മേഖലയിൽ വളരെയധികം പ്രോജക്ടുകൾ ഏറ്റെടുക്കുന്നു. ഭൂരിഭാഗവും നടപ്പാക്കാതെ വരുന്നു.
7. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കുന്നില്ല. ഫലപ്രദമായ മോണിറ്ററിംഗ് നടക്കുന്നില്ല.

## 1-10 മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ്. | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി. | ഓഡിറ്റ് കാലയളവ്. | റിപ്പോർട്ട് ലഭിച്ച തിയ്യതി. |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 03.06.2015 | 2013-14 മുതൽ 2014-15വരെ | 01.07.2015 |
| എ.ജി ഓഡിറ്റ് | 07.06.2023 മുതൽ 01.07.2023 വരെ | 2018-19 മുതൽ 2022-23 വരെ | 08.11.2023 |

## 1-11 തനത് വരുമാന സമാഹരണം- അവലോകനം

ആറാം സംസ്ഥാന ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരവും, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023ലെ ഡി.കെ.എസ്.എ.3683/എസ്.എസ്.3/2019 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകിക്കൊണ്ട് നടത്തിയ പരിശോധന പ്രകാരം ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

**ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം**

ഓഡിറ്റ് വർഷത്തിൽ 20 തവണ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്. വരവ് ചെലവ് കണക്ക് അംഗീകാരം, വേക്കൻസി റെമിഷൻ, പൊളിച്ചുകളയുന്ന കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ, സെക്രട്ടറിയുടെയും മറ്റു സ്ഥാപനങ്ങളുടെയും പദ്ധതിയേതര ചെലവുകളുടെ അംഗീകാരം, ബജറ്റ് ഭേദഗതി അംഗീകാരം എന്നിവയാണ് പ്രധാന അജണ്ടയായി ചർച്ച ചെയ്തിട്ടുള്ളത്. കുടിശ്ശിക പിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ടോ പുതിയ തനത് വരുമാന മേഖലകൾ സംബന്ധിച്ചോ നിർദ്ദേശങ്ങൾ കമ്മിറ്റിയിൽ അവതരിപ്പിച്ചിട്ടില്ല.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി സ.ഉ (കൈ) നം. 117/2022/എൽ.എസ്.ജി.ഡി, തീയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നം. 2 പ്രകാരം എല്ലാ പ്രാദേശിക സർക്കാരുകളും നികുതിവരുമാനത്തിന്റെയും ഡി.സി.ബി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് നടപടികളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ ഭരണസമിതിയോ കൈക്കൊണ്ടതായി കാണുന്നില്ല.

**വസ്തുനികുതി**

സ.ഉ(കൈ)നം.77/2023/LSGD തീയതി.22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.2023 തീയതിയിലെ LSGD/ PD/20073/2023-REV2 നമ്പർ കത്ത് പ്രകാരം വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കോട്ടക്കൽ നഗരസഭ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1). നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

2). നിലവിലുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്ന അന്തിമ തീരുമാനം എടുക്കുന്നതിനു മുന്നോടിയായി അതിന്റെ ഉദ്ദേശത്തെ സംബന്ധിച്ചും നികുതി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയും നിരക്കുകളും കാണിച്ചു കൊണ്ടും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ട് പ്രാഥമിക വിജ്ഞാപനം 27.08.2023 തീയതിയിൽ പരസ്യപ്പെടുത്തിയിരുന്നു.

3). സ.ഉ (അച്ചടി) നം. 26/2023/എൽ.എസ്.ജി.ഡി, തിയ്യതി 05.04.2023 ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കുകൾക്ക് വിധേയമായി കെട്ടിടങ്ങൾക്ക് അവയുടെ ഉപയോഗ ക്രമത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ 30.09.23 ലെ 2നമ്പർ ഭരണസമിതി തീരുമാനപ്രകാരമാണ് അന്തിമമാക്കിയിട്ടുള്ളത്.

4). സേവന ഉപനികുതി സംബന്ധിച്ചും നഗരസഭാ പ്രദേശത്തെ വിവിധ മേഖലകളുടെ തരം തിരിവു സംബന്ധിച്ചും വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

5).മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തിയിട്ടില്ല.

6). വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തിലോ വരുത്തുന്ന മാറ്റം യഥാസമയം രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമക്ക് 2023 മെയ് 15 നകം ഫോറം 9 B ഉപയോഗിച്ച് ഓൺലൈനായോ നേരിട്ടോ അറിയിക്കാവുന്നതാണ്. നഗരസഭയിൽ ഇപ്രകാരം 1074 അപേക്ഷകൾ ലഭിച്ചതിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 ന് മുമ്പായി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കേണ്ടതായിരുന്നുവെങ്കിലും നാളിതു വരെ പൂർത്തീകരിച്ചിട്ടില്ല. നഗരസഭയിൽ കെട്ടിടങ്ങളുടെ ശരിയായ വിവരം സംബന്ധിച്ച ഫീൽഡ് പരിശോധന GIS Mapping മുഖേന പൂർത്തിയായി വരുന്നതായി അറിയിച്ചിട്ടുണ്ട്. വസ്തുനികുതി പുനർനിർണ്ണയ ജോലികൾ നടത്തുന്നതിന് നിലവിൽ സോഫ്റ്റ് വെയറിൽ ആവശ്യമായ സൗകര്യം ലഭ്യമായിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്.

വസ്തുനികുതിയിനത്തിൽ 2022-23 സാമ്പത്തികവർഷം 77,14,512/- രൂപ കുടിശ്ശികയായി ഈടാക്കാൻ അവശേഷിക്കുന്നുണ്ട്. ആയത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**സേവന ഉപനികുതി**

വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് 2011 ലെ കേരള മുനിസിപ്പാലിറ്റി വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26, 27 എന്നിവ പ്രകാരം താഴെ ചേർത്തിരിക്കുന്ന പ്രകാരം സേവനഉപനികുതി ഏർപ്പെടുത്താൻ നഗരസഭ തീരുമാനിച്ചിട്ടുണ്ട്

| സേവനം. | ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി. |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |
| ജല വിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

**തൊഴിൽ നികുതി.**

നഗരസഭയിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1). 2005ലെ മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം ഏതെങ്കിലും ഓഫിസിലോ, കമ്പനിയിലോ, ഫേമിലോ, സംരഭത്തിലോ, എസ്റ്റാബ്ലിഷ്മെന്റിലോ, സ്ഥാപനത്തിലോ, ശമ്പളത്തിനോ വേതനത്തിലോ നിയമിക്കപ്പെടുകയോ അതിൽ തൊഴിലെടുക്കുകയോ ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന തൊഴിൽ നികുതി നൽകാൻ ബാധ്യസ്ഥനായ വ്യക്തികളിൽ നിന്ന് 1994ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 252,253,254,256 വകുപ്പുകളിൽ പറഞ്ഞിട്ടുള്ള നടപടിക്രമമനുസരിച്ച് ഓഫീസ് മേധാവി അല്ലെങ്കിൽ തൊഴിലുടമ മുഖേനയോ 3-ാം ചട്ടത്തിലെ (1)-ാം ഉപചട്ടത്തിൽ പറയുന്ന നിരക്കിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. നഗരസഭപരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ വിവരങ്ങൾ നഗരസഭയിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടെങ്കിലും നഗരസഭയിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കിയിട്ടില്ല. (പാരാ മെഡിക്കൽ ലൈസൻസ് എടുത്ത സ്ഥാപനങ്ങളിലെ ജീവനക്കാരുടേയും ട്യൂട്ടോറിയൽ ലൈസൻസ് എടുത്ത സ്ഥാപനങ്ങളിലെ ജീവനക്കാരുടേയും തൊഴിൽ നികുതി അടവാക്കാത്തതുമായി ബന്ധപ്പെട്ട പരാമർശം ഖ 1-12 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.). തൊഴിൽ നികുതി കുടിശ്ശിക വരുത്തിയവരുടെ വിവരങ്ങൾ രേഖപ്പെടുത്തി കുടിശ്ശിക രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കുടിശ്ശിക മുഴുവനായി ഈടാക്കിയിട്ടില്ല.

2). സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം റേഷൻ കടകളിൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ നഗരസഭ ഈടാക്കുന്നില്ല.

നഗരസഭാ പരിധിയിലുള്ള തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ് . തൊഴിൽ നികുതിയിനത്തിൽ 2022-23 സാമ്പത്തികവർഷം 197936/- രൂപ കുടിശ്ശികയായി ഈടാക്കാൻ അവശേഷിക്കുന്നുണ്ട്. കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കുതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**വാടക.**

വാടക രജിസ്റ്റർ പ്രകാരം 2022-23 സാമ്പത്തിക വർഷം നഗരസഭയുടെ ഉടമസ്ഥതയിലുള്ള 297 റൂമുകൾ വാടകക്ക് നൽകുന്നുണ്ട്.അതിൽ തന്നെ പല റൂമുകളുടെയും വാടകയിനത്തിൽ വലിയ തുക കുടിശ്ശിക നിൽക്കുന്നു. 2023-24 സാമ്പത്തിക വർഷം പണി പൂർത്തീകരിച്ച ബസ് സ്റ്റാന്റ് കെട്ടിടത്തിൽ ധാരാളം റൂമുകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്. അവ ലേലം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വാടകപിരിവുമായി ബന്ധപ്പെട്ട പരാമർശം ഖ- 1-20 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

വാടകയിനത്തിൽ 2022-23 സാമ്പത്തികവർഷം 4680223/- രൂപ കുടിശ്ശികയായി ഈടാക്കാൻ അവശേഷിക്കുന്നുണ്ട്. കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കുതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ലൈസൻസ് ഫീസ്.**

നഗരസഭാ പരിധിയിലെ വ്യാപാര സ്ഥാപനങ്ങൾ വാർഡടിസ്ഥാനത്തിൽ ഉൾപ്പടുത്തി ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നുണ്ടെങ്കിലും പുതുതായി ആരംഭിക്കുന്ന സ്ഥാപനങ്ങൾ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. അതു കൊണ്ടു തന്നെ മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തു തന്നെയാണോ പ്രവൃത്തിക്കുന്നത് എന്ന് ഉറപ്പുവരുത്താൻ കഴിയുന്നില്ല. ആയതിനാൽ ഫീൽഡ് തല പരിശോധന നടത്തി നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാര-വ്യവസായ സ്ഥാപനങ്ങളെ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കേണ്ടതും മുഴുവൻ സ്ഥാപനങ്ങളും ലൈസൻസെടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

ലൈസൻസ് ഫീസിനത്തിൽ 2022-23 സാമ്പത്തിക വർഷം 11,610/- രൂപ കുടിശ്ശികയായി ഈടാക്കാൻ അവശേഷിക്കുന്നുണ്ട്. കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**വിനോദനികുതി.**

നഗരസഭാ പരിധിയിൽ 3 തീയേറ്ററുകളിൽ നിന്നും നിലവിൽ വിനോദ നികുതി ഈടാക്കുന്നുണ്ട്.

**മറ്റിനങ്ങൾ.**

1). ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ/ആശുപത്രികൾ, പാരാ മെഡിക്കൽ സ്ഥാപനങ്ങൾ എന്നിവ ചട്ട പ്രകാരം ഉള്ള ഫീസ് ഈടാക്കി രജിസ്ട്രേഷൻ എടുത്തു/പുതുക്കി എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

2). നഗരസഭയിലെ കാലഹരണപ്പെട്ട ആസ്തികൾ, പാഴ്‌വസ്തുക്കൾ എന്നിവയുടെ ലേലം യഥാസമയം നടത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ- അവലോകനം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡിപ്പോസിറ്റ് ചെയ്യുകയാണ് ചെയ്തുവരുന്നത്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡിപ്പോസിറ്റ് തുക പൂർണമായോ പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച്ച വരുത്തുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികൾക്ക് മുൻകൂർ നൽകിയ തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ടോ എന്ന് പരിശോധനക്ക് വിധേയമാക്കലാണ് ഈ അവലോകനത്തിന്റെ ലക്ഷ്യം. 2012-13 മുതൽ 2021-22 വരെയുള്ള കാലയളവുകളിലെ ഈ വകുപ്പ് പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകൾ, പ്ലാൻ മോണിറ്ററിംഗ് സോഫ്റ്റ്‌വെയറിൽ (സുലേഖ) നിന്നുള്ള വിവരങ്ങൾ എന്നിവ അടിസ്ഥാനമാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ഓഡിറ്റ് എൻക്വയറി [എൻക്വയറി നമ്പർ -8/18.1.2024] നൽകുകയും, ആയതിന് സ്ഥാപനം 22.7.2023 ന് ലഭ്യമാക്കിയ മറുപടി പരിശോധിക്കുകയും ചെയ്താണ് അവലോകനം തയ്യാറാക്കിയിട്ടുള്ളത്. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ഭൂജല വകുപ്പ്, കേരള വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങൾ ഈ കാലയളവിൽ മുൻകൂറായി കൈപറ്റിയ തുകകളിൽ 49,50,488 രൂപ വിവിധ തിയതികളിലായി നഗരസഭയ്ക്ക് തിരികെ നൽകിയതായി അറിയിച്ചിട്ടുണ്ട്. ആയതിൽ പ്ലാൻ ഫണ്ട് വിഹിതം സർക്കാരിലേക്ക് തിരിച്ചടവാക്കേണ്ടതാണ്.

ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിൽ മുൻകൂർ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി പരിശോധനയിൽ ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.നം | പ്രൊജക്ട് നം | പ്രൊജക്ട് പേര് | സാമ്പത്തിക വർഷം | ഏജൻസി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരം) | ചെലവഴിക്കാൻ അവശേഷിക്കുന്ന / ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|
| 1 | 233 | സമ്പൂർണ്ണ വൈദ്യുതീകരണം | 2016-17 | കെ.എസ്.ഇ.ബി. | 581334 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | **581334** |
| 2 | 389 | ആലിക്കൽ ആലിൻചുവട് കുടി വെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | **2017-18** | കേരളാ വാട്ടർ അതോറിറ്റി | 20,00,000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 20,00,000 |
| 3 | 391 | നെല്ലിക്കാംപറമ്പ് ചാരിറ്റബിൽ ആശുപത്രിയിലേക്ക് പൈപ്പ് ലൈൻ നീട്ടൽ | | കേരളാ വാട്ടർ അതോറിറ്റി | 36,00000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 36,00000 |
| 4 | 392 | നഗരസഭയിലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 2017-18 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 18,97,400 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 18,97,400 |

| | | | | | | | |
|---|---|---|---|---|---|---|---|
| 5 | 268 | നഗരസഭയിലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 2019-20 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 35,76,196 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 35,76,196 |
| 6 | 286 | അങ്കണവാടികളിൽ കുഴൽ കിണർ നിർമ്മാണം | | ഭൂജല വകുപ്പ് | 3,87,025 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 3,87,025 |
| 7 | 86 | ബസ്സ് സ്റ്റാന്റിന് അടുത്തുള്ള ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കൽ | 2020-21 | കെ.എസ്.ഇ.ബി. | 8,93,105 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 8,93,105 |
| 8 | 87 | നഗരസഭയിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ | 2020-21 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 8,42,022 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 8,42,022 |
| 9 | 168 | ഈനിക്കൽ ചിറ പുനരുദ്ധാരണം | 2020-21 | ചെറുകിട വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ലജലസേചന വകുപ്പ് | 23,75000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 23,75000 |
| 10 | 225 | മരവട്ടം പാടശേഖരത്തിൽ തടയണ/ ബണ്ട് നിർമ്മാണം | | ചെറുകിട ജലസേചന വകുപ്പ് | 11,60000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 11,60000 |
| 11 | 237 | കുറ്റപ്പൊളി ചിറതോട് സൈഡ് കെട്ടലും റിപ്പയറിംഗും | | ചെറുകിട ജലസേചന വകുപ്പ് | 19,00000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 19,00000 |
| 12 | 59 | നഗരസഭയിലെ മുഴുവൻ വാർഡുകളിലും ചെറുകിട കുടിവെള്ള പദ്ധതികൾ സ്ഥാപിക്കൽ | 2021-22 | ഭൂജല വകുപ്പ് | 1,00,00,000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 1,00,00,000 |
| 13 | 372 | നഗരസഭയിലെ മുഴുവൻ വാർഡുകളിലും കഴൽ കിണർ റിപ്പയർ ചെയ്ത് വാട്ടർ കിയോസ്ക് ആക്കി മാറ്റൽ | | ഭൂജല വകുപ്പ് | 30,00000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 30,00000 |
| | | ആകെ | | | **3,22,12,082** | | **3,22,12,082** |

മേൽ പ്രവൃത്തികളിലായി **3,22,12,082** രൂപ വിനിയോഗ സാക്ഷ്യപത്രം ലഭിക്കാതെ വിവിധ ഏജൻസികളിൽ അവശേഷിക്കുന്നുണ്ട്. ആയത് പ്രോജക്ട് പ്രകാരമുള്ള പ്രവൃത്തികൾക്ക് വിനിയോഗിച്ചതിന്റെ വിവരം അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക തിരികെ ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതും, പ്ലാൻ ഫണ്ട് വിഹിതം സർക്കാറിലേക്ക് തിരിച്ചടക്കേണ്ടതുമാണ്.

## 1-13 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1). നഗരസഭയിൽ പാരാമെഡിക്കൽ ലൈസൻസ് എടുത്ത താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപനം | ജീവനക്കാരുടെ എണ്ണം | കാലയളവ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 1 | കുറ്റിപ്പുറം ക്ലിനിക് & ഫാർമസി | 2 | I & II |
| 2 | 2 | അൽമാസ് ആയുർവേദ ഹോസ്പിറ്റൽ, കോട്ടക്കൽ | 7 | I & II |
| 3 | 3 | സൈമൽ പോളി ഡെന്റൽ ക്ലിനിക്, ചങ്കുവെട്ടി | 2 | I & II |
| 4 | 8 | നൻമ ലാബ്, കോട്ടക്കൽ | 5 | I & II |
| 5 | 9 | കോട്ടക്കൽ ആയുർ ഫിദ | 4 | I & II |
| 6 | 10 | അൽഷിഫ ആയുർവേദ ഹോസ്പിറ്റൽ, ചങ്കുവെട്ടി | 2 | I & II |
| 7 | 12 | അൽമാസ് ഐ ക്ലിനിക്, കോട്ടക്കൽ | 6 | I & II |
| 8 | 13 | അൻജൽ ഹിയറിംഗ് കെയർ പ്രൈവറ്റ് ലിമിറ്റഡ്, ചങ്കുവെട്ടി | 2 | I & II |
| 9 | 14 | ഡോ. നിസാർ ഗ്ലോബൽ സ്കാൻ, ചങ്കുവെട്ടി | 6 | I & II |
| 10 | 17 | അതിഥി കോട്ടക്കൽ ആയുർവേദ ക്ലിനിക് | 4 | I & II |
| 11 | 19 | മെഡിലാബ് ഡയഗ്നോസ്റ്റിക് സെന്റർ, കോളേജ്പടി | 2 | I & II |
| 12 | 20 | ആയുർവൈദ്യാസ് ആയുർവേദ ക്ലിനിക് & ഫാർമസി | 2 | I & II |
| 13 | 23 | കെ എം സി കോട്ടൂർ | 4 | I & II |
| 14 | 25 | ഫാത്തിമ ഡെന്റൽ ക്ലിനിക്, ഇന്ത്യനൂർ | 2 | I & II |
| 15 | 27 | ഹോമിയോ കെയർ, ഇന്ത്യനൂർ | 2 | I & II |

| | | | | |
|---|---|---|---|---|
| 16 | 29 | ഖദീജ ഡെന്റൽ ക്ലിനിക് | 2 | I & II |
| 17 | 30 | കെ എച്ച് എം സി, കോട്ടക്കൽ | 2 | I & II |
| 18 | 33 | സൈമ യുനാനി ക്ലിനിക് & ഹൈജാമ സെന്റർ | 3 | I & II |
| 19 | 34 | എലിസിയൻ ഡെന്റൽ ക്ലിനിക്, കോട്ടക്കൽ | 4 | I & II |
| 20 | 36 | ജീനോ ബയോ റിസർച്ച് സെന്റർ | 2 | I & II |
| 21 | 38 | മലബാർ ഡെന്റൽ സ്പെഷാലിറ്റി ക്ലിനിക്, കോട്ടക്കൽ | 2 | I & II |
| 22 | 41 | ഷാന ലബോറട്ടറി & ഇ സി ജി, മില്ലുംപടി | 2 | I & II |
| 23 | 42 | ഡി കെയർ ഡെന്റൽ ക്ലിനിക് | 3 | I & II |
| 24 | 44 | ഷിഫ ഡെന്റൽ ക്ലിനിക് | 2 | I & II |
| 25 | 45 | മോഡേൺ മൾട്ടി സ്പെഷാലിറ്റി ഡെന്റൽ ക്ലിനിക് | 4 | I & II |
| 26 | 47 | കെ എം എസ് മർമ ചികിൽസാലയം | 3 | I & II |
| 27 | 49 | പറപ്പൂർ ഡെന്റൽ കെയർ, കോട്ടക്കൽ | 4 | I & II |
| 28 | 54 | സൈമ യുനാനി വുമൻ & മെൻ കെയർ | 3 | I & II |
| 29 | 57 | ഡോ. റൂത്ത് ഫാമിലി ഡെന്റൽ കെയർ | 4 | I & II |
| 30 | 61 | സുധർമ്മ സ്പെഷാലിറ്റി ലാബ് | 2 | I & II |
| 31 | 62 | കോട്ടക്കൽ ഡെന്റൽ കെയർ സെന്റർ | 2 | I & II |
| 32 | 63 | ബെസ്റ്റ് മെഡിക്കൽ ലബോറട്ടറി | 2 | I & II |

| | | | | |
|---|---|---|---|---|
| 33 | 65 | കുറിഞ്ഞിക്കൽ വൈദ്യശാല | 2 | I & II |
| 34 | 66 | അൽഷാഫി ആയുർവേദ ഹോസ്പിറ്റൽ | 9 | I & II |
| 35 | 67 | ആയുർ ആരോഗ്യം സ്പാ സെന്റർ | 6 | I & II |
| 36 | 70 | ഹെയർ ട്രീ ഹെയർ ട്രാൻസ് പ്ലാന്റേഷൻ | 3 | I & II |
| 37 | 72 | അപ്പോളോ ഐ ഹോസ്പിറ്റൽ | 2 | I & II |
| 38 | 75 | ഡോ ബിന്ദു സ്കിൻ ലേസർ അസ്തെറ്റിക് സെന്റർ | 4 | I & II |

2). നഗരസഭയിൽ ട്യൂട്ടോറിയൽ ലൈസൻസ് എടുത്ത താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപനം | ജീവനക്കാരുടെ എണ്ണം | കാലയളവ് |
|---|---|---|---|---|
| 1. | 2 | ബ്രില്ല്യൻസ് സേഫ്റ്റി ട്രയിനിംഗ് അക്കാദമി & കൺസൾട്ടൻസി | 6 | I & II |
| 2. | 3 | ഡി എൻ എ മെഡിക്കൽ അക്കാദമി | 4 | I & II |
| 3 | 5 | IBAT, കോട്ടക്കൽ | 6 | I & II |
| 4 | 6 | ബെൽഫോർഡ് ഇന്റർനാഷണൽ | 4 | I & II |
| 5 | 7 | കോട്ടക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മൊബൈൽ ഫോൺ ടെക്നോളജി | 2 | I & II |
| 6 | 9 | ബിസി 2050 ടെക്നോളജീസ് എൽ എൽ പി | 4 | I & II |
| 7 | 10 | ഉലാറേഷ്യോ തെക്കുലിനറി അക്കാദമി | 6 | I & II |
| 8 | 15 | സ്പെഷൽ അക്കാദമി | 2 | I & II |
| 9 | 16 | സിയറ്റ് സ്കൂൾ ഓഫ് ഫാഷൻ ഡിസൈനിംഗ് | 2 | I & II |

| | | | | |
|---|---|---|---|---|
| 10 | 17 | ഗ്ലോബുലസ് മൊബൈൽ ഫോൺ ഇൻസ്റ്റിറ്റ്യൂട്ട് | 8 | I & II |
| 11 | 18 | ഇന്റർനാഷണൽ അക്കൗണ്ടിംഗ് സ്റ്റഡി സെന്റർ | 3 | I & II |
| 12 | 19 | ഇഗ്ളൂ ആനിമേഷൻ അക്കാദമി | 4 | I & II |
| 13 | 20 | ലീഡേഴ്സ് ഫിറ്റ്നെസ് അക്കാദമി | 6 | I & II |
| 14 | 22 | പെർഫെക്ട് ആർട്ട് ഓഫ് ടെക്നിക്കൽ കോളേജ് | 2 | I & II |
| 15 | 24 | വിഷൻ പി എസ് സി | 2 | I & II |
| 16 | 25 | സിഗ്നെറ്റ് അക്കാദമി | 8 | I & II |
| 17 | 26 | ചാണക്യ ഐ എ എസ് | 3 | I & II |
| 18 | 27 | സെന്റർ ഫോർ എപ്ലോയ്മെന്റ് & എഡ്യുക്കേഷണൽ ഗൈഡൻസ് | 2 | I & II |
| 19 | 28 | കോട്ടക്കൽ ആയുർവേദ അക്കാദമി | 12 | I & II |
| 20 | 31 | ഗോ എഹഡ് ഇന്റർനാഷണൽ | 7 | I & II |
| 21 | 32 | റാഡിക്സ് മൊബൈൽ ഫോൺ ഇൻസ്റ്റിറ്റ്യൂട്ട് | 2 | I & II |
| 22 | 33 | ഐ റ്റി പി സി ഐ റ്റി ഇൻസ്റ്റിറ്റ്യൂഷൻ | 4 | I & II |

3). പട്ടിക 1, 2 ൽ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

അപാകത കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (33/22.01.2024) മേൽ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും സ്ഥാപനത്തിന്റേയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്നും ഡിമാന്റ് ചെയ്ത് ഈടാക്കാമെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കാനവശേഷിക്കുന്നു.

നഗരസഭയിലെ താഴെ കൊടുത്തിരിക്കുന്ന മൊബൈൽ ടവറുകൾക്കുള്ള വസ്തു നികുതി അവക്ക് നേരെ കാണിച്ചിട്ടുള്ള കാലയളവിൽ ഈടാക്കാൻ അവശേഷിക്കുന്നതായി കാണുന്നു.

| ക്രമ.നം | ഡോർ | മൊബൈൽ കമ്പനി | കാലയളവ് | ആകെ |
|---|---|---|---|---|

| | നമ്പർ | | | കുടിശ്ശിക (LC ഉൾപ്പടെ) |
|---|---|---|---|---|
| 1 | 3/30/A | റിലയൻസ് ഇൻഫ്രാടെൽ പ്രൈവറ്റ് ലിമിറ്റഡ് | 2015-2016 മുതൽ 2018-19 വരെ, 2022 (2-ാം അർദ്ധവർഷം) | 96054 |
| 2 | 3/510/A | ഭാരത് സെല്ലുലാർ | 2016-17(2-ാം അർദ്ധവർഷം) മുതൽ 2022-23 വരെ | 94112 |
| 3 | 5/253/F | എസ്സാർ ടെലകോം | 2013-14 മുതൽ 2022-23 വരെ | 118062 |
| 4 | 5/299/B | ബി.എസ്.എൻ.എൽ | 2013-14 മുതൽ 2022-23വരെ | 262602 |
| 5 | 18/143/B | ടവർ വിഷൻ ഇന്ത്യ | 2021-22 മുതൽ 2022-23 വരെ | 28523 |

കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (52/24.01.2024) മറുപടി ലഭ്യമായിട്ടില്ല. വസ്തു നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-15 ബാങ്കിൽ നിക്ഷേപിച്ച ചെക്കുകളിന്മേൽ പണം മാറി നൽകിയിട്ടില്ല.

2022-23 ലെ ബാങ്ക് റിക്കൺസിലിയേഷൻ പത്രിക പരിശോധിച്ചതിൽ, നിക്ഷേപിച്ച ചെക്കുകൾ പലതും ക്ലിയർ ആവാത്തതിനാൽ പണം ബാങ്കിൽ ക്രഡിറ്റ് ആയിട്ടില്ല എന്ന് കണ്ടു. ഇത്തരം ചെക്കുകളുടെ വിവരം താഴെ ചേർക്കുന്നു.

1). കോട്ടക്കൽ സർവ്വീസ് സഹകരണ ബാങ്ക്.

| ചെക്ക് നമ്പർ | തുക | റിമാർക്ക്സ് |
|---|---|---|
| 120699/30.05.2013 | 3289 | Mahinda Ldt |
| 150850/25.09.2013 | 340 | Profession Tax |
| 0001973/07.02.2017 | 3420 | Profession Tax |
| 003546/13.03.2017 | 1250 | Profession Tax |
| 285420/22.05.2018 | 1250 | Profession Tax |
| 5280940/26.05.2020 | 1250 | Profession Tax |

2). ഐ.സി.ഐ.സി.ഐ കോട്ടക്കൽ.

| ഡി.ഡി നമ്പർ | തുക | റിമാർക്ക്സ് |
|---|---|---|
| 000849/01.06.2020 | 125000 | Rent Deposit |

| | | |
|---|---|---|
| 113346/30.06.2020 | 62500 | Rent Deposit |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ-4/16.01.2024)ക്ക് ഐ.സി.ഐ.സി.ഐ കോട്ടക്കൽ ബാങ്കിൽ നിക്ഷേപിച്ച ഡി.ഡികളിൽ പണം ലഭ്യമാകാത്തത് സംബന്ധിച്ച് 23.11.2022, 6.1.2023, 9.01.2023 തീയതികളിൽ മാനേജർക്ക് കത്ത് നൽകിയതായി അറിയിച്ചു. മേൽ പരാമർശിച്ച ചെക്കുകളും, ഡി.ഡിയും Encash ചെയ്യാനാകാത്ത സാഹചര്യം പരിശോധനാ വിധേയമാക്കേണ്ടതും ഉത്തരവാദികൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതുമാണ്. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടത്തിന് വിരുദ്ധമായി ബാങ്ക് അക്കൗണ്ട് ആരംഭിച്ചു.

2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 17(2) പ്രകാരം മുനിസിപ്പാലിറ്റിക്ക് ലഭിക്കുന്ന മുഴുവൻ തുകയും ഗവ.ട്രഷറി സേവിംഗ്സ് അക്കൗണ്ടിലോ അല്ലെങ്കിൽ ദേശസാൽകൃത ബാങ്ക് അക്കൗണ്ടിലോ ആണ് അടക്കേണ്ടത് എന്ന് വ്യക്തമായി നിർദേശിച്ചതാണ്. എന്നാൽ മുനിസിപ്പാലിറ്റിയുടെ വിവിധ ബാങ്ക് അക്കൗണ്ടുകൾ പരിശോധിച്ചതിൽ മേൽ ചട്ടങ്ങൾക്ക് വിരുദ്ധമായി സഹകരണ ബാങ്കിലും സ്വകാര്യ ബാങ്കിലും നഗരസഭ അക്കൗണ്ട് ആരംഭിച്ചതായി വ്യക്തമായി. അക്കൗണ്ടുകളുടെ വിവരം താഴെ നൽകുന്നു.

| അക്കൗണ്ട് | അക്കൗണ്ട് കോഡ് | അക്കൗണ്ട് നമ്പർ |
|---|---|---|
| കോട്ടക്കൽ സർവ്വീസ് സഹകരണ ബാങ്ക് | 450230100 | 100010000014 |
| ഐ.സി.ഐ.സി.ഐ ബാങ്ക് | 450220500 | 094201001666 |

മുനിസിപ്പാലിറ്റി ചട്ടങ്ങൾക്ക് വിരുദ്ധമായി സഹകരണ ബാങ്കിൽ അക്കൗണ്ട് ആരംഭിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ-16/16.01.2024)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾക്ക് വിരുദ്ധമായി ബാങ്ക് അക്കൗണ്ട് ആരംഭിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-17 സ്ഥിര നിക്ഷേപം- അപാകതകൾ.

നഗരസഭയുടെ സ്ഥിര നിക്ഷേപങ്ങൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1). നഗരസഭയിൽ ലഭ്യമായ സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകൾ പരിശോധിച്ചതിൽ The Malappuram District Panchayat Employees Co-Op. Society Ltd ന്റെ 5000രൂപ മൂല്യമുള്ള ഷെയർ 352/19.06.2001 നമ്പർ സർട്ടിഫിക്കറ്റ് ലഭ്യമായി. എന്നാൽ ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, വാർഷികകണക്ക് എന്നിവയിൽ ഇത് ഉൾപ്പെട്ടിട്ടില്ല.

2). 2016-17 വർഷത്തിൽ സബ് ട്രഷറി കോട്ടക്കലിൽ നിക്ഷേപിച്ച താഴെ പറയുന്ന തുകകൾക്ക് പലിശ ഇനത്തിലുള്ള വരവ് വാർഷികകണക്കിൽ വരവ് വെച്ചിട്ടില്ല. നിക്ഷേപം എല്ലാ വർഷവും പുതുക്കുന്നുണ്ടെങ്കിലും, പുതുക്കിയ ബാലൻസ് തുക സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തുന്നില്ല.

| Certificate No. | Interest Rate | Amount |
|---|---|---|
| 223406/20.07.2017 | 8.5% | 679366 |
| 223407/20.07.2017 | 8.5% | 5521221 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ-58/25.01.2024)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശങ്ങളിൽ ആവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 നഗരസഭയിൽ സ്വീകരിച്ച ഡെപ്പോസിറ്റ് തുകകൾ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

വാർഷിക കണക്ക് പ്രകാരം നഗരസഭയിൽ വിവിധ ഇനങ്ങളിലായ സ്വീകരിച്ച ഡെപ്പോസിറ്റുകളുടെ ബാലൻസ് വിവരം താഴെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| Contractor's Earnest Money Deposit - Municipal Fund | 69,250 |
| Contractor's Earnest Money Deposit - Special Funds | 89,839 |

| | |
|---|---|
| Supplier's Earnest Money Deposit - Municipal Fund | 12,500 |
| Contractor's Retention Money - Municipal Fund | 2,953,177 |
| Contractor's Retention Money - Specific Grants | 308,035 |
| Contractor's Retention Money - Special Funds | 71,230 |
| Contractor's Retention Money - Scheme Expenditure | 74,757 |
| Rent Deposit | 112427109 |
| Deposit Received From Others | 402,250 |
| Election Deposit(Candidate) | 158,000 |
| Auction Deposit | 1028800 |
| Total | 117594947 |

കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ, 2007 ചട്ടം-32(3) പ്രകാരം സ്വീകരിക്കുന്ന ഡെപ്പോസിറ്റുകളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ നഗരസഭയിൽ ഇത്തരം ഒരു രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഡെപ്പോസിറ്റ് വിവരങ്ങൾ രേഖപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 കറന്റ് അക്കൗണ്ടിൽ ഭീമമായ തുക നിലനിർത്തുന്നു- വരുമാന നഷ്ടം.

2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രിക RP-40(a), RP-40(b) എന്നിവ പ്രകാരം നഗരസഭ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ കോട്ടക്കൽ ശാഖയിൽ ആരംഭിച്ച കറന്റ് അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ-67379523750) 01.04.22 ന് 1661101/- രൂപ മുൻബാക്കിയും 31.3.2023 ന് 4480307/- രൂപ നീക്കിയിരിപ്പും ഉണ്ട്. പാസ് ബുക്ക് ബാലൻസ് യഥാക്രമം 16,60470/- രൂപ 60,01395/- രൂപ.

പലിശ ഇല്ലാത്ത കറന്റ് അക്കൗണ്ടിൽ ഇത്തരത്തിൽ ഭീമമായ തുക നിലനിർത്തിയത് പലിശയിനത്തിൽ ലഭ്യമാകേണ്ടിയിരുന്ന വരുമാന നഷ്ടത്തിന് കാരണമായിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ-5/16.01.2024)ക്ക് പ്രസ്തുത ബാങ്ക് അക്കൗണ്ട് സേവിങ്സ് അക്കൗണ്ട് ആക്കി മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതായി അറിച്ചിട്ടുണ്ട്. ആയതിന്റെ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 മുനിസിപാലിറ്റി കെട്ടിടങ്ങളിലെ വാടക പിരിവ് - അപാകതകൾ.

നഗരസഭ വാടകക്ക് നൽകുന്ന കെട്ടിടങ്ങളുടെയും റൂമുകളുടെയും വിവരം ചേർക്കുന്ന വാടക ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചപ്പോൾ കണ്ട കാര്യങ്ങൾ താഴെ ചേർക്കുന്നു.

1). ഏതെല്ലാം റൂമുകൾ/കെട്ടിടങ്ങളുടെ വിവരം ആണ് രജിസ്റ്ററിൽ ചേർക്കുന്നതെന്ന് കാണിക്കുന്ന ഇൻഡക്സ് തയ്യാറാക്കിയിട്ടില്ല.

രജിസ്റ്റർ പ്രകാരം 297 മുറികൾ വാടകക്ക് നൽകുന്നുണ്ട്. കെട്ടിടത്തിലെ വാടകക്കാരന്റെ പേരും മുറികൾക്ക് പ്രത്യേകം നമ്പറുകളും രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, കെട്ടിടത്തിൽ ഇതേ നമ്പർ ചേർത്തിട്ടില്ലാത്തതിനാൽ വാടകക്ക് നൽകിയ കെട്ടിടങ്ങൾ തിരിച്ചറിയുന്നതിന് പ്രയാസം നേരിടുന്നുണ്ട്.

2). രജിസ്റ്റർ പ്രകാരം പല റൂമുകളുടെയും വാടകയിനത്തിൽ വലിയ തുക ഈടാക്കാനവശേഷിക്കുന്നു.

ഡി.സി.ബി. രജിസ്റ്റർ പ്രകാരമുള്ള കുടിശ്ശിക വിവരം താഴെ ചേർക്കുന്നു.

<u>തനത് വർഷത്തെ കുടിശ്ശിക.</u>

| ഡിമാന്റ് | കളക്ഷൻ | ബാലൻസ് | റിമാർക്സ് |
|---|---|---|---|
| 12597767 | 8489643 | 4108124 | തൻവർഷത്തേത് ഉൾപ്പെടെ ആകെ 4680223 രൂപ വാടകയിനത്തിൽ 31-3-2023 ന് ഈടാക്കാൻ അവശേഷിക്കുന്നു. |

<u>മുൻ വർഷങ്ങളിലെ കുടിശ്ശിക</u>

| ഡിമാന്റ് | കളക്ഷൻ | ബാലൻസ് | റിമാർക്സ് |
|---|---|---|---|
| 933775 | 361676 | 572099 | തൻവർഷത്തേത് ഉൾപ്പെടെ ആകെ 4680223 രൂപ വാടകയിനത്തിൽ 31-3-2023 ന് ഈടാക്കാൻ അവശേഷിക്കുന്നു. |

3). കരാറുകൾ ചമച്ചതിലെ അപാകതകൾ.

ലഭ്യമാക്കിയ കരാറുകൾ പരിശോധിച്ചതിൽ, കെട്ടിടത്തിന്റെ വാടക, അടവാക്കേണ്ട തീയതി, വാടകക്ക് നൽകുന്ന ഏരിയ/മുറി എന്നിവ സംബന്ധിച്ച് കരാറിൽ രേഖപ്പെടുത്തലുകൾ നടത്തുന്നില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ-30/20.01.2024) ക്ക് വാടക രജിസ്റ്ററിൽ മുറികളുടെ വിവരം സംബന്ധിച്ച ഇൻഡക്സ് ചേർക്കുന്നതാണെന്നും ആയത് പ്രകാരം മുറിയുടെ നമ്പറുകൾ കെട്ടിടത്തിൽ രേഖപ്പെടുത്തുന്നതാണെന്നും, കൂടാതെ കരാറിൽ വ്യവസ്ഥൾ സംബന്ധിച്ച് പൂർണ്ണമായ രേഖപ്പെടുത്തൽ നടത്തുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. വാടക കടിശ്ശിക അടവാക്കുന്നതിന് മൂന്ന് മാസത്തിൽ കൂടുതൽ കടിശ്ശിക വരുത്തിയ വാടകക്കാർക്ക് 13.12.2023 ന് R3-12692/11 Vol 2 നമ്പർ അറിയിപ്പ് നൽകിയിട്ടുണ്ടെങ്കിലും കടിശ്ശിക പൂർണ്ണമായി ഈടാക്കാനായിട്ടില്ല തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 ഭിന്നശേഷിക്കാർക്ക് ഉപകരണ വിതരണം:വീൽ ചെയർ വിതരണ രേഖകൾ ഇല്ല.

| പ്രൊജക്ടിന്റെ പേര് | ഭിന്നശേഷിക്കാർക്ക് ഉപകരണ വിതരണം |
|---|---|
| പ്രൊജക്ട് നമ്പർ | 139/23 |
| അടങ്കൽ തുക | 800000 രൂപ |
| ചെലവഴിച്ച തുക | 799967 രൂപ |
| ബിൽ റെഫ. നം./തിയതി | 16/29.3.23 |
| ഫണ്ടിനം | പ്ലാൻ ഫണ്ട് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ. | ഐ.സി.ഡി.എസ്. സൂപ്പർ വൈസർ |

മേൽ പദ്ധതി പ്രകാരം നഗര സഭക്ക് കീഴിലുള്ള ഭിന്നശേഷിക്കാർക്കായി വിവിധ ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ ഭാഗമായി കെൽട്രോണിൽ നിന്നും ഇൻവോയ്സ് നം. MKTG/TRD/0077/22-23 തി. 21.3.23 (ആകെ തുക : 679967) പ്രകാരം വാങ്ങിയ 8 ഇനം ഉപകരണങ്ങളിൽ ക്രമ നം. 2 പ്രകാരമുള്ള 6555/- രൂപയുടെ പീഡിയാട്രിക് വീൽ ചെയർ വിതരണം ചെയ്യാത്തതിന്റെ കാരണമാരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറി നം. 35/23-01-2024 ന ലഭ്യമാക്കിയ മറുപടിയിൽ ബന്ധപ്പെട്ട ഗുണഭോക്താവ് മരണപ്പെട്ടതിനാലാണ് വീൽ ചെയർ അവശേഷിച്ചത് എന്നും വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചു വരുന്നതായും ഓഡിറ്റിന വിശദീകരണം നല്കി. മേൽ ഉപകരണം അർഹമായ ഗുണഭോക്താവിന് വിതരണം ചെയ്ത് വിവരം അറിയിക്കേണ്ടതാണ്. 6555/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-22 ഭിന്നശേഷിക്കാർക്ക് മുച്ചക്രം:പദ്ധതി അപാകതകൾ

| പ്രൊജക്ടിന്റെ പേര് | ഭിന്നശേഷിക്കാർക്ക് മുച്ചക്രം വാങ്ങി നല്കൽ |
|---|---|
| പ്രൊജക്ട് നമ്പർ | 139/23 |
| അടങ്കൽ തുക | 810000 രൂപ |
| ചെലവഴിച്ച തുക | 606072 രൂപ |
| ബിൽ റെഫ. നം./തിയതി | 15/28.3.23 |
| ഫണ്ടിനം | പ്ലാൻ ഫണ്ട് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ. | ഐ.സി.ഡി.എസ്. സൂപ്പർ വൈസർ |

മേൽ പദ്ധതി പ്രകാരം നഗര സഭക്ക് കീഴിലുള്ള അംഗപരിമിതരായ ഗുണഭോക്താക്കൾക്കായി സൈഡ് വീലോടു കൂടിയ ഇരുചക്ര വാഹനങ്ങൾ 8 എണ്ണം (മോഡൽ : Hero Maestro Edge LX DRS ,110 CC, BSVI ) വിതരണം ചെയ്തിട്ടുണ്ട്.

പദ്ധതിയുടെ ഓഡിറ്റിന ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെ കാണുന്ന ഗുണഭോക്താക്കളുടെ

ലൈസൻസിന്റെ കോപ്പി ഫയലിൽ കാണുന്നില്ല.

| ക്രമ നം. | പേര്, വിലാസം | റിമാർക്സ് |
|---|---|---|
| 1 | ഷൗക്കത്തലി സി.,ചിറ്റകത്ത്, സൂപ്പി ബസാർ | ലേണേഴ്സ് ലൈസൻസ് ഉണ്ട് |
| 2 | സജിന എടക്കണ്ടൻ,കാവതികളം | “” |
| 3 | ഷംസുദ്ദീൻ ചോലക്കാടൻ,കുറ്റിപ്പുറം, കോട്ടക്കൽ | “” |
| 4 | റസീന കിഴക്കേ തലവൻ, കോട്ടക്കൽ | ലേണേഴ്സ് ലൈസൻസും ഇല്ല |

അപാകത ചൂണ്ടിക്കാട്ടി നല്കിയ ഓഡിറ്റ് എൻക്വയറി 34/23-01-2024 ന ലഭ്യമാക്കിയ മറുപടിയിൽ മുഴുവൻ അപേക്ഷകരുടെയും ലൈസൻസ് പരമാവധി 3 മാസത്തിനകം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കുകയുണ്ടായി. ശേഷിക്കുന്ന ഗുണഭോക്താക്കളുടെ ലൈസൻസ് പകർപ്പുകൾ ലഭ്യമാക്കി പദ്ധതി ഫയലിൽ സൂക്ഷിക്കേണ്ടതും പുരോഗതി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-23 ഹരിത കർമ്മസേന : അപാകതകൾ.

സംസ്ഥാനത്തിന്റെ സുസ്ഥിര മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് വികേന്ദ്രീകൃത രീതിയിൽ പരിഹാരം കാണുന്നതിന് രൂപീകരിച്ച നൂതന സംരംഭമാണ് ഹരിത കർമ്മസേന. ഹരിത കേരള മിഷൻ, ദാരിദ്ര്യ നിർമ്മാർജ്ജനവും, സ്ത്രീ ശാക്തീകരണവും മുഖ്യ വിഷയമായി ഏറ്റെടുത്തു പ്രവർത്തിക്കുന്ന കുടുംബശ്രീ മിഷൻ, ശുചിത്വമിഷൻ, ക്ലീൻ കേരള കമ്പനി, ഉറവിടമാലിന്യ സംസ്കരണ ഉപാധികൾ നിർമ്മിക്കുന്നതിന് സഹായകമാവുന്ന തൊഴിലുറപ്പ് മിഷൻ, കേരള സംസ്ഥാന പൊലൂഷൻ കൺട്രോൾ ബോർഡ്,എന്നിവയുടെ സംയോജിത സഹായത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ പ്രാവർത്തികമാക്കുന്ന ഈ പദ്ധതി തൊഴിൽ സംരംഭ ഗ്രൂപ്പുകളിലൂടെയാണ് നടപ്പിലാക്കുന്നത്.

ഹരിതകേരള മിഷന്റെ മാലിന്യരഹിത കേരളം എന്ന കാമ്പയിന്റെ ഭാഗമായാണ് ഹരിത കർമ്മസേന - തൊഴിൽ സംരംഭ ഗ്രൂപ്പുകൾ രൂപീകരിക്കുന്നത്. ഹരിത കർമ്മസേനയുടെ രൂപീകരണം സംബന്ധിച്ച് 15.07.2017 ലെ സ.ഉ (സാധാ) നം. 2420/2017/ത.സ്വ.ഭ.വ ഉത്തരവിൽ വിശദമായി പരാമർശിച്ചിട്ടുണ്ട്. സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ - കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.04.2018 ലെ 10394/D-2017/KSHO നമ്പർ നടപടി ക്രമത്തിലൂടെ ഹരിത കർമ്മസേന മൈക്രോ സംരംഭങ്ങൾ രൂപീകരിക്കുന്നതിനും, പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുമുള്ള മാർഗ്ഗ നിർദേശങ്ങൾ അടങ്ങിയ പ്രവർത്തന മാർഗ്ഗരേഖ പുറപ്പെടുവിക്കുകയും 12.08.2020 ലെ സ.ഉ (സാധാ) നം.1496/2020/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ആയത് അംഗീകരിച്ച് ഉത്തരവായിട്ടുമുണ്ട്.

കോട്ടക്കൽ നഗരസഭയിൽ 2020 ജനവരി 1 നാണ ഹരിത കർമ്മസേന പ്രവർത്തനം ആരംഭിച്ചത്. 35 വാർഡുകളുള്ളതിൽ തുടക്കത്തിൽ 13 ഉം നിലവിൽ 23 ഉം അംഗങ്ങൾ ഹരിതകർമസേനയിൽ പ്രവർത്തിയ്ക്കുന്നുണ്ട്. അംഗങ്ങളുടെ പ്രവർത്തനം മുഴുവൻ വാർഡുകളിലും നടന്നു വരുന്നുണ്ട്.

ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി ബാങ്ക് ഓഫ് ബറോഡയുടെ കോട്ടക്കൽ ശാഖയിൽ 689930200000122 നമ്പറിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പാസ് ബുക്ക് പ്രകാരം 31.3.2023 ന് 2102/- രൂപയാണ് നീക്കിയിരിപ്പ്. 27,010 രൂപ ആണ് ഓഡിറ്റ് കാലയളവിലെ (2.11.2023) നീക്കിയിരിപ്പ്. തുടർന്നുള്ള ഇടപാടു വിവരങ്ങൾ കൂടി ചേർക്കേണ്ടതും പാസ് ബുക്ക് കാലികമാക്കേണ്ടതുമാണ്.

ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ പരിശോധിച്ചതിലെ വസ്തുതകൾ താഴെ ചേർക്കുന്നു.

മാലിന്യ ശേഖരണത്തിനുള്ള സ്ഥിരം സംവിധാനം എന്ന നിലയിൽ നഗരസഭക്ക് സ്വന്തമായ ഒരു എം സി എഫ് നാളിത് വരെ സാധ്യമായിട്ടില്ല. നിലവിലുണ്ടായിരുന്ന മരവട്ടം പ്രൊസസിംഗ് പ്ലാന്റ്, നടത്തിപ്പുമായി ബന്ധപ്പെട്ട പരിസരവാസികളുടെ പ്രതിഷേധം മൂലം അടച്ചു പൂട്ടിയ നിലയിലാണ്. ആയത് തുറന്ന് പ്രവർത്തിപ്പിക്കാനോ പ്ലാന്റിൽ നിലവിലുള്ള ഉപകരണങ്ങളും സൗകര്യ-സജ്ജീകരണങ്ങളും ഫലപ്രദമായി ഉപയോഗപ്പെടുത്താനോ നടപടി സ്വീകരിച്ചതായി കാണുന്നില്ല.

നഗരസഭക്കടുത്തുള്ള സാംസ്കാരിക നിലയത്തിനു സമീപത്തായുള്ള ഷെഡിലാണ് എം സി എഫ് നിലവിൽ പ്രവർത്തിച്ചു വരുന്നത്. ആയതിൽ തന്നെ മതിയായ ഓഫീസ് സൗകര്യങ്ങളോ ഫർണിച്ചറോ ലഭ്യമല്ല. ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ തരം തിരിക്കുന്നതിന് സർക്കാർ നിർദ്ദേശ പ്രകാരമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്താനും നഗരസഭക്ക് സാധിച്ചിട്ടില്ല. ആയതിനാൽ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കാൻ പോലും പരിമിതികൾ നേരിടുന്നുണ്ട്. ത്രാസും ഫയർ എക്സ്റ്റിംഗ്യൂഷറും നിലവിലുണ്ട്. എന്നാൽ ബെയിലിംഗ്

മെഷീൻ, ഷ്രെഡിംഗ് മെഷീൻ തുടങ്ങിയവ സ്ഥാപിച്ചിട്ടില്ല. കൂടാതെ സെഗ്രഗേഷൻ ടേബിൾ, കൺവെയർ ബെൽറ്റ് തുടങ്ങിയ സൗകര്യങ്ങളും ലഭ്യമല്ല. ആയതിനാൽ ശേഖരിക്കുന്ന മാലിന്യങ്ങൾ തരം തിരിക്കാതെ റീസൈക്കിൾ ചെയ്യാവുന്ന ഇനങ്ങൾ ഉൾപ്പെടെ മുഴുവനായി നേരിട്ട് "ഗ്രീൻ വേംസ്" എന്ന കമ്പനിക്ക് നല്കി വരികയാണ് ചെയ്യുന്നത്.

ഹരിത കർമ്മസേനക്ക് ഇലക്ട്രിക്കൽ വാഹനം വാങ്ങാൻ നിലവിൽ അനുമതിയുള്ളതാണ്. MCF സ്ഥിതി ചെയ്യുന്ന പ്രദേശത്തിന്റെ സാഹചര്യം പരിഗണിച്ച് ഇലക്ട്രിക്കൽ വാഹനം പ്രായോഗികമല്ലാത്ത പക്ഷം പ്രത്യേക അനുമതി വാങ്ങി പെട്രോൾ-ഡീസൽ വാഹനങ്ങളും വാങ്ങാവുന്നതാണ്. G.O.(Rt)No.2159/2022/LSGD Dtd.02-09-2022 ഉത്തരവ് പ്രകാരം മാലിന്യ നിർമ്മാർജന പ്രവർത്തനങ്ങൾക്ക് 3 Wheeler Electric ഓട്ടോറിക്ഷകളും അനുബന്ധ വാഹനങ്ങളായ പിക്കപ്പ് വാൻ, ഡെലിവറി വാൻ തുടങ്ങിയ വാഹനങ്ങളും ടെണ്ടർ നടപടികൾ കൂടാതെ കേരള ഓട്ടോമൊബൈൽ ലിമിറ്റഡ് (KAL) ൽ നിന്നും വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചതായോ മറ്റു പദ്ധതി ആവിഷ്കരിച്ചതായോ കാണുന്നില്ല.

ഐ.സി.ഐ.സി.ഐ ബാങ്കിന്റെ കോട്ടക്കൽ ബ്രാഞ്ചിൽ നിന്നും അവരുടെ സംസ്ഥാന വ്യാപകമായി നടപ്പാക്കുന്ന പദ്ധതിയുടെ ഭാഗമായി നഗരസഭക്ക് സൗജന്യമായി നൽകാമെന്നറിയിച്ച ഇലക്ട്രിക് വാഹനങ്ങൾ 2024 മാർച്ച് മാസത്തോടെ ലഭ്യമാകും എന്ന പ്രതീക്ഷയിലാണ് ഇക്കാര്യത്തിൽ മറ്റു പദ്ധതി ആവിഷ്കരിക്കാത്തതെന്ന് ഹരിത കർമ സേനയുടെ ചുമതലയുള്ള ജീവനക്കാരൻ ഓഡിറ്റ് വേളയിൽ വാക്കാൽ അറിയിക്കുകയുണ്ടായി. സ്വന്തമായി വാഹനം ഇല്ലാത്തതിനാൽ നഗരസഭയുടെ വാഹനമാണ് നിലവിൽ മാലിന്യ ശേഖരണത്തിനായി ഹരിത കർമ സേന ഉപയോഗിച്ചു വരുന്നത്.

12-08-2020 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1496/2020/ത.സ്വ.ഭ.വ പ്രകാരം അജൈവ പാഴ് വസ്തുക്കൾ സംഭരണം നടത്തുന്നതിന് ആവശ്യമായ എം.സി.എഫുകൾ വാർഡ് തലത്തിലും (കുറഞ്ഞത് 2 വാർഡുകൾക്ക് 150 സ്ക്വയർ ഫീറ്റിൽ കുറയാതെ വിസ്തീർണ്ണം) തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ 1000 സ്ക്വയർ ഫീറ്റിൽ കുറയാതെ വിസ്തീർണ്ണമുള്ള എം.സി.എഫുകളും നിർമ്മിക്കുകയോ വാടകക്ക് ഏർപ്പെടുത്തിയിരിക്കുകയോ വേണം. എന്നാൽ ആകെ 27 മിനി എം.സി.എഫുകൾ മാത്രമാണ് നിലവിലുള്ളത്.

മാലിന്യസംസ്കരണം തുടർച്ചയായി ചെയ്തു വരേണ്ട പ്രവൃത്തിയും നഗരസഭയുടെ അനിവാര്യ ചുമതലയിൽ പെട്ടതുമാണ്. 12-08-2020 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1496/2020/ത.സ്വ.ഭ.വ പ്രകാരം മാലിന്യ ശേഖരണത്തിന് നിശ്ചിത വലുപ്പത്തിലുള്ള സഞ്ചി/ചാക്ക് ഗുണഭോക്താക്കൾക്ക് നൽകേണ്ടതാണെന്ന് നിർദ്ദേശമുള്ളതാണെങ്കിലും ആയത് നാളിതു വരെ പാലിക്കപ്പെട്ടിട്ടില്ല. ആയതിനാൽ എകദേശം 12000 വീടുകളും 2300 ഷോപ്പുകളും ഉള്ള നഗരസഭയിൽ ഉപയോക്താക്കളിൽ നിന്നും മതിയായ സഹകരണത്തിന്റെ അഭാവവും ഫീ അടക്കാനുള്ള വിമുഖതയും ഫീൽഡിൽ പോകുന്ന അംഗങ്ങൾ നേരിടുന്നുണ്ട്. മലിന്യ വേർതിരിവ് നടക്കാത്തതിനാൽ കവർ ഉൾപ്പെടെ മാലിന്യ ശേഖരണത്തിനു ചുമതലയുള്ള സ്ഥാപനം കൊണ്ട് പോകുന്നതിനാലാണ് സഞ്ചി/ചാക്ക് ഗുണഭോക്താക്കൾക്ക് മാസം തോറും നല്കാൻ സാധിക്കാത്തതെന്ന് ആണ് ഇതുമായി ബന്ധപ്പെട്ട് ലഭ്യമായ വിശദീകരണം.

മാർഗ്ഗരേഖ 1.5 പ്രകാരം ഹരിത കർമ്മസേനയുടെ സാമ്പത്തിക സ്രോതസ്സ് എങ്ങിനെയായിരിക്കണം എന്ന് വിശദീകരിച്ചിട്ടുണ്ട്. നിലവിൽ യൂസർ ഫീ ആയി ലഭിക്കുന്ന തുകയാണ് ഒരേയൊരു വരുമാന മാർഗം. സ്ക്രാപ്പ് വിറ്റ് കിട്ടുന്ന തുകയുൾപ്പെടെ മാർഗ്ഗരേഖയിൽ പരാമർശിച്ച പ്രകാരമുള്ള വരുമാന സ്രോതസ്സുകൾ/ സംരംഭങ്ങൾ തുടങ്ങാനും ഹരിത കർമ്മസേനയെ സ്വയം പര്യാപ്തമാക്കാനും നടപടികൾ ആവിഷ്കരിക്കേണ്ടതായുണ്ട്.

ഓഡിറ്റിനു ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ മറ്റു അപാകതകൾ :

1). വീട് ഒന്നിനു 50 രൂപയും കട ഒന്നിനു 100 രൂപയും യൂസർ ഫീ ആയി പ്രത്യേകം രസീതി ബുക്കുകൾ അച്ചടിച്ചു പിരിവു നടത്തുന്നുണ്ടെങ്കിലും രസീതി ബുക്കുകൾ സ്റ്റോക്കിലെടുത്തതിന്റെയും ഒപ്പ് രേഖപ്പെടുത്തിയ കൈപറ്റ്/വിതരണ വിവരങ്ങളും രേഖപ്പെടുത്തി സ്റ്റോക്ക് റജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2). വരുമാന മാർഗം യൂസർ ഫീയും ചെലവു ശമ്പള ഇനത്തിലും മാത്രമാണ് എങ്കിലും 2022-23 വർഷത്തെ വരവു ചെലവു കണക്കുകൾ രേഖപ്പെടുത്തി സംഗ്രഹം തയാറാക്കി സാക്ഷ്യപ്പെടുത്തിയ കാഷ്ബുക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഓഡിറ്റ് വർഷത്തെ വരവു ചെലവുകൾ പരിശോധിക്കാനും കൃത്യത ഉറപ്പു വരുത്താനും സാധിച്ചിട്ടില്ല. നിലവിലും കാഷ് ബുക്ക് കാലികമല്ല. ലഭ്യമാക്കിയ റജിസ്റ്ററുകളിൽ വരവ് ചെലവ് കണക്കുകളുടെ മാസാന്ത/വർഷാന്ത സംഗ്രഹം രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ വാർഷികാടിസ്ഥാനത്തിൽ വരവു ചെലവു വിവരങ്ങൾ ശേഖരിക്കുക സാധ്യമല്ല.

3). ഹരിത കർമ്മസേനയുടെ തൊഴിലാളികളുടെ ഹാജർ പുസ്തകം, കാഷ് ബുക്ക് ഉൾപ്പെടെയുള്ള മറ്റ് സുപ്രധാന റജിസ്റ്ററുകൾ തുടങ്ങിയവ ചാർജ്ജ് ഓഫീസർ സാക്ഷ്യപ്പെടുത്തുന്നില്ല. .

4). യൂസർ ഫീ നല്കാത്തവരിൽ നിന്നും കുടിശിക വരുത്തിയവരിൽ നിന്നും ആയത് വസ്തു നികുതി കുടിശികയായി ഈടാക്കാൻ GO(RT)No.789/2023/LSGD Dtd.31.3.23 പ്രകാരം നിർദ്ദേശമുണ്ടെങ്കിലും ആയത് പ്രാബല്യത്തിൽ വന്നിട്ടില്ല.

5). മോണിട്ടറിങ് കാര്യക്ഷമമല്ല.

6). ഹരിത കൺസോർഷ്യത്തിന്റെ ഇടക്കാല ഓഡിറ്റും വാർഷിക ഓഡിറ്റും കാസ് മുഖേന നടത്തേണ്ടതാണെന്ന് കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23-04-18 -ലെ 10394-D-2017/KSHO നമ്പർ ഉത്തരവിൽ വ്യക്തമാക്കിയതാണെങ്കിലും

ഇപ്രകാരം ഓഡിറ്റ് നടന്നതു സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

7). എം.സി.എഫ് സ്ഥലം വാങ്ങൽ പ്രൊജക്ട്/എം.സി.എഫ് കെട്ടിടം സ്ഥിര സംവിധാനം നടപ്പിലായിട്ടില്ല. ഇക്കാര്യങ്ങളിലെ നിലവിലെ പുരോഗതി/അവസ്ഥ സംബന്ധിച്ച വിവരം/ മറുപടി നല്കേണ്ടതാണ്.

(Enquiry Number : 60/Dated : 25-01-2024).

## 1-24 ജൈവ വളവിതരണം- അപാകതകൾ.

2022-23 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം.115/2022/തസ്വഭവ തീയതി.28.05.2022 ഖ.6.1.1 പ്രകാരം ജൈവ വളങ്ങൾ വിതരണം ചെയ്യുന്നതിന് താഴെ പരാമർശിക്കുന്ന കാര്യങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്.

കേരള കാർഷിക സർവ്വകലാശാല, റെയ്ഡ് കോ, കയർഫെഡ്, എഫ്.പി.ഒ എന്നിവയിലെ ജൈവവളങ്ങളോ, കാർഷിക കർമ്മസേനകൾ, കർഷകഗ്രൂപ്പുകൾ, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ, തദ്ദേശഭരണ സ്ഥാപനങ്ങളിലെ മാലിന്യസംസ്കരണ പ്ലാന്റുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവ ഉല്പാദിപ്പിക്കുന്ന ജൈവ വളങ്ങളോ വാങ്ങി വിതരണം ചെയ്യാവുന്നതാണ്. നിർവഹണ ഉദ്യോഗസ്ഥ കൺവീനറായ പർച്ചെയ്സ് കമ്മിറ്റിയുടെ തീരുമാനപ്രകാരം വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചാണ് ജൈവവളങ്ങളും മറ്റും വാങ്ങി വിതരണം ചെയ്യേണ്ടത്. അനിവാര്യ സാഹചര്യങ്ങളിൽ സഹകരണ സംഘങ്ങളിൽ നിന്നോ മറ്റ് അംഗീകൃത ഏജൻസികളിൽ നിന്നോ കൃഷിക്കാർ ജൈവവളങ്ങളും മറ്റും നേരിട്ട് വാങ്ങി അതിന്റെ ബിൽ നിർവഹണ ഉദ്യോഗസ്ഥക്ക് നൽകുന്ന മുറയ്ക്ക് സബ്സിഡി അനുവദിക്കാവുന്നതുമാണ്.

കൃഷി ഓഫീസർ നിർവഹണം നടത്തിയ പദ്ധതികൾ ജൈവവളം വിതരണം ചെയ്യുന്നതിന് താഴെ കൊടുത്ത പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രൊജക്ട് | ചെലവ്/ ഫണ്ടിനം | ബിൽ/BRN / തിയതി | കുറിപ്പ് |
|---|---|---|---|---|
| 1. | വെറ്റില കൃഷിക്ക് പ്രോത്സാഹനം 212/23) | 296780 വികസന ഫണ്ട് | 2215115202630 0653325/24.3.23 | സ്വകാര്യ വ്യക്തികളിൽ നിന്ന് നേരിട്ട് വളം വാങ്ങിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡി തുക കർഷകരുടെ അക്കൗണ്ടിലേക്ക് നൽകി. |
| 2. | വെറ്റില കൃഷിക്ക് കുമ്മായ വിതരണം (250/23) | 30645 വികസന ഫണ്ട് | 4/22-23 20.2.23 | കോട്ടക്കൽ ഇക്കോ ഷോപ്പ് എന്ന സ്ഥാപനത്തിൽ നിന്ന് കർഷകർ നേരിട്ട് കുമ്മായം വാങ്ങിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡി തുക കർഷകരുടെ അക്കൗണ്ടിലേക്ക് നൽകി. |

പദ്ധതി നടത്തിപ്പിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കാണുന്നു .

1). മാർഗ്ഗരേഖ പ്രകാരം അനിവാര്യ സാഹചര്യങ്ങളിൽ മാത്രമാണ് കർഷകർ നേരിട്ട് വളം വാങ്ങിയതിന്റെ അടിസ്ഥാനത്തിൽ പണം നൽകുന്നതിന് അനുമതിയുള്ളത്. എന്നാൽ നഗരസഭയിൽ പദ്ധതി രൂപീകരണ സമയം തന്നെ ഇത്തരത്തിലാണ് പ്രൊജക്ട് തയ്യാറാക്കിയത്(പദ്ധതി വിശദാംശങ്ങൾ ഓഡിറ്റിനു ലഭ്യമാക്കിയ രേഖകളോടൊപ്പം സൂക്ഷിച്ചിട്ടില്ല) എന്നു മനസിലാകുന്നു. ആയത് പ്രൊജക്ട് നടത്തിപ്പ് സംബന്ധിച്ച സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമാണ്.

2). പട്ടികയിലെ ക്രമ നം. 1 പ്രകാരം സ്വകാര്യ വ്യക്തികളിൽ നിന്ന് നേരിട്ട് വളം വാങ്ങിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡി തുക കർഷകരുടെ അക്കൗണ്ടിലേക്ക് നൽകുകയാണ് ചെയ്തിട്ടുള്ളത്. മേൽ നടപടിക്ക് ആധാരമാക്കിയ അനുമതി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

3). ക്രമ നം. 2 പ്രകാരം കോട്ടക്കൽ ഇക്കോ ഷോപ്പ് എന്ന സ്ഥാപനത്തിൽ നിന്ന് കുമ്മായം വാങ്ങിയ ബില്ലിന്റെ അടിസ്ഥാനത്തിൽ കർഷകർക്ക് സബ്സിഡി തുക വിതരണം ചെയ്തതും മേൽ സൂചിപ്പിച്ച മാർഗ രേഖക്ക് വിരുദ്ധമാണ്. മേൽ സ്ഥാപനത്തെ തെരഞ്ഞെടുത്തതിന്റെ/സ്ഥാപനം അംഗീകൃത വളം വിതരണക്കാരാണ് എന്നതിന്റെ രേഖകൾ ഹാജരാക്കുകയോ ഇത്തരത്തിൽ പർച്ചെയ്സ് ചെയ്യാൻ ആധാരമാക്കിയ അനുമതി രേഖകൾ ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്.

വിശദീകരണമാരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറി നം. 11/18-01-2024 ന "കോട്ടക്കൽ കൃഷിഭവനുകീഴിലെ പ്രധാനപ്പെട്ട കൃഷിയാണ് വെറ്റില കൃഷി. കോട്ടക്കൽ കൃഷിഭവൻ പരിധിയിൽ കൃഷിചെയ്തു വരുന്ന വെറ്റില മികച്ച ഗുണനിലവാരം പുലർത്തുന്നവയും രുചികരവും വിപണിമൂല്യം ഏറിയവയുമാണ്. പരമ്പരാഗത കൃഷിരീതിയിൽ ജൈവ വളങ്ങളും ജൈവ പരിപാലനമുറകളിലുമാണ് ഇത് സാധ്യമാകുന്നത്. പൊതുവെ ചെലവേറിയ കൃഷിരീതിയാണ് വെറ്റിലയുടേത്. നാമമാത്രമായ ധനസഹായമാണ് വെറ്റിലകൃഷി ജൈവവളത്തിനായി നഗരസഭക്ക് നൽകാൻ സാധിക്കുന്നത്. പ്രധാനമായും ചാണകപ്പൊടി കോഴിക്കാഷ്ടം ഉടങ്ങിയയാണ് കർഷകർ വെറ്റിലക്ക് വളമായി നൽകുന്നത്. കോഴിഫാമുകളിൽ നിന്നും

കാലിവളർത്തുന്നവരിൽ നിന്നും മൊത്തമായി എടുക്കുന്ന ഇത്തരം വളങ്ങൾക്ക് ബില്ലുകൾ ലഭ്യമല്ല. കൂടാതെ ഇത്തരം വളങ്ങൾ കിലോക്ക് 4 രൂപ മുതൽ 6 രൂപ വരെ ലഭിക്കും. ഇവ സ്ഥാപനങ്ങൾ വഴി വാങ്ങുമ്പോൾ വളങ്ങളുടെ വില കൂടുകയും വെറ്റിലയുടെ ഉത്പാദന ചിലവ് ഗണ്യമായി വർദ്ധിക്കുകയും ചെയ്യും. കൂടാതെ കർഷകർ വളങ്ങൾ വാങ്ങി ഇട്ടിട്ടുണ്ടെന്ന് കൃഷിയിടത്തിൽ നേരിട്ട് പരിശോധന നടത്തി ബന്ധപ്പെട്ട കൃഷി അസിസ്റ്റന്റ് ഉറപ്പുവരുത്തിയതിനു ശേഷം ആണ് കർഷകർക്കുള്ള ധനസഹായം നൽകുന്നത്. കർഷകർക്ക് ഗുണമേന്മയുള്ള ജൈവ ഉത്പാദനോപാധികൾ വിതരണം ചെയ്യുക എന്ന ലക്ഷ്യത്തിലാണ് ഇക്കോ ഷോപ്പുകൾ രൂപീകരിച്ചിട്ടുള്ളത്. കൃഷി അസിസ്റ്റന്റ് ഡയറക്ടറും കൃഷിഓഫീസറും മുനിസിപ്പൽ ചെയർ പേഴ്സണും കർഷക പ്രതിനിധികളും ഉൾപ്പെടെയുള്ള കമ്മിറ്റിയുടെ മേൽനോട്ടത്തിലാണ് ഇക്കോഷോപ്പുകൾ പ്രവർത്തിക്കുന്നത്. കൃഷിവകുപ്പിന്റെ വിവിധ പദ്ധതികളിൽ ഇക്കോഷോപ്പ് വഴിയുള്ള ജൈവ ഉത്പാദനോപാധികളുടെ വിതരണം നടത്താറുള്ളതാണ് എന്നും, കോട്ടക്കൽ ഇക്കോഷോപ്പ് വഴി വിതരണം നടത്തുന്ന കുമ്മായത്തിന്റെ ഗുണനിലവാരം ഉറപ്പാക്കാറുണ്ടെന്നും, ദീർഘകാലമായി കൃഷിഭവനോട് ചേർന്ന് പ്രവർത്തിക്കുന്ന ഇക്കോഷോപ്പിൽ നിന്നും കർഷകർ സ്വന്തം നിലക്കാണ് കുമ്മായം വാങ്ങാറുള്ളതെന്നും അറിയിക്കുന്നു" എന്ന മറുപടി നല്കുകയുണ്ടായി. മാർഗരേഖയിൽ പ്രതിപാദിക്കാത്ത ഇനത്തിൽ പെട്ട ചെലവായതിനാൽ, മുൻകൂർ അനുമതിയോ സർക്കാർ അനുമതിയോ കൂടാതെ നടത്തിയ വാങ്ങൽ നടപടിക്ക് സർക്കാർ സാധൂകരണം തേടേണ്ടതും ഭാവിയിൽ മറുപടിയിൽ സൂചിപ്പിച്ച വസ്തുതകൾ ചൂണ്ടിക്കാട്ടി സർക്കാരിൽ നിന്നുള്ള മുൻകൂർ അംഗീകാരത്തോടെ മാത്രം പദ്ധതി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. 3,27,425 (296780+30645) രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-25 വിത്തുകൾ, തൈകൾ: പദ്ധതി അപാകത.

2022-23 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം.115/2022/തസ്വഭവ തീയതി. 28.05.2022, ഖണ്ഡിക 6.1.4 പ്രകാരം കൃഷി നടീൽ ഉൽപന്നങ്ങൾ കൃഷി വകുപ്പ് ഫാമുകൾ, നാഷണൽ സീഡ് കോർപ്പറേഷൻ, കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി, VFPCK, വിവിധ പദ്ധതികളിൽ സ്ഥാപിച്ചിട്ടുള്ള നഴ്സറികൾ, സീഡ് മൾട്ടിപ്ലിക്കേഷൻ യൂനിറ്റുകൾ എന്നിവയിൽ നിന്നുമാണ് ഗുണമേന്മ ഉറപ്പാക്കിയും യഥാർത്ഥ വില നൽകിയും ടെണ്ടർ കൂടാതെ വാങ്ങാവുന്നത്. കൃഷി വകുപ്പിന്റെ ലൈസൻസുള്ളതോ വകുപ്പിന്റെ സഹായത്തോടെ പ്രവർത്തിക്കുന്നതോ ആയ നഴ്സറികളിൽ നിന്നും വാങ്ങൽ നടപടിക്രമം പാലിക്കാതെ വിവിധ വിത്തുകൾ, തൈകൾ എന്നിവ വാങ്ങാൻ പാടുള്ളതല്ല.

2022-23 വർഷത്തിൽ കൃഷി ഓഫീസർ നിർവഹണം നടത്തിയ താഴെ പരാമർശിക്കുന്ന പ്രൊജക്ടുകൾ പ്രകാരമുള്ള വാങ്ങലുകൾ മേൽ നിർദ്ദേശത്തിന് വിരുദ്ധമായാണ് നടപ്പാക്കിയിട്ടുള്ളത്.

വിശദ വിവരം താഴെ നൽകുന്നു.

| ക്രമ നം. | പ്രൊജക്ട് പേര്/ നം. | വാങ്ങലിന്റെ വിവരം | ചെലവ് | ബിൽ നം. തി | വാങ്ങിയത് |
|---|---|---|---|---|---|
| 1 | വനിതകൾക്ക് ഇടവിള കൃഷി പ്രോത്സാഹനം-242/23<br>അടങ്കൽ 498000<br>പ്ലാൻ ഫണ്ട്: 373500/-<br>ഗുണഭോക്തൃ വിഹിതം: 124500 | ഇടവിള കൃഷി കിറ്റ് 249@2000<br>6 ഇനങ്ങൾ:<br><br>1. മൺചട്ടി-110/8<br>2.കുറ്റിക്കുരുമുളക്110/8<br>3.ഗ്രാമ്പൂ 50/5<br>4.മഞ്ഞൾ 50/1കിലോ<br>5.ഇഞ്ചി 80/1കിലോ<br>6.പച്ചക്കറി തൈ. 2.50/4 | 498000<br>1)പ്ലാൻ ഫണ്ട്: 373500<br>2)ഗുണഭോക്തൃ വിഹിതം: 124500 | 1)3/22-23/ 2.2.23-124500<br>2)5/22-23/ 2.2.23-373500 | കോഡൂർ കാർഷിക കർമ്മസേന |
| 2 | പയർ വർഗ കൃഷി വികസനം-326/23<br>അടങ്കൽ 30000<br>പ്ലാൻ ഫണ്ട്: 30000 | പയർ വിത്ത് 150 കി. @200/കി. | 30000 | 7/22-23/ 27.2.23 | കോട്ടക്കൽ ഇക്കോഷോപ്പ് |

ഇത്തരത്തിൽ മേൽ സ്ഥാപനങ്ങളിൽ നിന്നും നേരിട്ട് പർച്ചെയ്സ് ചെയ്തതിനു ആധാരമാക്കിയ അനുമതി വിവരങ്ങൾ/ ഉത്തരവുകൾ ഓഡിറ്റിനു ഹാജരാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം. 7/17-01-2024-നു "കൃഷി വകുപ്പിന്റെ കീഴിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ, കൃഷി ഓഫിസർ പഞ്ചായത്ത് പ്രസിഡന്റ് കാർഷിക സർവകലാശാല പ്രധിനിധി ഉൾപ്പെടെ ഉള്ള കമ്മിറ്റിയുടെ മേൽനോട്ടത്തിൽ കർഷകർക്ക് കൃഷിയുമായി ബന്ധപ്പെട്ട സേവനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടെ രൂപീകരിച്ചിട്ടുള്ളതാണ് കോഡൂർ കാർഷിക കർമ്മ സേന പൂർണ്ണമായും കൃഷി വകുപ്പിന്റെ മാർഗ്ഗ

നിർദേശങ്ങളിലൂടെയും സമിതിയുടെ മേൽനോട്ടത്തിൽ സർക്കാർ ഫണ്ട് ഉപയോഗിച്ചും സർക്കാർ നിർദേശങ്ങൾക്ക് അനുസൃതമായും പ്രവർത്തിക്കുന്ന സ്ഥാപനമായതിനാലാണ് പ്രസ്തുത സ്ഥാപനത്തിൽ നിന്നും മേല്പറഞ്ഞ സാധനങ്ങൾ വാങ്ങി വിതരണം നടത്തുന്നത്. കൃഷി വകുപ്പിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നിരവധി ഉല്പാദനോപാധികളും കാർഷിക സേവനങ്ങളും ഗുണനിലവാരത്തോടെയും സമയബന്ധിതമായും നടത്തുന്ന സ്ഥാപനം കൂടിയാണ് കോഡൂർ കാർഷിക കർമ്മ സേന. പ്രസ്തുത പദ്ധതിയിൽ വിതരണം ചെയ്യാനായി തെരഞ്ഞെടുത്ത ഉത്പന്നങ്ങളുടെ ജില്ലയിൽ നിന്നും നിശ്ചയിച്ച് നൽകിയിട്ടുള്ള യൂണിറ്റ് നിരക്കുകളിൽ നിന്നും അധികരിക്കാതെയാണ് കോട്ടക്കൽ കൃഷിഭവനിൽ എത്തിച്ച് വിതരണം നടത്തിയിട്ടുള്ളത് ഒരു കുടുംബത്തിലേക്ക് ആവശ്യമായിട്ടുള്ള സുഗന്ധ വ്യഞ്ജനങ്ങളുടെ ആവശ്യം സ്വയംപര്യാപ്തമായി നിറവേറ്റുക എന്ന ലക്ഷ്യത്തോടെയാണ് വനിതകൾക്ക് ഇടവിള കൃഷി എന്ന രീതിയിൽ മേൽപദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇതിൽ വിതരണം ചെയ്യുന്ന ഉത്പാദനോപാധികളുടെ ഗുണനിലവാരം വിശ്വാസ്യതയുള്ള സ്ഥാപനം വഴി നടപ്പിലാക്കുന്നതിന് വേണ്ടിയാണ് കോഡൂർ കാർഷിക കർമ്മസേന വഴി പദ്ധതി നടപ്പിലാക്കിയത്. മേൽവസ്തുതകൾ കണക്കിലെടുത്ത് പ്രസ്തുത കണക്കു പരിശോധന അപാകത ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുന്നു" എന്ന മറുപടിയാണ് ലഭ്യമാക്കിയത്. മാർഗരേഖയിൽ പ്രതിപാദിക്കാത്ത സ്ഥാപനമായതിനാൽ മുൻകൂർ അനുമതിയോ സർക്കാർ അംഗീകാരമോ ഇല്ലാതെയും ടെൻഡർ/ക്വട്ടേഷൻ നടപടി പാലിക്കാതെയും നടത്തിയ വാങ്ങൽ നടപടിക്ക് സാധൂകരണം തേടേണ്ടതാണ്. 5,28,000 രൂപ (498000+30000) തടസ്സത്തിൽ വെക്കുന്നു.

## 1-26 നെൽ വിത്ത് വാങ്ങൽ - നടപടിക്രമം പാലിച്ചില്ല.

2022-23 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം.115/2022/തസ്വഭവ തീയതി.28.05.2022 ഖ.6.1.4 പ്രകാരം കൃഷി വകുപ്പ് ഫാമുകൾ, നാഷണൽ സീഡ് കോർപ്പറേഷൻ, കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി, VFPCK, വിവിധ പദ്ധതികളിൽ സ്ഥാപിച്ചിട്ടുള്ള നഴ്സറികൾ, സീഡ് മൾട്ടിപ്ലിക്കേഷൻ യൂനിറ്റുകൾ എന്നിവയിൽ നിന്നുമാണ് ഗുണമേന്മ ഉറപ്പാക്കി യഥാർത്ഥ വില നൽകി ടെണ്ടർ കൂടാതെ വാങ്ങാവുന്നത്. കൃഷി വകുപ്പിന്റെ ലൈസൻസുള്ളതോ വകുപ്പിന്റെ സഹായത്തോടെ പ്രവർത്തിക്കുന്നതോ ആയ നഴ്സറികളിൽ നിന്നും വാങ്ങൽ നടപടിക്രമം പാലിച്ചാണ് വിവിധ വിത്തുകൾ, തൈകൾ എന്നിവ വാങ്ങൽ നടത്തേണ്ടത്.

കൃഷി ഓഫീസർ നിർവഹണം നടത്തിയ നെൽകൃഷി പ്രോത്സാഹനം എന്ന പ്രൊജക്ട് പ്രകാരം നെൽ വിത്തുകൾ വാങ്ങിയത് മേൽ നിർദ്ദേശത്തിന് വിരുദ്ധമാണ്. വിശദ വിവരം താഴെ നൽകുന്നു.

| പ്രൊജക്ട് | വാങ്ങലിന്റെ വിവരം | ചെലവ് | ബിൽ നം./ തി | കുറിപ്പ് |
|---|---|---|---|---|
| സമഗ്ര നെൽകൃഷി വികസനം സുഭിക്ഷ കേരളം-207/23 | പൊൻമണി നെൽ വിത്ത് 1200 Kg @42/ Kg | 50400 | 1/22-23 21.1.23 | പെരിന്തൽമണ്ണ ബ്ലോക്ക് അഗ്രോ സർവ്വീസ് സെന്റർ. (InvoiceNo. 201/5510/22-23/23.11.2022) |

വാങ്ങൽ നടപടികൾ പാലിക്കാതെ ഇത്തരത്തിൽ മേൽ സ്ഥാപനത്തിൽ നിന്നും നെൽ വിത്തുകൾ വാങ്ങിയതിന് ആധാരമാക്കിയ അനുമതി രേഖകൾ പരിശോധനക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് നല്കിയ Enquiry Number : 10 Dated : 18-01-2024 ന് ലഭ്യമാക്കിയ മറുപടി "കോട്ടക്കൽ കൃഷിഭവനുകീഴിൽ നെൽകൃഷി വികസന പദ്ധതിയിൽ നൽകുന്നതിനായി നാഷണൽ സീഡ് കോർപറേഷൻ വഴി 4750 കിലോ വിത്ത് ലഭ്യമാക്കി വിതരണം ചെയ്തിരുന്നു എന്നാൽ കർഷകരുടെ കൈവശം ഉണ്ടായിരുന്ന വിത്ത് തികയാതെ വരികയും കൂടുതൽ സ്ഥലത്ത് നെൽകൃഷി ചെയ്യാൻ കർഷകർ തയ്യാറായതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ വിത്ത് ആവശ്യം ആയി വന്നു. എന്നാൽ അടിയന്തിരമായി വിത്ത് നൽകാൻ NSC സാധിക്കാതെ വരികയും കാർഷിക സർവ്വകലാശാലയിലോ KSSDA യിലോ ഫാർമുകളിലോ പൊന്മണി നെൽവിത്ത് ലഭ്യമല്ലാത്ത സാഹചര്യം വന്നതിനാലാണ് കൃഷിവകുപ്പിനു കീഴിൽ കൃഷിഭവന്റെ പൂർണമായ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന അങ്ങാടിപ്പുറം കാർഷിക സേവന കേന്ദ്രത്തിൽ നിന്നും നെൽവിത്ത് അടിയന്തിരമായി ലഭ്യമാക്കിയത് നെൽ വിത്തിനു നിശ്ചയിച്ചിട്ടുള്ള യൂണിറ്റ് വിലയിൽ അധികരിക്കാതെയാണ് നെൽവിത്ത് ലഭ്യമാക്കിയിട്ടുള്ളതെന്നും അറിയിക്കുന്നു" എന്നായിരുന്നു. മാർഗരേഖ പ്രകാരം നേരിട്ട് വാങ്ങാൻ അനുമതി ഇല്ലാത്ത സ്ഥാപനമായതിനാൽ, മുൻകൂർ അനുമതിയോ സർക്കാർ അനുമതിയോ ഇല്ലാതെയും ടെൻഡർ/ക്വട്ടേഷൻ നടപടി പാലിക്കാതെയും നേരിട്ട് നടത്തിയ വാങ്ങൽ നടപടിക്ക് സർക്കാർ സാധൂകരണം തേടേണ്ടതാണ്. 50,400 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-27 വിദ്യാർഥികൾക്ക് ലാപ് ടോപ്:അപാകതകൾ.

| പ്രൊജക്ടിന്റെ പേര് | വിദ്യാർഥികൾക്ക് ലാപ് ടോപ്പ് നല്കൽ |
|---|---|
| പ്രൊജക്ട് നമ്പർ | 331/23 |

| | |
|---|---|
| അടങ്കൽ തുക | 1000000 രൂപ |
| ചെലവഴിച്ച തുക | 1000000 രൂപ |
| ബിൽ റെഫ. നം./തിയതി | 22151747001201467034/24.3.23 |
| ഫണ്ടിനം | എസ് സി പി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ. | പ്രൊജക്ട് ഓഫീസർ |

പ്രൊജക്ട് ഓഫീസർ നിർവഹണം നടത്തിയ മേൽ പദ്ധതി പ്രകാരം നഗര സഭക്ക് കീഴിലുള്ള വിദ്യാർഥികൾക്ക് വിതരണം ചെയ്യാനായി GeM മുഖേന "വിശ്വാസ് കമ്പ്യൂട്ടേഴ്സ് കുന്ദംകുളം" എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം. 792/23.3.23 പ്രകാരം 10,00,000 രൂപ ചെലവഴിച്ച 24 ലാപ് ടോപ്പുകൾ വാങ്ങിയിട്ടുണ്ട്(41666x24). എന്നാൽ ആയതിൽ 22 ലാപ്പ് ടോപ്പുകൾ വിതരണം ചെയ്തിട്ടുണ്ടെങ്കിലും ശേഷിക്കുന്ന 2 ലാപ് ടോപ്പുകൾ (41,666x2=83,332 രൂപ) വിതരണം ചെയ്യാതെ നിലവിലും സ്റ്റോക്കിൽ സൂക്ഷിച്ചിട്ടുള്ളതായി കാണുന്നു. ഓഡിറ്റിനു ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ ഗുണഭോക്തൃ ലിസ്റ്റിൽ പേരുള്ള താഴെ കാണുന്ന വിദ്യാർഥികൾക്കായി വാങ്ങിയ ലാപ് ടോപ്പ് ആണ് വിതരണം ചെയ്യാൻ അവശേഷിക്കുന്നത്.

1). സിന്നിയ ഇ പി, MBBS

2). നന്ദന എൻ സി, MBBS

മേൽ വിദ്യാർഥികൾക്ക് ലാപ് ടോപ്പുകൾ നിലവിൽ അനുവദിച്ചിട്ടുള്ള സാഹചര്യത്തിലാണ് വീണ്ടും നല്കാതിരുന്നത് എന്ന രേഖപ്പെടുത്തിയിട്ടുണ്ട്. ഗുണഭോക്താക്കൾ മുൻ വർഷങ്ങളിൽ ലാപ്ടോപ്പ് കൈപറ്റിയിട്ടുണ്ടോയെന്ന് പരിശോധിച്ച് അർഹത ഉറപ്പ് വരുത്താതെ ഗുണഭോക്താക്കളെ തെരെഞ്ഞെടുത്തത് മൂലം ലാപ് ടോപ്പുകളുടെ വാറന്റി കാലയളവിലെ സൗജന്യ സർവീസുകൾ ഉൾപ്പെടെ നഷ്ടമാകത്തക്കവിധം വാങ്ങി സ്റ്റോക്കിൽ സൂക്ഷിക്കേണ്ടി വന്ന സാഹചര്യം സംബന്ധിച്ചും മേൽ ലാപ് ടോപ്പുകളുടെ നിലവിലെ അവസ്ഥ/ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച തുടർ നടപടികൾ സംബന്ധിച്ചും രേഖാമൂലം മറുപടി നല്കേണ്ടതാണെന്ന് കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി 46/24-01-2024 ന ലഭ്യമാക്കിയ മറുപടിയിൽ ലാപ് ടോപ്പുകൾ വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കുകയുണ്ടായി. പുരോഗതി റിപ്പോർട്ട് ചെയ്യേണ്ടതാണ്. അത് വരെ 2 ലാപ് ടോപ്പുകളുടെ തുക 83,332 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-28 എസ്.എസ്.എ വിഹിതം: പദ്ധതി അപാകതകൾ

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | എസ്.എസ്.എ വിഹിതം അടവാക്കൽ |
| പ്രൊജക്ട് നമ്പർ | 143/23 |
| അടങ്കൽ തുക | 38,48,003 രൂപ |
| ചെലവഴിച്ച തുക | 38,48,003 രൂപ |
| പേമെന്റ് അഡ്വൈസ് നം. | C102258672430/12.11.22 |
| ഫണ്ടിനം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ. | ഹെഡ് മാസ്റ്റർ, ഗവ. ഹൈസ്കൂൾ |

ഗവ. ഹൈസ്കൂൾ ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ട് പ്രകാരം 38,48,003 രൂപ State Project Director, SSK(അക്കൗണ്ട് നം.0819101104302) ക്ക് നൽകിയിട്ടുണ്ട്. എസ്.എസ്.കെ (സമഗ്ര ശിക്ഷാ കേരളം) വിഹിതം നൽകൽ സംബന്ധിച്ച് പദ്ധതി GO(MS) 84/2022/LSGD Dt 19.04.2022 ആസൂത്രണ മാർഗ്ഗരേഖയിൽ താഴെ കാണിക്കും പ്രകാരം പ്രതിപാദിക്കുന്നുണ്ട്.

1)ഖ. 8.6.3 പ്രകാരം എസ്.എസ്.കെ. (സമഗ്ര ശിക്ഷ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്.

2)ഖ. 8.6.4 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്രശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ / പരിപാടികൾ എന്താണ് എന്നത് സംബന്ധിച്ച വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ് എസ്.കെ. പ്രൊജക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ. വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ

ഭാരവാഹികളുടെ അടക്കമുള്ള പങ്കാളിത്തം എസ്.എസ്.കെ. ഉറപ്പ് വരുത്തണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് (Utilisation Certificate) സമഗ്രശിക്ഷാ കേരളത്തിൽ നിന്നു കൃത്യമായി ലഭ്യമാകണം.

എന്നാൽ നഗരസഭ നടപ്പാക്കിയ പദ്ധതിയുമായി ബന്ധപ്പെട്ട് ഓഡിറ്റിനു ലഭ്യമാക്കിയ പ്രൊജക്ട് നടത്തിപ്പ് രേഖകൾ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കാണുന്നു.

- പദ്ധതി തയ്യാറാക്കുന്നതിൽ നഗരസഭാ പങ്കാളിത്തം ഉറപ്പ് വരുത്തിയതിന്റെ രേഖകൾ ലഭ്യമല്ല.
- പൂർത്തീകരിച്ച പദ്ധതിയുടെ വിശദാംശങ്ങൾ നഗരസഭക്ക് ലഭ്യമായിട്ടില്ല.
- നല്കിയ ഫണ്ട് നഗരസഭാ പരിധിയിലെ ഏതെങ്കിലും വിദ്യാലയത്തിൽ എന്തെങ്കിലും പ്രവർത്തനത്തിനു വിനിയോഗിച്ചോ എന്നത് സംബന്ധിച്ചുള്ള വിവരങ്ങൾ സ്ഥാപനത്തിൽ ലഭ്യമല്ല.
- തുക കൈപറ്റിയതിനു എസ്.എസ്.കെ യിൽ നിന്നുമുള്ള രസീതിയോ മറ്റ അറിയിപ്പോ ലഭ്യമായിട്ടില്ല.
- എസ്.എസ്.കെ യിൽ നിന്നുള്ള ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.
- വികസന പദ്ധതികളിൽ നഗരസഭയുടെ (ഭാരവാഹികളുടെ) പങ്കാളിത്തം സംബന്ധിച്ച രേഖകൾ ഫയലിൽ ലഭ്യമല്ല.
- പദ്ധതിയുടെ മോണിറ്ററിംഗ് സംബന്ധിച്ച റിപ്പോർട്ട് തയാറാക്കിയിട്ടില്ല.
- പദ്ധതിയുമായി ബന്ധപ്പെട്ട ഓഫീസ് കുറിപ്പ് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ അംഗീകരിച്ചതായി രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
- വിവിധ പദ്ധതികളുടെ വിശദാംശം , വരവു ചെലവു സംക്ഷിപ്തം, ഫണ്ടിനം, ബിൽ/വൗച്ചർ/ തിയതി തുടങ്ങിയവ രേഖപ്പെടുത്തുന്നതിനുള്ള Annexure B5 (G.O.(P)No.177/2006/Fin Dt.12.4.2006) പ്രകാരമുള്ള നിർദിഷ്ട ഫോർമാറ്റിലുള്ള പ്രൊജക്ട് രജിസ്റ്റർ പരിപാലിച്ചിട്ടില്ല.
  അപാകതകൾ പരിഹരിക്കാനും, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാനും നടപടി സ്വീകരിക്കേണ്ടതാണ്. 38,48,003 രൂപ തടസത്തിൽ വെക്കുന്നു.

## 1-29 സെക്രട്ടറിയുടെ ശമ്പളം ട്രഷറിയിലേക്ക് തിരിച്ചടവാക്കിയില്ല.

1994ലെ കേരള മുനിസിപ്പൽ ആക്ട്, സെക്ഷൻ 48(3) പ്രകാരം നഗരസഭാ സെക്രട്ടറിമാർ സർക്കാർ ട്രഷറിയിൽ നിന്നും കൈപ്പറ്റുന്ന ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നഗരസഭയുടെ തനതു ഫണ്ടിൽ നിന്നും തിരിച്ച് സർക്കാർ ട്രഷറിയിൽ തന്നെ തിരികെ അടവാക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. ഓരോ മാസവും ഇപ്രകാരം സംസ്ഥാന ഫണ്ടിലേക്ക് അടവാക്കണമെന്നാണ് ആക്ടിലെ വ്യവസ്ഥ. എന്നാൽ 9/2020 ന് ശേഷം സെക്രട്ടറി ശമ്പളമിനത്തിൽ കൈപ്പറ്റിയ തുകകൾ തനത് ഫണ്ടിൽ നിന്നും ക്രമീകരിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 40/23.1. 2024 ന തുക തിരിച്ചടവാക്കി വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

തുക സർക്കാരിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-30 നഗരസഭാ രേഖകൾ ഡിജിറ്റൽ ഡോക്യുമെന്റേഷൻ ചെയ്യൽ- പൂർത്തീകരണ വിവരം ലഭ്യമായിട്ടില്ല.

കോട്ടക്കൽ നഗരസഭയിലെ 2022-23 വർഷത്തെ പദ്ധതിയിൽ ബഹു വർഷ പ്രോജക്ടായി ഉൾപ്പെടുത്തിയ ജി.ഐ.എസ്- നഗരസഭാ രേഖകൾ ഡിജിറ്റൽ ഡോകുമെന്റേഷൻ ചെയ്യൽ (പ്രോജക്ട് നമ്പർ-223/23) എന്ന പ്രോജക്ട് പ്രകാരം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയുടെ (യു.എൽ.ടി.എസ്.) 42,76,261 രൂപയുടെ പ്രോജക്ട് പ്രൊപ്പോസൽ നഗരസഭ അംഗീകരിച്ചിട്ടുണ്ട്. (സി.ആർ. നം.9/30.12.2022) കോട്ടക്കൽ നഗരസഭയുടെ ബേസ് മാപ്പ് ക്രിയേഷൻ, ജി.പി.എസ്- പ്രോപ്പർട്ടി സർവ്വേ (റസിഡൻഷ്യൽ, കൊമേഴ്സ്യൽ ഉൾപ്പെടെയുള്ള എല്ലാ കെട്ടിടങ്ങളും) ജി.ഐ.എസ് മാപ്പിംഗും കൂടാതെ വെബ് അധിഷ്ഠിത ജി.ഐ.എസ്.സോഫ്റ്റ് വെയർ ആപ്ലിക്കേഷന്റെ വികസനവും മേൽ പ്രൊപ്പോസലിൽ ഉൾപെടുന്നുണ്ട്. ടി സ്ഥാപനവുമായി കരാർ ചമക്കുകയും (നം.12/2022-23/21.2.2023). കരാർ തുകയുടെ 20% തുക 8,55,252 രൂപ മൊബിലൈസേഷൻ അഡ്വാൻസ് ആയി സ്ഥാപനത്തിന് നൽകുകയും ചെയ്തിട്ടുണ്ട്. എഗ്രിമെന്റ് പ്രകാരം പൂർത്തീകരണ കാലയളവ് 6 മാസമാണ്. തുക കൈമാറിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് | പ്രൊജക്ട് നം. | കൈമാറിയ തുക | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| ജി.ഐ.എസ്- നഗരസഭാ രേഖകൾ ഡിജിറ്റൽ ഡോക്യുമെന്റേഷൻ ചെയ്യൽ<br>അടങ്കൽ-35 ലക്ഷം<br>ഫണ്ട്- സി.എഫ്.സി. | 223/23 | 855252 | PFMS Advice No.<br>Co32302025198<br>Date-3.3.2023<br>PFMS Txn ID<br>Co32302024071 |

പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിട്ടുള്ള വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1). എഗ്രിമെന്റ് പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം

2). പ്രൊഫഷണൽ സർവീസിൻമേൽ ആദായ നികുതി നിയമം 194 (ജെ ) പ്രകാരം ആദായ നികുതി കുറവ് ചെയ്യാത്തതിന് കാരണം.

3). അധിക സേവനമായി സ്ട്രീറ്റ് ലൈറ്റ്, സ്ട്രീറ്റ് ടാപ്പ് എന്നിവയുടെ ലോക്കേഷൻ ഡാറ്റ കൂടി സർവ്വെയിൽ ഉൾപ്പെടുത്തുമെന്നും ആറു മാസക്കാലത്തേക്ക് സാങ്കേതിക സഹായം ലഭ്യമാക്കുമെന്നും യു.എൽ.ടി.സി.സി. 22.12.2022 ലെ Ults/GIS/2022-23/380 നമ്പർ കത്തിൽ അറിയിച്ചിരുന്നു. പ്രസ്തുത സേവനം ലഭ്യമായതിന്റെ വിവരം.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-1/15.1.2024 നുള്ള മറുപടിയിൽ ഡ്രോൺ സർവ്വെ, റോഡ് സർവ്വെ, പ്രോപ്പർട്ടി സർവ്വെ തുടങ്ങിയവ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഡാറ്റയുടെ ഫൈനലൈസേഷൻ വർക്ക് നടന്നു കൊണ്ടിരിക്കുകയാണെന്നും അറിയിച്ചു. റോഡ് സർവ്വെയിൽ റോഡ്, ഡ്രൈനേജ്, സ്ട്രീറ്റ് ലേറ്റ്, സ്ട്രീറ്റ് ടാപ്പ്,കുളം, കിണർ, ബസ് സ്റ്റോപ്പ്, കളിസ്ഥലം തുടങ്ങിയ ആസ്തികൾ സർവ്വെ ചെയ്ത് പോർട്ടലിൽ പബ്ലിഷ് ചെയ്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ആദായ നികുതി ഫൈനൽ ബില്ലിൽ നിന്നും കുറവ് ചെയ്യുന്നതാണെന്നും മറുപടി നൽകി.

തുടർ നടപടി പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-31 ഡയാലിസിസ് രോഗികൾക്ക് നഗരസഭാ വിഹിതം നൽകൽ- സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല.

പ്രോജക്ട് നമ്പർ. : 4/23, 49/23 (സ്പിൽഓവർ)

ആകെ ചെലവ് : 7,79,080/- (631240/- + 147840/-) രൂപ,

നിർവ്വഹണം : സെക്രട്ടറി

നഗരസഭയുടെ 2022-23 വർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തിയ മേൽ പദ്ധതികൾ പ്രകാരം കിഡ്നി രോഗികൾക്ക് സൗജന്യമായി ഡയാലിസിസ് ചെയ്യുന്നതിനായി അൽമാസ് ഹോസ്പിറ്റൽ, കോട്ടക്കലുമായി ചേർന്ന് പ്രോജക്ട് നടപ്പാക്കിയിട്ടുണ്ട്. 40% തുക നഗരസഭയും, 40% അൽമാസ് ഹോസ്പിറ്റലും, 20% പൊതുജന സമാഹരണത്തിലൂടെയും കണ്ടെത്തി കിഡ്നി രോഗികൾക്ക് സൗജന്യ ഡയാലിസിസ് നടത്തുന്നതിനുള്ള പ്രൊജക്ട് ഏറ്റെടുക്കാൻ 2015-16 ൽ സർക്കാർ ഉത്തരവ് (സാ.ധാ) നമ്പർ 957/2016 ത.സ്വ.ഭ.വ. തിയ്യതി 01.03.2016 പ്രകാരം അനുമതി നൽകിയിരുന്നു. ഇതേ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുടർ വർഷങ്ങളിലും ഇപ്രകാരം നഗരസഭ പ്രൊജക്ട് നിർവ്വഹിക്കുകയും, ഡയാലിസിസ് ചെയ്ത രോഗികളുടെ എണ്ണവും ചെലവും കാണിച്ച് അൽമാസ് ഹോസ്പിറ്റൽ ലഭ്യമാക്കുന്ന ഡിമാന്റ് ലെറ്ററിലെ ചെലവ് തുകയുടെ 40% അൽ മാസ് ഹോസ്പിറ്റലിന് അനുവദിക്കുകയും ചെയ്തു വരുന്നു. ഇത് പ്രകാരം ഒരു ഡയാലിസിസിന് 440 രൂപയായിരുന്ന അൽമാസ് ആശുപത്രിക്ക് നൽകിയിരുന്നത്. (1100 രൂപയുടെ 40% ), 7.11.2022 ലെ 4-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം അൽമാസ് ആശുപത്രിയുടെ അഭ്യർത്ഥന പരിഗണിച്ച് ഈ തുക 600 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. ( 1500 രൂപയുടെ 40% ). 2022-23 വർഷത്തിൽ ഇപ്രകാരം ചെലവ് ചെയ്തതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | ചെക്ക് നമ്പർ | മാസം | രോഗികളുടെ എണ്ണം | ഡയാലിസിസ് ചെയ്ത എണ്ണം | നൽകിയ തുക |
|---|---|---|---|---|---|
| 4/23 | 10207466/17.1.2023<br>460840രൂപ | 4/2022 | 7 | 80 | 35200 |
| | | 5/2022 | 6 | 78 | 34320 |
| | | 6/2022 | 6 | 78 | 34320 |
| | | 7/2022 | 11 | 124 | 54560 |
| | | 8/2022 | 11 | 144 | 63360 |
| | | 9/2022 | 10 | 130 | 57200 |
| | | 10/2022 | 10 | 130 | 57200 |
| | | 11/2022 | 9 | 117 | 51480 |

| | | | | | |
|---|---|---|---|---|---|
| | | 12/2022 | 9 | 122 | 73200 |
| | 10208197/ 22.3.2023 170400രൂപ | 1/2023 | 13 | 128 | 76800 |
| | | 2/2023 | 13 | **156** | **93600** |
| 49/23 | 10205523/ 19.10.2022 147840രൂപ | 1/2022 | 10 | 126 | 55440 |
| | | 2/2022 | 9 | 106 | 46640 |
| | | 3/2022 | 8 | 104 | 45760 |
| | ആകെ | | 132 | | 779080 |

ഫയൽ പരിശോധിച്ചതിൽ ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ ചുവടെ ചേർത്തിട്ടുള്ള അപാകതകൾ ശ്രദ്ധയിൽ പ്പെട്ടു.

1). തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ 01.01.2021 ലെ ഡിഎ 1/321/2020/ തസ്വഭവ നമ്പർ സർക്കുലർ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വൃക്കരോഗികൾക്ക് ഡയാലിസിസിന് ധനസഹായം നൽകുന്ന പ്രൊജക്ട് മെഡിക്കൽ ഓഫീസർ നിർവ്വഹിക്കണം എന്നും ധനസഹായം ബന്ധപ്പെട്ട ഡയാലിസിസ് നടത്തുന്ന ആശുപത്രികൾക്ക് കൈമാറേണ്ടത് മെഡിക്കൽ ഓഫീസർ ആണ് എന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ നഗരസഭയിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് സെക്രട്ടറിയാണ്.

2). പതിനാലാം പദ്ധതി- സബ്സിഡി മാർഗ്ഗരേഖ (സ . ഉ (കൈ) നം.115/2022/ത. സ്വ. ഭ.വ, തി-28.5.2022, ഖണ്ഡിക-7.6.7 പ്രകാരം തദ്ദശ സ്വയംഭരണ സ്ഥാപനങ്ങൾ വൃക്ക രോഗികൾക്ക് ഡയാലിസിസിന് ധന സഹായം നൽകുമ്പോൾ ആഴ്ചയിൽ പരമാവധി 1,000/- രൂപ ക്രമത്തിൽ പ്രതിമാസം 4,000/- രൂപ വരെ മാത്രമാണ് പരമാവധി ഡയാലിസിസ് നടത്തുന്ന ആശുപത്രികൾക്ക് നൽകാൻ അനുമതിയുള്ളത്. അതു പ്രകാരം 132x4,000=5,28,000 രൂപ മാത്രമെ ചെലവഴിക്കാൻ അനുവാദമുള്ളു. എന്നാൽ നഗരസഭ 7,79,080 രൂപ ചെലവ് ചെയ്തിട്ടുണ്ട്. ഈയിനത്തിൽ 2,51,080 /- (7,79,080-5,28,000) രൂപയുടെ അധികചെലവ് ഉണ്ടായിട്ടുണ്ട്.

3). ഡിമാന്റ് ലെറ്ററിലെ ചെലവ് തുകയുടെ 40% അൽമാസ് ഹോസ്പിറ്റലിന് അനുവദിക്കുന്നതിന് മുമ്പ് ഗുണഭോക്താക്കൾക്ക് ഈ സേവനം ലഭിച്ചുവെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തുന്നില്ല. ഇപ്രകാരം ഡയാലിസിസ് നടത്തിയ രോഗികളുടെ കൃത്യമായ വിവരം, ഡയാലിസിസ് നടത്തിയ കാലയളവ് ,ഡയാലിസിസിന്റെ എണ്ണം എന്നിവ നിരീക്ഷിക്കുന്നതിന് നഗരസഭയിൽ സംവിധാനവുമില്ല. ഡയലിസിസിന് വിധേയരായ ഗുണഭോക്താക്കൾ അവർക്ക് സൗജന്യ ഡയാലിസിസ് സേവനം ലഭിച്ചിട്ടുണ്ട് എന്ന സാക്ഷ്യപത്രവും ഹാജരാക്കിയിട്ടില്ല. നഗരസഭയിൽ ഇത് സംബന്ധിച്ച് സൂക്ഷിച്ച റജിസ്റ്ററിൽ 52 രോഗികളുടെ പേർ ചേർത്തിട്ടുണ്ടെങ്കിലും ഡയാലിസിസ് സംബന്ധിച്ച വിവരങ്ങളൊന്നും ചേർത്തിട്ടില്ല.

4). പദ്ധതിക്ക് വേണ്ടി യുള്ള 20% ഫണ്ട് പൊതു ജനങ്ങളിൽ നിന്നും കണ്ടെത്തുന്നതിനാണ് സർക്കാർ അനുമതിയിൽ വ്യക്തമാക്കിയിരുന്നത്. എന്നാൽ ഇപ്രകാരം ഫണ്ട് പിരിച്ചെടുത്തതിന്റെ വിവരം ലഭ്യമല്ല,

5). അൽമാസ് ആശുപത്രി മുഖേന പദ്ധതി നടപ്പാക്കുന്നതിനാൽ മറ്റ് ആശുപത്രികളിൽ നിന്നും ഡയാലിസിസ് നടത്തുന്നവർക്ക് ഈ സേവനം ലഭിക്കാതെ പോകുന്നതിന് കാരണമാകുന്നു.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

(ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 9/18.1.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-32 കണ്ടിൻജന്റ് എംപ്ലോയീസ്-പെൻഷൻ ഫണ്ട് രൂപീകരിച്ചിട്ടില്ല.

1997 ലെ കേരള മുനിസിപ്പാലിററി കണ്ടിൻജന്റ് എംപ്ളോയീസ് (ഡെത്ത് -കം- റിട്ടയർമെൻറ് ബെനഫിററ്) ചട്ടങ്ങൾ പ്രകാരം എല്ലാ ഫുൾ ടൈം കണ്ടിജന്റ് എംപ്ളോയീസിന്റേയും പ്രതിമാസ മൊത്തം വേതനത്തിന്റെ 15% തുക അതത് മാസത്തെ കണ്ടിജൻറ് ജീവനക്കാരുടെ ശമ്പള ബില്ലിനൊപ്പം പിൻവലിച്ച് ശമ്പളം മാറുന്ന ദിവസം തന്നെ ട്രഷറി സേവിംഗ്സ് ബാങ്കിൽ മുനിസിപ്പൽ കണ്ടിൻജന്റ് എംപ്ളോയീസ് പെൻഷൻ ഫണ്ട് എന്ന പേരിൽ സൂക്ഷിക്കേണ്ടതാണ്. ഇങ്ങനെ രൂപീകരിക്കുന്ന പെൻഷൻ ഫണ്ട് വകമാററി ചെലവഴിക്കാനും പാടില്ലാത്തതാണ്. എന്നാൽ നഗരസഭയിൽ നാളിതു വരെയും അത്തരത്തിൽ ഒരു അക്കൗണ്ട് തുടങ്ങി മുനിസിപ്പൽ കണ്ടിജന്റ് എംപ്ളോയീസ് പെൻഷൻ ഫണ്ട് രൂപീകരിച്ചതായി കാണുന്നില്ല. നിലവിൽ 6 സ്ഥിരം കണ്ടിൻജന്റ് ജീവനക്കാർ നഗരസഭയിൽ ജോലി ചെയ്തു വരുന്നുണ്ട്. കണ്ടിൻജന്റ് ജീവനക്കാരുടെ ശമ്പള ബില്ലിൽ മൊത്തം വേതനത്തിന്റെ 15% പെൻഷൻ അംശദാനമായതിനാൽ ഫണ്ടിൽ നിന്ന് അവർക്ക് നൽകേണ്ട വേതനം മാത്രമാണ് പിൻവലിക്കുന്നത്. ആകയാൽ കണ്ടിൻജന്റ് ജീവനക്കാരുടെ പെൻഷൻ അംശദാനമിനത്തിൽ മുനിസിപ്പൽ ഫണ്ടിൽനിന്നും തുകകളൊന്നും പിൻവലിക്കുന്നില്ല. തനത് ഫണ്ടിൽ സൂക്ഷിച്ച നാളിതുവരെയുള്ള കണ്ടിൻജന്റ് പെൻഷൻ അംശദാനത്തുക മുഴുവനും കണക്കാക്കി മുനിസിപ്പൽ ഫണ്ടിൽ നിന്ന് പിൻവലിച്ച് ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കേണ്ടതാണ്. ഇതിനായി ഒരു രജിസ്റ്റർ സൂക്ഷിച്ച് വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഇക്കാര്യം സൂചിപ്പിച്ചിരുന്നെങ്കിലും യാതൊരു നടപടിയും

സ്വീകരിച്ചതായ കാണുന്നില്ല.

തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-33 വലിയപറമ്പ് ഇൻഡോർ സ്റ്റേഡിയം നിർമ്മാണം- പ്രവൃത്തി നാളിതു വരെ പൂർത്തീകരിച്ചിട്ടില്ല

കോട്ടക്കൽ നഗരസഭയുടെ 2018-19 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി 1.5 കോടി രൂപ വകയിരുത്തി നഗരസഭാ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ബഹു വർഷ പ്രോജക്ടായി ആവിഷ്കരിച്ച വലിയപറമ്പ് ഇൻഡോർ സ്റ്റേഡിയം നിർമ്മാണം അക്രഡിറ്റഡ് ഏജൻസിയായ സ്റ്റീൽ ഇൻഡസ്ട്രിയൽസ് ലിമിറ്റഡ് കേരള (SILK) മുഖേന പി.എം.സി. വ്യവസ്ഥയിലാണ് നടപ്പാക്കുന്നത്. പ്രവൃത്തി ടെണ്ടർ ചെയ്തതിൽ 6.75% സെന്റേജ് ചാർജ്ജും ആയതിന്റെ 18% ജി.എസ്.ടി.യും ഉൾപ്പെട്ട നിരക്കാണ് സിൽക്ക് ക്വാട്ട് ചെയ്തത്. രണ്ട് സ്ഥാപനങ്ങൾ പങ്കെടുത്ത ടെണ്ടറിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സിൽക്കിന്റെ ടെണ്ടർ കൗൺസിൽ അംഗീകരിക്കുകയും (തീരുമാനം-8/30.6.2018) കൗൺസിൽ അംഗീകരിച്ചത് പ്രകാരം സിൽക്കുമായി കരാർ ചമയ്ക്കുകയും ചെയ്തു. ( നം.159/18-19,തി-8.3.2019) ശ്രീ. സിദ്ദിഖ്, കീഴേടത്തിൽ (വീട്) മലപ്പുറം എന്ന കരാറുകാരനാണ് പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്നത്. എന്നാൽ SILK ടെണ്ടർ നടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

ഒന്നാം ഘട്ട നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നതോടൊപ്പം കൗൺസിൽ തീരുമാന പ്രകാരം (നം.21/30.5.2020) രണ്ടാം ഘട്ട പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സിൽക്ക് മുഖേന തയ്യാറാക്കുകയും 55 ലക്ഷം രൂപ അടങ്കലിൽ ഭരണാനുമതിയും ഡിപിസി അംഗീകാരവും വാങ്ങി. ഒന്നാം ഘട്ട പ്രവൃത്തികളുടെ ഭാഗമായി 6 ബില്ലുകളിലായി 1,49,99,918 രൂപയുടെയും രണ്ടാം ഘട്ടത്തിൽ 33,73,604 രൂപയുടെയും ബില്ലുകൾ നൽകിയിട്ടുണ്ട്.

വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽ ഇനം | ബിൽ റഫറൻസ് നം | തുക | തുക കൈപ്പറ്റിയത് |
|---|---|---|---|---|
| 1 | **ഒന്നാം ഘട്ടം** മുൻകൂർ | 18151747000901558970/28.3.2019 | 30,00000 | കരാറുകാരൻ |
| 2 | 1st പാർട്ട് ബിൽ | 19151747000901366317/27.2.20 | 34,78,425 | കരാറുകാരൻ & SILK |
| 3 | 2nd പാർട്ട് ബിൽ | 20151747000900836402/17.12.2020 | 15228 | |
| 4 | 2nd പാർട്ട് ബിൽ | 20151747000900836399/17.12.2020 | 50,00000 | |
| 5 | 3rd പാർട്ട് ബിൽ | 21151747000901357877/17.3.2022 | 23,86,907 | |
| 6 | 4th & Final | 21151747000901357861/17.3.2022 | 11,19,359 | |

| | | | | |
|---|---|---|---|---|
| | | ആകെ | 1,49,99,919 | |
| 7 | **രണ്ടാം ഘട്ടം** 1st Part Bill | 20151747000901407225/28.3.2021 | 33,73,604 | |

എന്നാൽ പ്രവൃത്തി നാളിതു വരെ പൂർത്തീകരിക്കുകയോ ഫൈനൽ ബിൽ നൽകുകയോ ചെയ്തിട്ടില്ല. ഓഡിറ്റിന്റെ ഭാഗമായി 23.1.2024 ന് നഗരസഭാ ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ സ്ഥല പരിശോധന നടത്തിയതിൽ നിർമ്മാണം പാതി വഴിയിൽ എത്തി നിൽക്കുന്നതായിട്ടാണ് കാണാൻ കഴിഞ്ഞത്. ഇൻഡോർ സ്റ്റേഡിയം പ്രവർത്തനക്ഷമമാക്കാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല. 2022-23 വർഷത്തെ വാർഷിക പദ്ധതിയിൽ പ്രോജക്ട് സ്പിൽഓവർ ആയി ഉൾപ്പെടുത്തുകയും (പ്രോജക്ട് നമ്പർ- 44/23) 2,21,26,396 രൂപ തനത് ഫണ്ടിൽ നിന്നും വകയിരുത്തുകയും ചെയ്തെങ്കിലും വകയിരുത്തിയ തുക ചെലവഴിച്ചിട്ടില്ല.

ഏറ്റെടുത്ത പ്രവൃത്തിയുടെ ഒന്നാം ഘട്ട പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും രണ്ടാം ഘട്ട പ്രവൃത്തികൾ 60% പൂർത്തീകരിച്ചിട്ടുള്ളതായും എന്നാൽ രണ്ടാം ഘട്ട പ്രവൃത്തികൾക്ക് സമർപ്പിച്ച പാർട്ട് ബില്ലുകൾ പ്രകാരമുള്ള തുക നാളിതു വരെ ലഭിക്കാത്തതിനാൽ പ്രവൃത്തി നിർത്തി വെച്ചിരിക്കുകയാണെന്നും 5.10.2022 ലെ സിൽക്ക്/പി.ഇ.ഡി/എസ്-3518/2022-23/1713 നം കത്തിൽ നിർവ്വഹണ ഏജൻസിയായ സിൽക്ക് അറിയിച്ചിട്ടുണ്ട്. പദ്ധതിയുടെ നിലവിൽ പൂർത്തീകരിച്ച പ്രവൃത്തികൾക്ക് ഫൈനൽ ബിൽ തയ്യാറാക്കി സമർപ്പിക്കുന്നതിന് അനുവാദം നൽകണമെന്നും പദ്ധതി നിലവിലെ അവസ്ഥയിൽ ഏറ്റെടുക്കണമെന്നും സിൽക്ക് അറിയിച്ചിട്ടുണ്ട്. നിലവിൽ തനത് വരുമാനത്തിലുണ്ടായ കുറവ് കാരണമാണ് ബിൽ തുക നൽകുന്നതിന് കാല താമസം നേരിട്ടിട്ടുള്ളതെന്നും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് നഗരസഭ നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും വരുമാനം വർദ്ധിക്കുന്നമുറയ്ക്ക് ബിൽ തുക അനുവദിക്കുന്നതാണെന്നും പ്രവൃത്തി പൂർത്തീകരിച്ച് സ്റ്റേഡിയം നഗരസഭയ്ക്ക് കൈമാറേണ്ടതാണെന്നും നഗരസഭ 25.10.2022 ലെ Pw2-8376/18 നമ്പർ കത്തിൽ സിൽക്കിനെ അറിയിക്കുകയും ചെയ്തു.

2018 DSR നിരക്കും നിലവിലെ ജി.എസ്.ടി. നിരക്കായ 18% വും ഉൾപ്പെടുത്തിയുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം നൽകിയാൽ മാത്രമേ പ്രവൃത്തി പുനരാരംഭിക്കാനും പൂർത്തിയാക്കാനും സാധിക്കുകയുള്ളുവെന്നും അല്ലാത്തപക്ഷം പൂർത്തീകരിച്ച പ്രവൃത്തികളുടെ ഫൈനൽ ബിൽ തയ്യാറാക്കി കരാർ അവസാനിപ്പിക്കുവാനും കരാറുകാരനായ ശ്രീ. സിദ്ദിഖ്, കീഴേടത്തിൽ (ഹൗസ്), മലപ്പുറം അറിയിച്ചതായി സിൽക്ക് 26.11.2022 ലെ കത്തിൽ നഗരസഭയെ അറിയിച്ചിട്ടുണ്ട്. നിലവിൽ സമർപ്പിച്ച ബില്ലുകൾ പ്രകാരം നഗരസഭയിൽ 41,13,664 രൂപയുടെ കുടിശ്ശികയുണ്ടെന്നും ആയതിന് ശേഷം 20 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ആയത് ബിൽ ചെയ്തിട്ടില്ലെന്നും 6.3.2023 ന് സിൽക്ക് വീണ്ടും നഗരസഭയെ അറിയിച്ചിട്ടുള്ളതായി ഫയലിൽ നിന്നും വ്യക്തമാകുന്നു.

ഡി.എസ്.ആർ.2016 റേറ്റ് പ്രകാരം 37.25% കോസ്റ്റ് ഇൻഡക്സിൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് തുകയിൽ തന്നെ ജി.എസ്.ടി. ഉൾപ്പെട്ടിട്ടുള്ളതിനാൽ കരാറുകാരന് പ്രവൃത്തി മൂല്യത്തിന്റെ കൂടെ 12% ജി.എസ്.ടി. കൂട്ടി നൽകേണ്ടതില്ല. എന്നാൽ 12% ജി.എസ്.ടി. കൂട്ടി നൽകുക വഴി മേൽ പ്രവൃത്തിക്ക് ചുവടെ ചേർത്തിട്ടുള്ള വിധം അധികച്ചെലവ് വന്നിട്ടുണ്ട്.

| ബില്ലിനം | നൽകിയ തുക | ആകെ പ്രവൃത്തി മൂല്യം | സെന്റേജ് ചാർജ് 6.75%+ GST (18%) | നൽകാവുന്ന തുക | അധികം |
|---|---|---|---|---|---|
| ഫസ്റ്റ് പാർട്ട്ബിൽ | 6478425 | 5357576 | 4,26,731 | 57,84,307 | 6,94,118 |
| 2ാം പാർട്ട് ബിൽ | 5015228 | 4147533 | 3,30,351 | 44,77,884 | 5,37,344 |
| 3ാം പാർട്ട് ബിൽ | 23,86,907 | 19,73,943 | 1,57,225 | 21,31,168 | 2,55,739 |
| 4ാം പാർട്ട് ബിൽ | 11,19,359 | 9,25,695 | 73,732 | 9,99,427 | 1,19,932 |

| | | | | | |
|---|---|---|---|---|---|
| രണ്ടാം ഘട്ടം- ഒന്നാം പാർട്ട് ബിൽ | 33,73,604 | 30,12,146 | 2,39,917 | 32,52,063 | 1,21,541 |
| ആകെ | | | | | 17,28,674 |

അധികച്ചെലവ് വന്ന 17,28,674 രൂപയിൽ സിൽക്കിന് അധികം നൽകിയ സിൽക്കിൽ നിന്നും കരാറുകാരന് അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഫൈനൽ ബിൽ നൽകുമ്പോൾ ക്രമീകരിക്കേണ്ടതാണ്. തുടർന്ന് നൽകുന്ന ബില്ലുകളിൽ ആകെ പ്രവൃത്തി മൂല്യത്തിനൊപ്പം ജി.എസ്.ടി. 12% കൂട്ടി നൽകേണ്ടതില്ലാത്തതുമാണ്. അധികം നൽകിയ തുക ക്രമീകരിക്കേണ്ടതും പ്രവൃത്തി പൂർത്തീകരിച്ച് ഇൻഡോർ സ്റ്റേഡിയം പ്രവർത്തനക്ഷമമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

( ഓഡിറ്റ് എൻക്വയറി നമ്പർ- 22/20.1.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല)



## 1-34 റജിസ്റ്ററുകളുടെ സൂക്ഷിപ്പ് കാര്യക്ഷമമാക്കേണ്ടതാണ്.

1. ഡെപ്പോസിറ്റ് റജിസ്റ്റർ സൂക്ഷിക്കുന്നില്ല- ഡെപ്പോസിറ്റ് റീഫണ്ട് നിരീക്ഷിക്കുന്നതിന് സംവിധാനമില്ല.

ബസ്സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് റൂമുകൾ ലേലം കൊണ്ട ലേലക്കാർ അടവാക്കിയ ഇ.എം.ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ് , സപ്ലൈയർസ് ഡെപ്പോസിറ്റ് ,കോൺട്രാക്ടേഴ്സ് ഡെപ്പോസിറ്റ് തുടങ്ങി ഡെപ്പോസിറ്റ് ഇനത്തിൽ വൻ തുക വരവ് വരുന്നുണ്ട്. ബസ്സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് റൂമുകൾ ലേലം കൊണ്ട ലേലക്കാർ അടവാക്കിയ ഇ.എം.ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നീയിനങ്ങളിൽ 15 ലക്ഷത്തിലധികം രൂപ ഓഡിറ്റ് വർഷത്തിൽ റീഫണ്ട് ചെയ്തിട്ടുണ്ട്. പണം അടവാക്കിയ രശീതിയുടെ അടിസ്ഥാനത്തിലാണ് റീഫണ്ട് ചെയ്യുന്നതെങ്കിലും ഡെപ്പോസിറ്റ് റജിസ്റ്റർ പരിപാലിക്കാത്തതിനാൽ ഡെപ്പോസിറ്റ് റീഫണ്ടിന്റെ പുരോഗതി / നിലവിലെ അവസ്ഥ നിരീക്ഷിക്കുന്നതിന് സംവിധാനമില്ല. റീഫണ്ട് നൽകിയവരുടെ/നൽകുവാനുള്ളവരുടെ വിവരം, ഡെപ്പോസിറ്റ് റീഫണ്ടിനത്തിൽ എത്ര തുക തിരികെ നൽകുവാനുണ്ട്, എത്ര പേർക്ക് റീഫണ്ട് അനുവദിച്ചു തുടങ്ങിയ വിവരങ്ങൾ വേഗത്തിൽ ലഭിക്കുന്നതിന് സംവിധാനമില്ല. ഡെപ്പോസിറ്റ് തുകകൾ മറ്റാവശ്യങ്ങൾക്ക് വിനിയോഗിക്കപ്പെടുന്ന സാഹചര്യം നഗരസഭയിൽ ഉണ്ടായിരിക്കെ ഡെപ്പോസിറ്റ്/ റീഫണ്ട് നിരീക്ഷിക്കുന്നതിനുള്ള സംവിധാനം വളരെ അനിവാര്യമാണ്.

ഡെപ്പോസിറ്റ് റജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

2. പി എം എ വൈ ഭവനപദ്ധതി - റജിസ്റ്റർ സൂക്ഷിക്കുന്നില്ല.

പി.എം.എ.വൈ. പദ്ധതി പ്രകാരം എഗ്രിമെന്റ് വെച്ച ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിന്റെ പുരോഗതി നിരീക്ഷിക്കുന്നതിനും വിവിധ ഗഡുക്കളായി ധനസഹായം കൈപറ്റിയ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണ സ്റ്റേജ് വിവരം പരിശോധിക്കുന്നതിനുമുള്ള റജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഇക്കാരണത്താൽ ഓരോ ഗുണഭോക്താവിന്റെയും ഭവന നിർമ്മാണം ഏത് ഘട്ടത്തിലാണെന്നും ഓരോ ഗുണഭോക്താവും ഏതെല്ലാം ഗഡുക്കൾ കൈപറ്റിയെന്നും നിരീക്ഷിക്കുന്നതിന് സംവിധാനമില്ല. ഓരോ ഗുണഭോക്താവിന്റെയും ഭവന നിർമ്മാണ പുരോഗതി വ്യക്തമാകുന്ന രീതിയിൽ പി.എം.എ.വൈ.രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

## 1-35 വിവിധ ചിറകളുടെ നവീകരണം- പൂർത്തീകരണ /വിനിയോഗ വിവരം ലഭ്യമല്ല

ഫയൽ നം. E2-18444/22

നിർവ്വഹണം- സെക്രട്ടറി

നഗരസഭയുടെ 2022-23 വർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി വിവിധ ചിറകളുടെ നവീകരണത്തിനായി

ചെറുകിട ജലസേചന വകുപ്പിൽ ചുവടെ ചേർത്തിട്ടുള്ള വിധം തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തിയുടെ പൂർത്തീകരണ/ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

നഗരസഭാ പരിധിയിലെ ഇരണിയൻ ചിറ, മതിലകം ചിറ,പെരുന്താട്ടിൽ ചിറ, നായർ ചിറ, മരവട്ടം ചിറ എന്നീ ചിറകളുടെ പുനരുദ്ധാരണത്തിനായി ചെറുകിട ജലസേചന വകുപ്പ് 58,65,000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും 5/30.12.2022 ലെ കൗൺസിൽ തീരുമാന പ്രകാരം മേൽ എസ്റ്റിമേറ്റ് അംഗീകരിക്കുകയും 22.2.2023 ന് ചെറുകിട ജലസേചന വകുപ്പുമായി കരാർ ചമയ്ക്കുകയും ചെയ്തു.( നം. 13/2022-23,22.3.2023). ടെണ്ടർ ചെയ്ത് നടപടികൾ പൂർത്തിയാക്കി ഒരു വർഷത്തിനകം പ്രവൃത്തി പൂർത്തീകരിക്കണമെന്ന് എഗ്രിമെന്റിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

തുക കൈമാറിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | കൈമാറിയ തുക | ബിൽ റഫറൻസ് നം. | തുക കൈപറ്റിയത് |
|---|---|---|---|
| നഗരസഭാ പരിധിയിലെ വിവിധ ചിറകളുടെ നവീകരണം, 293/23 | 22,45000<br>22,88,954 | 22151747000901086196/ 24.1.2023<br>22151747000901154222/ 4.2.2023 | എക്സി. എഞ്ചിനീയർ, മൈനർ ഇറിഗേഷൻ വകുപ്പ്. |
| നഗരസഭാ പരിധിയിലെ വിവിധ ചിറകളുടെ നവീകരണം ബാലൻസ് തുക അടവാക്കൽ, 328/23 | 1331046 | Payment Advice No. Co32331519444<br>Date- 14.3.2023<br>PFMS Txn ID Co32331519397 | എക്സി. എഞ്ചിനീയർ, മൈനർ ഇറിഗേഷൻ വകുപ്പ്. |
| **ആകെ** | **58,65000** | | |

മേൽ പ്രവൃത്തികളുടെ പൂർത്തീകരണ/ വിനിയോഗ സാക്ഷ്യപത്രം ചെറുകിട ജലസേചന വകുപ്പിൽ നിന്നും ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-23/20.1.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ പ്രവൃത്തികളുടെ പൂർത്തീകരണ/ വിനിയോഗ സാക്ഷ്യപത്രം ചെറുകിട ജലസേചന വകുപ്പിൽ നിന്നും ലഭ്യമാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-36 അങ്കണവാടിയിലെ കുഴൽകിണർ നിർമ്മാണം- തുക തിരികെ ലഭ്യമാക്കിയിട്ടില്ല.

നിർവ്വഹണം : സെക്രട്ടറി

പ്രോജക്ട് : അങ്കണവാടിയിൽ കുഴൽകിണർ നിർമ്മാണം, വാർഡ്-16

പ്രോജക്ട് നം. : 39/23

അടങ്കൽ : 100000

ചെലവ് തുക : 70990 രൂപ

ഫണ്ട് : സി.എഫ്.സി ഗ്രാന്റ്

ബിൽ റഫറൻസ് നം. : 22151747000901078750/23.1.2023

നഗരസഭയുടെ 2022-23 വർഷത്തെ പദ്ധതിയിൽ സ്പിൽഓവർ ആയി ഉൾപ്പെടുത്തിയ മേൽ പ്രോജക്ട് പ്രകാരം, വാർഡ്-16 ലെ പണിക്കർകുണ്ട് അങ്കണവാടിയിൽ കുഴൽ കിണർ നിർമ്മിക്കുന്നതിന് ഭൂജല വകുപ്പിന്റെ എസ്റ്റിമേറ്റ് പ്രകാരം 70990 രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഭൂജല വകുപ്പിന്റെ ഫീസിബിലിറ്റിയുടെ അടിസ്ഥാനത്തിലാണ് തുക ഡെപ്പോസിറ്റ് ചെയ്തതെങ്കിലും അങ്കണവാടിയിലേക്കുള്ള റോഡിന്റെ വീതി വളരെ കുറവായതിനാൽ ഒരു റിഗ്ഗിനും അവിടെ എത്തിച്ചേരാൻ സാധിക്കാത്തതിനാൽ കുഴൽ കിണർ കുഴിക്കാൻ സാധിക്കുകയില്ലെന്നും തുക തിരികെ നൽകുന്നതിന് അക്കൗണ്ട് വിവരങ്ങൾ ലഭ്യമാക്കണമെന്നും 19.9.2023 ലെ ജി.എം.1654/21 നം. കത്തിൽ ഭൂജല വകുപ്പ് ജില്ലാ ഓഫീസർ നഗരസഭയെ അറിയിച്ചിട്ടുണ്ട്. എന്നാൽ അടവാക്കിയ 70990 രൂപ നഗരസഭയ്ക്ക് തിരികെ ലഭിച്ചതായി വിവരം ഫയലിൽ ഇല്ല.

തുക തിരികെ ലഭിച്ചിട്ടുണ്ടെങ്കിൽ ടി- വിവരവും അല്ലാത്തപക്ഷം തുക തിരികെ ലഭ്യമാക്കാൻ സ്വീകരിച്ച നടപടി വിവരവും അറിയിക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 32/22.1.2024 നള്ള മറുപടിയിൽ തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന മറുപടിയാണ് ലഭ്യമാക്കിയത്. തുക തിരികെ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-37 വയോമിത്രം- സാമൂഹ്യ സുരക്ഷാ മിഷന് വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

ജി.ഒ (ആർ.ടി.) 1209/2013/ത.സ്വ.ഭ.വ, തി-6.5.2013 പ്രകാരം വയോമിത്രം പദ്ധതിയുമായി ബന്ധപ്പെട്ട് സാമൂഹ്യ സുരക്ഷാ മിഷന് 10,00,000 രൂപ സംഭാവന നൽകുന്നതിന് നഗരസഭകൾക്ക് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ തന്നെ സാമൂഹ്യ സുരക്ഷാ മിഷൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണമെന്നും നിർദ്ദേശമുള്ളതാണ്.

ചെലവിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | കൈമാറിയ തുക | റിമാർക്സ് |
|---|---|---|
| വയോമിത്രം-സാമൂഹ്യ സുരക്ഷാ മിഷന് വിഹിതം നൽകൽ<br>പ്രോജക്ട് നം. 27/23<br>ഫണ്ടിനം- സി.എഫ്.സി.<br>നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി | 1000000 | Payment Advice No.<br>Co92248544836<br>Date-28.9.2022<br>PFMS.Txn.ID-<br>Co92248545028 |

മേൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 54/25.1.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-38 അജൈവ മാലിന്യ നിർമ്മാർജ്ജനം – ജി എസ് ടി ഉൾപ്പെടെയുള്ള തുക അനുവദിച്ചു

ഫയൽ നം. H1- 15410/19

നഗരസഭയിലെ അജൈവ മാലിന്യം നീക്കം ചെയ്യുന്നതിന് ക്ലീൻ കേരള കമ്പനിക്ക് ചുവടെ ചേർത്തിട്ടുള്ള വിധം തനത് ഫണ്ടിൽ നിന്നും തുക നൽകിയിട്ടുണ്ട്.

| വൗച്ചർ നം. | തുക | വേസ്റ്റിന്റെ തൂക്കം (Kg) | ഇൻവോയ്സ് നം. |
|---|---|---|---|
| 22201238/11.1.2023 | 82482 | 4410<br>2580 | D23/SER22-23/408/3.10.2022<br>D23/SER22-23/383/30.09.2022 |
| 22201336/8.2.2023 | 110271 | 9345 | D23/SER22-23/698/12.12.2022 |
| ആകെ | 192753 | 16335 | |

മൊത്തം 16335കി.ഗ്രാം റിജക്ടഡ് വേസ്റ്റ് നീക്കം ചെയ്യുന്നതിന് കിലോഗ്രാമിന് 10 രൂപ നിരക്കിലാണ് തുക നൽകിയിട്ടുള്ളത്. എന്നാൽ മേൽ ബില്ലിൽ 18% ജിഎസ് ടി തുക (29403 ) യും ഉൾപ്പെടുത്തിയാണ് 192753 രൂപ ക്ലെയിം ചെയ്തിട്ടുള്ളത്. സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ജോയിന്റ് കമ്മീഷണറുടെ 03.10.2022 ലെ JC – MPLM/643/2022-M4നമ്പർ കത്ത് പ്രകാരം പാഴ് വസ്തുക്കളുടെ നീക്കം ചെയ്യൽ പ്രവർത്തനങ്ങൾ ജി എസ് ടിയിൽ നിന്നും ഒഴിവാക്കിയതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ ഇൻവോയ്സ് പ്രകാരം ജി എസ് ടി ഉൾപ്പെടെയുള്ള തുക ക്ലെയിം ചെയ്യുകയും ആയത് അനുവദിക്കുകയും ചെയ്തിട്ടുള്ളതാണ്. ജി എസ് ടി ഉൾപ്പെടെയുള്ള തുക അനുവദിച്ചതിന് ആധാരമാക്കിയ സർക്കാർ ഉത്തരവ് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 50/24.1.2024ന് ജി.ഒ (ആർടി.)2112/2019/ത.സ്വ.ഭ.വ., തി-27.9.2019 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ജി.എസ്.ടി.അനുവദിച്ചതെന്ന് അറിയിച്ചു. സേവന നികുതി ബാധകമാകുന്നുവെങ്കിൽ മാത്രമാണ് ജി.എസ്.ടി.ക്ക് അർഹതയുള്ളത്. പാഴ് വസ്തുക്കൾനീക്കം ചെയ്യുന്ന പ്രവർത്തനങ്ങൾ ജി.എസ്.ടി.യിൽ നിന്നും ഒഴിവാക്കിയതായി ജി.എസ്.ടി. വകുപ്പ് വ്യക്തത വരുത്തിയിട്ടുള്ളതിനാൽ ജി.എസ്.ടി. കൂട്ടി നൽകിയത് അംഗീകരിക്കുന്നില്ല. അധികം നൽകിയ 29403 രൂപ ക്ലീൻ കേരള കമ്പനിയിൽ നിന്നും ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-39 നൽകിയ തുകക്കുള്ള മുഴുവൻ മരുന്നുകൾ ലഭ്യമായിട്ടില്ല.

**1) പ്രോജക്ട് നമ്പർ.05/2022-23 (എഫ്.എച്ച്.സിയിലേക്ക് മരുന്ന്, ലാബ് റീ ഏജൻസ് വാങ്ങൽ)**

അടങ്കൽ-396000 (മെയിന്റെനൻസ് ഫണ്ട് റോഡിതരം)

പ്രൊഫോർമ ഇൻവോയിസ് നമ്പർ- PRF 2374/18.11.2022

പ്രൊജക്ട് പ്രകാരം, മരുന്ന് ലഭ്യമാക്കുന്നതിന് വേണ്ടി, കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ, തിരുവനന്തപുരത്തിന് BRN-2215174700895492/12.12.2022 പ്രകാരം 2,39,999/-രൂപ നല്കിയിരുന്നു. എന്നാൽ 1,39,394/-രൂപക്കുള്ള മരുന്നുകൾ മാത്രമാണ് ലഭ്യമായത്. ലഭ്യമായ മരുന്നിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇൻവോയിസ് നം | തുക |
|---|---|
| 9644/17.06.23 | 6362 |
| 9646/17.06.23 | 65825 |
| 10422/24.06.23 | 37666 |
| 16945/23.08.23 | 29541 |
| Total | 139394 |

ബാക്കി 1,00,605/- രൂപക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല.

**2). പ്രോജക്ട് നമ്പർ.03/2022-23 (പാലിയേറ്റീവ് കെയർ).**

അടങ്കൽ-944740 (വികസന ഫണ്ട്- ജനറൽ)

പ്രൊഫോർമ ഇൻവോയിസ് നമ്പർ- PRF 1944/2.11.2022

പ്രൊജക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി, മരുന്ന് ലഭ്യമാക്കുന്നതിന് വേണ്ടി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ, തിരുവനന്തപുരത്തിന്, BRN-2215174700895497/12.12.2022 പ്രകാരം 1,49,999/-രൂപ നല്കിയിരുന്നു. എന്നാൽ 1,42,212 രൂപക്കുള്ള മരുന്നുകൾ മാത്രമാണ് ലഭ്യമായത്. ലഭ്യമായ മരുന്നിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇൻവോയിസ് നം | തുക |
|---|---|
| 9576/16.6.23 | 14448 |
| 11127/36.6.23 | 7648 |
| 12092/8.7.23 | 602 |
| 15682/11.8.23 | 2881 |
| 13387/19.7.23 | 42449 |
| 14077/27.7.23 | 69845 |
| 19826/23.10.23 | 542 |
| 24603/18.01.24 | 3797 |
| Total | 142212 |

ബാക്കി 7,787/- രൂപക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (12/18.01.2024)ക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. നൽകിയ മുഴുവൻ തുകക്കും മരുന്നുകൾ ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-40 എഞ്ചിനിയറിംഗ് വിഭാഗം - കാഷ്ബുക്ക് എഴുതിയിട്ടില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P) 177/2006/Fin Dt 12.04.2006 നം ഉത്തരവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും TR7A മാതൃകയിലുള്ള കാഷ് ബുക്ക്, സബ്സിഡിയറി രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ( Para 18.1, 18.3 )

നഗരസഭയിലെ നിർവഹണോദ്യോഗസ്ഥനായ മുനിസിപ്പൽ എഞ്ചിനിയർ മേൽ നിർദ്ദേശപ്രകാരം കാഷ്ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല.

കാഷ്ബുക്ക് എഴുതി സൂക്ഷിക്കാത്തതിനാൽത്തന്നെ നിർവഹണോദ്യോഗസ്ഥന്റെ വരവ് ചെലവുകളുടെ മുഴുവൻ രേഖകളും പരിശോധനക്ക് ഹാജരാക്കിയോ എന്നത് പരിശോധിച്ച് ഉറപ്പ് വരുത്താനായിട്ടില്ല. കാഷ്ബുക്ക് എഴുതി പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 39/22.01.2024 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-41 കണക്കിൽപെടാത്ത പണം അക്കൗണ്ടിൽ അവശേഷിക്കുന്നു.

മുനിസിപ്പൽ എഞ്ചിനിയറുടെ പേരിൽ SBI ലുള്ള 67335418465 നമ്പർ അക്കൗണ്ടിൽ 01.01.2024 ന് 9,40,454 രൂപ (31.03.2023 ന് ₹ 6,98,287) ചെലവഴിക്കാതെ അവശേഷിക്കുന്നതായി സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ വ്യക്തമായി. ടെണ്ടർ ഫീസിന് പുറമെ മറ്റ് സാമ്പത്തിക ഇടപാടുകളും ഈ അക്കൗണ്ട് മുഖേന നടക്കുന്നതായി സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ വ്യക്തമാകുന്നുണ്ട്.

മുനിസിപ്പൽ എഞ്ചിനിയറുടെ പേരിൽ ട്രഷറിയിൽ 799011400001303 നമ്പർ STSB അക്കൗണ്ടിൽ 31.03.2023 ന് ₹48,56,693 ബാക്കിയുണ്ടായിരുന്നു. 14.11.2023 ന് 7,63,139 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. ഈ തുക നിലവിലും അവശേഷിക്കുന്നതായാണ് വ്യക്തമാകുന്നത്. മുനിസിപ്പൽ എഞ്ചിനീയർ പ്രവൃത്തി പൂർത്തീകരിച്ച് ബിൽ നൽകുന്നതിന് ആവശ്യപ്പെടുന്ന തുക മാത്രമേ ട്രഷറി അക്കൗണ്ടിലേക്ക് അനുവദിക്കുന്നുള്ളൂ എന്നതിനാൽ ഈ അക്കൗണ്ടിൽ പണം ചെലവഴിക്കാതെ അവശേഷിക്കാൻ പാടില്ല. അനുവദിക്കപ്പെട്ട പണം അർഹരായവർക്ക് നൽകിയിട്ടില്ല എന്നാണ് പണം ചെലവഴിക്കാതെ അവശേഷിക്കുന്നതിൽ നിന്ന് വ്യക്തമാകുന്നത്.

മുനിസിപ്പൽ എഞ്ചിനീയർ കാഷ് ബുക്ക് എഴുതി സൂക്ഷിക്കാത്തതിനാൽ അക്കൗണ്ടുകളിലെ വരവ് ചെലവ്, നീക്കിയിരുപ്പ് വിവരം ഓഡിറ്റിന് പരിശോധിച്ച് ഉറപ്പുവരുത്താനാവുന്നില്ല. അക്കൗണ്ടുകളിലെ ഇടപാടുകൾ നിരീക്ഷിക്കുന്നതിന് മറ്റ് ഏതെങ്കിലും രജിസ്റ്ററുകളും സൂക്ഷിക്കുന്നില്ല. അതിനാൽത്തന്നെ അക്കൗണ്ടിൽ വരവ് വന്ന തുകകൾ അർഹരായവർക്ക് തന്നെയാണോ നൽകിയത് എന്നും ബാക്കി നിൽക്കുന്ന തുക ആർക്കെല്ലാം നൽകാനുള്ളതാണ് എന്നത് സംബന്ധിച്ചും ഓഡിറ്റിന് പരിശോധന നടത്താൻ സാധിക്കുന്നില്ല.

മുനിസിപ്പൽ എഞ്ചിനീയറുടെ പേരിലുള്ള എല്ലാ അക്കൗണ്ടുകളുടെയും വരവ് ചെലവ് നീക്കിയിരുപ്പ് തുകകളുടെ വിവരം വ്യക്തമായി രേഖപ്പെടുത്തി കാഷ്ബുക്ക് തയ്യാറാക്കേണ്ടതും ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളുടെ വിശദ വിവരം ലഭ്യമാക്കേണ്ടതും തുക അർഹരായവർക്ക്/ വകുപ്പുകൾക്ക് നൽകി വിവരം അറിയിക്കേണ്ടതുമാണ്.

അക്കൗണ്ടിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (56/25.01.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-42 ഇ ടെണ്ടർ -ടെണ്ടർ ഫീ നഗരസഭയിൽ ഒടുക്ക് വരുത്തിയിട്ടില്ല.

മുനിസിപ്പൽ എഞ്ചിനിയറുടെ പേരിൽ SBI ലുള്ള 67335418465 നമ്പർ അക്കൗണ്ടിലാണ് ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫീ ഒടുക്ക് വരുത്തുന്നത്. മേൽ പരാമർശിക്കപ്പെട്ട അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ച തുക നാളിതുവരെ നഗരസഭയിൽ ഒടുക്ക് വരുത്തിയിട്ടില്ല എന്ന് വ്യക്തമായി. അസിസ്റ്റന്റ് എഞ്ചിനീയർക്ക് ലഭിച്ച തുക നഗരസഭയിൽ ഒടുക്ക് വരുത്താത്തതിനാൽ നഗരസഭയുടെ വാർഷിക ധനകാര്യ പത്രികയിലും തുക വരവ് വന്നിട്ടില്ല.

ടെണ്ടർ ഫീ ഇനത്തിൽ നാളിതുവരെ ലഭിച്ച തുക കണക്കാക്കി പ്രസ്തുത തുക നഗരസഭയിൽ ഒടുക്ക് വരുത്തി വിവരം അറിയിക്കേണ്ടതാണ്.

ഇക്കാര്യം പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 18/19.01.2024 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-43 മുൻകാലങ്ങളിൽ പൂർത്തീകരിച്ച പ്രവൃത്തികൾ - പണം നൽകുന്നതിൽ മുൻഗണനാ ക്രമം പാലിക്കുന്നില്ല.

നഗരസഭയുടെ തനത് ഫണ്ട് വകയിരുത്തി മുനിസിപ്പൽ എഞ്ചിനീയർ നിർവഹണം നടത്തിയ വിവിധ പ്രവൃത്തികളുടെ പണം നൽകാൻ അവശേഷിക്കുന്നതായി രേഖകൾ പരിശോധിച്ചതിൽ വ്യക്തമായിട്ടുണ്ട്. ഇത്തരത്തിൽ പണം നൽകാൻ അവശേഷിക്കുന്ന വിവിധ പ്രവൃത്തികൾക്ക് 2022-23 സാമ്പത്തിക വർഷത്തിൽ തനത് ഫണ്ടിൽ നിന്ന് പണം അനുവദിച്ചിട്ടുണ്ട്. രേഖകൾ പരിശോധിച്ചതിൽ 2018-19, 2019-20, 2020-21 വർഷങ്ങളിൽ പൂർത്തീകരിച്ച വളരെയധികം പ്രവൃത്തികളുടെ പണം നൽകാൻ അവശേഷിക്കെ 2021-22 ലും 2022-23 ലും പൂർത്തീകരിച്ച പ്രവൃത്തികളുടെ പണം അനുവദിച്ച് നൽകിയതായി വ്യക്തമായി.

വിശദ വിവരം താഴെ നൽകുന്നു.

2022-23 ൽ തനത് ഫണ്ടിൽ നിന്ന് പണം നൽകിയ ഏതാനും പ്രവൃത്തികളുടെ വിവരം താഴെ നൽകുന്നു.

| ക്രമ നം | പ്രവൃത്തിയുടെ വിവരം | പൂർത്തിയാക്കിയ തിയ്യതി | പ്രവൃത്തി മൂല്യം. | 2022-23 ൽ നൽകിയ തുക |
|---|---|---|---|---|
| 1 | നായാടിപ്പാറ സൗപർണ്ണിക ഇടവഴി | 14/06/2022 | 141386/- | 141386 |

| | | | | |
|---|---|---|---|---|
| | കോൺക്രീറ്റ് 91/23 | | | |
| 2 | മംഗലം റോഡ് കോൺക്രീറ്റ് 103/23 | 20/04/2022 | 99547/- | 99547 |
| 3 | കുളമ്പ് ചെരട അലവികുട്ടി ഹാജി റോഡ് കോൺക്രീറ്റ് 102/23 | 24/04/2022 | 485268/- | 485268 |
| 4 | പത്തായകല്ല് ഇന്റർലോക്ക് 68/23 | 02/04/2022 | 95876/- | 95876 |
| 5 | എലുമ്പിലാശ്ശേരി ചുള്ളിക്കാട് റോഡ് കോൺക്രീറ്റ് 128/23 | 30.03.2022 | 299203 | 299203 |
| 6 | ടാക്സി സ്റ്റാന്റിന് മുകളിൽ ലൈബ്രറി ബിൽഡിംഗ് നിർമ്മാണം ( 89/23 ) | 11.04.2022 | 925000 | 925000 |
| 7 | സർഹിന്ദ് നഗർ ഇയ്യാകുളമ്പ് റോഡ് രണ്ടാംഘട്ടം ( 133/23) | 07.02.2022 | 86746 | 86746 |

നഗരസഭയിൽ നിന്നും ലഭ്യമാക്കിയ രേഖകൾ പ്രകാരം 2022-23 സാമ്പത്തിക വർഷം കഴിഞ്ഞതിന് ശേഷവും പണം നൽകാൻ അവശേഷിക്കുന്ന ഏതാനും പ്രവൃത്തികളുടെ വിവരം താഴെ നൽകുന്നു.

| ക്രമ നമ്പർ. | പ്രൊജക്ട് | പൂർത്തീകരിച്ച തിയ്യതി | പ്രവൃത്തി മൂല്യം |
|---|---|---|---|
| 1 | ബഡ്സ് സ്കൂൾ നിർമ്മാണം ( 60/23 ) | 20.07.2020 | 3949052 |
| 2 | ഊരങ്ങാട്ട് ഇടവഴി പുനരുദ്ധാരണം കോൺക്രീറ്റിംഗ് (61/23 ) | 2020 | 200000 |
| 3 | പുലിക്കോട് പുന്നക്കോടൻ ടാറിംഗ്, വാർഡ്-29 (63/23 ) | 15.01.2021 | 756682 |
| 4 | ആശാരി കുളമ്പ് മിനി കുടിവെള്ള പദ്ധതി വാർഡ് 22 (64/23 ) | 04.02.2021 | 361107 |
| 5 | തള്ളാരത്തൊടി ഓവുപാലം നിർമിക്കുക (65/23 ) | 2020 | ലഭ്യമല്ല. |
| 6 | കോട്ടക്കൽ നഗരസഭയിലെ 17 -ാം വാർഡിൽ ഉൾപ്പെട്ട മാറാക്കര പഞ്ചായത്തുമായി ഇന്ത്യനൂർ - വലിയപറമ്പ് റോഡ് ബാക്കി ഭാഗം ടാറിംഗ് & സൈഡ് കെട്ടലും (66/23 ) | 23.01.2021 | 960264 |
| 7 | തയ്യിൽകുളമ്പ് കടവണ്ടി റോഡ് ഇൻർലോക്കിംഗ് വാർഡ് 19 (69/23) | 19.10.2020 | 300000 |
| 8 | മൈത്രിനഗർ റോഡ് തേഡ് ലൈൻ സ്ട്രീറ്റ് കോൺക്രീറ്റ് (74/ 23) | 2021 | ലഭ്യമല്ല. |
| 9 | മൂപ്പേടത്ത് റോഡ് സൈഡ് കോൺഗ്രീറ്റ് വാർഡ് 8 (76/23) | 27.05.2020 | 200000 |
| 10 | സംഗീത തോക്കാംപാറ ഹാൻറ് റെയിൽ സ്ഥാപിക്കൽ വാർഡ് 31 (77/23) | 20.01.2021 | 111376 |
| 11 | സർഹിന്ദ് നഗർ ശിഹാബ് തങ്ങൾ റോഡ് ഇന്റർലോക്കിംഗ് & സൈഡ് കെട്ടൽ വാർഡ് 24 (82/23) | 18.09.2020 | 428986 |
| 12 | സർഹിന്ദ് നഗർ അങ്കണവാടി നവീകരണം വാർഡ് 24 (86/23) | 08.01.2021 | 363963 |
| 13 | സർഹിന്ദ് നഗർ വളപ്പിൽ റോഡ് റിടാറിംഗ് (87/23) | 2020 | 300000 |

| | | | |
|---|---|---|---|
| 14 | കമ്മിറ്റിപീടിക കർത്താക്കൽ ഇടവഴി കോൺക്രീറ്റ് ( 97/23 ) | 23.12.2020 | 190000 |
| 15 | കുന്നപള്ളി പാത്ത് വേ നിർമാണം വാർഡ് 22 (106/23) | 24.03.2021 | 105291 |
| 16 | വലിയപറമ്പ-വട്ടപാറ റോഡ് റീ ടാറിംഗ് സൈഡ് കോൺക്രീറ്റ് വാർഡ് 11 (108/23) | 28.02.2020 | 322823 |
| 17 | ആലിക്കൽ ആമപ്പാറ കണക്ഷൻ റോഡ് പുനരുദ്ധാരണം (129/23 ) | 06.12.2018 | 330000 |
| 18 | രാജാസ് ലൈൻ റോഡ് കോൺക്രീറ്റ് (130/23 ) | 19.03.2021 | 490000 |

2018-19, 2019-20, 2020-21 വർഷങ്ങളിൽ പൂർത്തീകരിച്ച വളരെയധികം പ്രവൃത്തികളുടെ പണം നൽകാൻ അവശേഷിക്കെ 2021-22 ലും 2022-23 ലും പൂർത്തീകരിച്ച പ്രവൃത്തികളുടെ പണം അനുവദിച്ച് നൽകിയതിന്റെ മാനദണ്ഡം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (36/ 22.01.2024) നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല.

തനത് ഫണ്ട് വകയിരുത്തി പൂർത്തീകരിച്ച പ്രവൃത്തികളുടെ പണം നൽകുന്നതിന് വ്യക്തമായ മാനദണ്ഡം പാലിക്കേണ്ടതാണ്.

മാനദണ്ഡങ്ങൾ പാലിക്കാതെ പണം നൽകുന്നത് അഴിമതിക്കും സ്വജന പക്ഷപാതത്തിനും ഇടയാക്കുമെന്നതിനാൽ ഇക്കാര്യം കർശനമായി ഒഴിവാക്കേണ്ടതാണ്. അപാകതകൾ കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഇക്കാര്യത്തിൽ കൗൺസിൽ തീരുമാനം എടുത്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-44 പണം നൽകാത്ത മരാമത്ത് പ്രവൃത്തികൾ – വ്യക്തമായ വിവരം നഗരസഭയിൽ സൂക്ഷിക്കുന്നില്ല.

മുൻവർഷങ്ങളിൽ നഗരസഭയുടെ തനത് ഫണ്ട് വകയിരുത്തി നടപ്പാക്കിയ വിവിധ പ്രവൃത്തികളുടെ പണം നൽകാൻ അവശേഷിക്കുന്നതായി മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്നുണ്ട്.

തനത് ഫണ്ട് വകയിരുത്തി നിർമ്മാണം പൂർത്തീകരിച്ചതും പണം നൽകാൻ അവശേഷിക്കുന്നതുമായ പ്രവൃത്തികളുടെ വിവരം സംബന്ധിച്ച രേഖകൾ ഒന്നും തന്നെ നഗരസഭയിൽ സൂക്ഷിക്കുന്നില്ല. അതിനാൽ തന്നെ പൂർത്തീകരിച്ച മരാമത്ത് പ്രവൃത്തികൾക്ക് എത്ര തുക നൽകാൻ അവശേഷിക്കുന്നുണ്ട് എന്നത് സംബന്ധിച്ച് നഗരസഭയിൽ യാതൊരു വിവരവും ലഭ്യമല്ല.

നഗരസഭയുടെ 2022-23 ലെ വാർഷിക പദ്ധതി പരിശോധിച്ചതിൽ വാർഷിക പദ്ധതിയിൽ തനത് ഫണ്ട് വകയിരുത്തി സ്പിൽഓവർ പ്രൊജക്ടുകളായി അംഗീകാരം ലഭിച്ച 41 പ്രൊജക്ടുകൾക്ക് തൻ വർഷത്തിൽ പണമൊന്നും ചെലവഴിച്ചിട്ടില്ല എന്ന് വ്യക്തമായി.

മേൽ പരാമർശിക്കപ്പെട്ട പ്രൊജക്ടുകളുടെ നിലവിലെ സ്ഥിതി, മൂല്യ നിർണ്ണയം, സ്പിൽ ഓവർ പ്രൊജക്ടുകൾ ആയി തുടരുന്നതിന്റെ കാരണം എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (38/22.01.2024 ) നഗരസഭ ലഭ്യമാക്കിയ മറുപടിയിലെ വിവരങ്ങൾ താഴെ നൽകുന്നു.

| ക്രമ നം | പ്രൊജക്ട് | നിർവഹണോദ്യോഗസ്ഥൻ | വകയിരുത്തിയ തുക | മൂല്യ നിർണ്ണയം | കുറിപ്പ് |
|---|---|---|---|---|---|
| 1 | കോട്ടക്കൽ നഗരസഭയിൽ ഓപ്പൺ ജിം (34/23) | SEC (MTY) | 1000000 | ലഭ്യമാക്കിയിട്ടില്ല. | നടപ്പാക്കിയില്ല. |
| 2 | വലിയപറമ്പ് ഇൻഡോർ സ്റ്റേഡിയം നിർമ്മാണം രണ്ടാംഘട്ടം ( 44/23) | SEC (MTY) | 22126396 | | വിവരം ലഭ്യമാക്കിയില്ല. |
| 3 | കണ്ണാത്തിചിറ പാലം സൈഡ് | SEC (MTY) | 1481120 | | നടപ്പാക്കിയില്ല |

| | | | | | |
|---|---|---|---|---|---|
| | കെട്ടൽ തടയിണ നിർമ്മാണം (47/23) | | | | |
| 4 | കരുണാകരൻ ഇടവഴി കോൺക്രീറ്റ് വാർഡ് 2 (57/23) | ME | 120000 | | വിവരം ലഭ്യമാക്കിയില്ല. |
| 5 | ബഡ്സ് സ്കൂൾ നിർമ്മാണം (60/23) | ME | 2262306 | 3949052 | പൂർത്തീകരിച്ചു. |
| 6 | ഊരങ്ങാട്ട് ഇടവഴി പുനരുദ്ധാരണം കോൺക്രീറ്റിംഗ് (61/23) | ME | 230000 | 200000 | പൂർത്തീകരിച്ചു. |
| 7 | പൂളകുണ്ടൻ ഇടവഴി കോൺക്രീറ്റ് വാർഡ്1 (62/23) | ME | 585000 | | പ്രവൃത്തി പൂർത്തീകരിച്ചു. ഫയൽ ലഭ്യമല്ല. |
| 8 | പുലിക്കോട് പുന്നക്കോടൻ ടാറിംഗ്, വാർഡ്-29 (63/23) | ME | 850000 | 756682 | പൂർത്തീകരിച്ചു. |
| 9 | ആശാരി കുളമ്പ് മിനി കുടിവെള്ള പദ്ധതി വാർഡ് 22 (64/23) | ME | 400000 | 361107 | പൂർത്തീകരിച്ചു. |
| 10 | തള്ളാരത്തൊടി ഓവുപാലം നിർമിക്കുക (65/23) | ME | 260000 | | പൂർത്തീകരിച്ചു. മറ്റ് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
| 11 | കോട്ടക്കൽ നഗരസഭയിലെ 17 -ാം വാർഡിൽ ഉൾപ്പെട്ട മാറാക്കര പഞ്ചായത്തുമായി ഇന്ത്യനൂർ - വലിയപറമ്പ് റോഡ് ബാക്കി ഭാഗം ടാറിംഗ് & സൈഡ് കെട്ടലും (66/23) | ME | 1170000 | 960264 | പൂർത്തീകരിച്ചു. |
| 12 | തയ്യിൽകുളമ്പ് കടവണ്ടി റോഡ് ഇൻർലോക്കിംഗ് വാർഡ് 19 (69/23) | ME | 300000 | 300,000 | പൂർത്തീകരിച്ചു. |
| 13 | കൈപ്പളികുണ്ട് റോഡ് സൈഡ് കോൺഗ്രീറ്റ് രണ്ടാം ഘട്ടം പാർഡ് 3 (72/23) | ME | 100000 | | നടപ്പാക്കിയില്ല |

| | | | | | |
|---|---|---|---|---|---|
| 14 | മൈത്രിനഗർ റോഡ് തേഡ് ലൈൻ സ്ട്രീറ്റ് കോൺക്രീറ്റ് (74/23) | ME | 150000 | | പൂർത്തീകരിച്ചു . മറ്റ് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
| 15 | ചോരുകുണ്ട് നടപ്പാത നിർമ്മാണം(75/23) | ME | 300000 | | വിവരം ലഭ്യമാക്കിയില്ല. |
| 16 | മുപ്പേടത്ത് റോഡ് സൈഡ് കോൺഗ്രീറ്റ് വാർഡ് 8 (76/23) | ME | 200000 | 200000 | പ്രവൃത്തി പൂർത്തീകരിച്ചു. ഫയൽ ലഭ്യമല്ല |
| 17 | സംഗീത തോക്കാംപാറ ഹാൻറ് റൈയിൽ സ്ഥാപിക്കൽ വാർഡ് 31 (77/23) | ME | 120000 | 111376 | പൂർത്തീകരിച്ചു |
| 18 | സർഹിന്ദ് നഗർ ശിഹാബ് തങ്ങൾ റോഡ് ഇൻർലോക്കിംഗ് & സൈഡ് കെട്ടൽ വാർഡ് 24 (82/23) | ME | 450000 | 428986 | പൂർത്തീകരിച്ചു |
| 19 | മൊയ്തു മുസ്ലാർ ഇടവഴി കോൺക്രീറ്റ് (83/23) | ME | 50000 | | പ്രവൃത്തി പൂർത്തീകരിച്ചു. ഫയൽ ലഭ്യമല്ല |
| 20 | പടിഞ്ഞാറെതല വയനാടി റോഡ് സൈഡ് കോൺക്രീറ്റിംഗ് വാർഡ് 31 (85/23) | ME | 160000 | | വിവരം ലഭ്യമാക്കിയില്ല. |
| 21 | സർഹിന്ദ് നഗർ അങ്കണവാടി നവീകരണം വാർഡ് 24 (86/23) | ME | 300000 | 363963 | പൂർത്തീകരിച്ചു |
| 22 | സർഹിന്ദ് നഗർ വളപ്പിൽ റോഡ് റിടാറിംഗ് ( 87/23) | ME | 300000 | 300,000 | പൂർത്തീകരിച്ചു |
| 23 | ആരീക്കാടൻ മുഹമ്മദ് ഇടവഴി കോൺക്രീറ്റ് വാർഡ് 15 (93/23) | ME | 92000 | | വിവരം ലഭ്യമാക്കിയില്ല. |
| 24 | AKMHS റോഡ് സൈഡ് പ്രൊട്ടക്ഷൻ വാർഡ് 16 (96/23) | ME | 250000 | | നടപ്പാക്കിയില്ല. |
| 25 | കമ്മിറ്റി പീടിക-കർത്താക്കൽ ഇടവഴി | ME | 180000 | 190000 | പൂർത്തീകരിച്ചു |

| | | | | | |
|---|---|---|---|---|---|
| | കോൺക്രീറ്റ് വാർഡ് 15 (99/23) | | | | |
| 26 | കുന്നപള്ളി പാത്ത് വേ നിർമാണം വാർഡ് 22 (106/23) | ME | 200000 | 105295 | പൂർത്തീകരിച്ചു |
| 27 | വലിയപറമ്പ- വട്ടപാറ റോഡ് റീ ടാറിംഗ് സൈഡ് കോൺക്രീറ്റ് വാർഡ് 11 (108/23) | ME | 90000 | 322823 | പൂർത്തീകരിച്ചു |
| 28 | പുന്നപറമ്പ് കോങ്ങച്ചേരി റോഡ് കോൺക്രീറ്റ് (112/23) | ME | 490000 | | നടപ്പാക്കിയില്ല. |
| 29 | മിനിറോഡ് - സൂപ്പിബസാർ ജംഗ്ഷൻ റോഡ് റീ ടാറിംഗ് - വാർഡ് 2 (113/23) | ME | 80000 | | പൂർത്തീകരിച്ചു . മറ്റ് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
| 30 | കൈതവളപ്പ് ട്രാക്റ്റർ പാത്ത് വേ റീച്ച് -2 (വാർഡ്-9) (120/23) | ME | 300000 | | പൂർത്തീകരിച്ചു . ഫയൽ ലഭ്യമല്ല. |
| 31 | ചെമ്പോട്ട് പാത്ത് വേ കോൺക്രീറ്റ് റീച്ച് -2 (വാർഡ്-12) (121/23) | ME | 300000 | | പൂർത്തീകരിച്ചു . ഫയൽ ലഭ്യമല്ല. |
| 32 | മിനി റോഡ് റീ ടാറിംഗ് വാർഡ്-2 (122/23) | ME | 520000 | | നടപ്പാക്കിയില്ല. |
| 33 | ബേബിവിറ്റ റോഡ് പുനരുദ്ധാരണം രണ്ടാം ഘട്ടം വാർഡ്-31 (123/23) | ME | 350000 | | പൂർത്തീകരിച്ചു . ഫയൽ ലഭ്യമല്ല. |
| 34 | കല്ലിങ്ങൽ റോഡ് ബാക്കി ഭാഗം സ്ലാബ് ഇടൽ വാർഡ്-27 (124/23) | ME | 200000 | | വിവരം ലഭ്യമാക്കിയില്ല |
| 35 | ഫാറൂഖ് നഗർ മദ്രസ്സംപടി റോഡ് ബാക്കി സൈഡ് പ്രൊട്ടക്ഷൻ വാർഡ്-24 (125/23) | ME | 300000 | | പൂർത്തീകരിച്ചു . ഫയൽ ലഭ്യമല്ല. |
| 36 | കുന്നത്ത് പറമ്പിൽ പാത്ത് വേ ഇന്റർ | ME | 160000 | | നടപ്പാക്കിയില്ല. |

| | | | | | |
|---|---|---|---|---|---|
| | ലോക്ക് വാർഡ്-31 (127/23) | | | | |
| 37 | ആലിക്കൽ ആമപ്പാറ കണക്ഷൻ റോഡ് പുനരുദ്ധാരണം (129/23) | ME | 330000 | 330,000 | പൂർത്തീകരിച്ചു |
| 38 | രാജാസ് ലൈൻ റോഡ് കോൺക്രീറ്റ് ( 130/23) | ME | 490000 | 418496 | പൂർത്തീകരിച്ചു |
| 39 | ചീനംപുത്തൂർ അമരിയിൽ റോഡ് കോൺക്രീറ്റ് രണ്ടാം ഘട്ടം വാർഡ് 9 (132/23) | ME | 300000 | | വിവരം ലഭ്യമാക്കിയില്ല. |
| 40 | ഖാഇദെമില്ലത്ത് റോഡ് റീ ടാറിംഗ് വാർഡ് 29 (135/23) | ME | 100000 | 381339 | പൂർത്തീകരിച്ചു |
| 41 | ഞാറ്റുവെട്ടി മുണ്ടിയൻതറ കോൺക്രീറ്റ് വാർഡ്-19 (136/23 ) | ME | 490000 | | വിവരം ലഭ്യമാക്കിയില്ല. |

നഗരസഭയുടെ മറുപടി, പരിശോധനക്ക് ലഭ്യമാക്കിയ ഫയലുകൾ എന്നിവ പരിശോധിച്ചതിൽ വ്യക്തമായ വിവരങ്ങൾ താഴെ നൽകുന്നു.

**1). പണം നൽകാനുള്ള പ്രവൃത്തികൾ സംബന്ധിച്ച് നഗരസഭക്ക് വ്യക്തമായ വിവരം ഇല്ല.**

ലഭ്യമാക്കിയ മറുപടി പ്രകാരം 28 പ്രവൃത്തികൾ പൂർത്തീകരിച്ചതായി വ്യക്തമാക്കിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചതായി മറുപടിയിൽ വ്യക്തമാക്കിയ പല പ്രവൃത്തികളുടെയും മൂല്യ നിർണ്ണയം, നൽകാനുള്ള തുക എന്നിവ സംബന്ധിച്ച് നഗരസഭക്ക് വ്യക്തമായ കണക്ക് ഇല്ല എന്നും മറുപടിയിൽ നിന്ന് വ്യക്തമാകുന്നു. കൂടാതെ പല പ്രവൃത്തികളുടെയും ഫയൽ ലഭ്യമല്ല എന്നും മറുപടിയിൽ വ്യക്തമാക്കുന്നുണ്ട്. നഗരസഭയുടെ പദ്ധതിയുടെ ഭാഗമാക്കാതെ അടിയന്തിര പ്രൊജക്ടുകളുടെ ഭാഗമായി നഗരസഭ ഏറ്റെടുത്ത പ്രൊജക്ടുകളിലും പണം നൽകാൻ ബാക്കിയുണ്ടാകാൻ സാധ്യതയുണ്ട്. എന്നാൽ അടിയന്തിര പ്രവൃത്തികളുടെ ഭാഗമായി നഗരസഭ ഏറ്റെടുത്ത പ്രവൃത്തികളുടെ വിവരം സംബന്ധിച്ച് വ്യക്തമായ രേഖ നഗരസഭയിൽ സൂക്ഷിക്കാത്തതിനാൽ ഇത്തരത്തിൽ ഏതെങ്കിലും പ്രവൃത്തികൾക്ക് പണം നൽകാൻ അവശേഷിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

**2) നടപ്പാക്കാത്ത പ്രവൃത്തികൾ സ്പിൽ ഓവർ പ്രൊജക്ടുകളായി തുടരുന്നു.**

ഓഡിറ്റിന് നഗരസഭ രേഖാമൂലം ലഭ്യമാക്കിയ മറുപടിയിൽ നഗരസഭയുടെ പദ്ധതിയിൽ സ്പിൽ ഓവർ ആയി ഉൾപ്പെടുത്തിയ 8 പ്രൊജക്ടുകൾ നടപ്പാക്കിയിട്ടില്ല എന്നാണ് വ്യക്തമാക്കിയത്. സ്പിൽ ഓവർ ആയി പദ്ധതിയിൽ ഉൾപ്പെടുത്തിയ നടപ്പാക്കാൻ സാധിക്കാത്ത പ്രൊജക്ടുകൾ പദ്ധതിയിൽ നിന്ന് ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഖണ്ഡിക 11- ജി.ഒ.(എം.എസ് )86/2022/എൽ.എസ്.ജി.ഡി തീയതി, 19-04-2022)

നഗരസഭയിൽ ഓപ്പൺ ജിം എന്ന പ്രൊജക്ട് നടപ്പാക്കിയിട്ടില്ല എന്നാണ് ഓഡിറ്റ് എൻക്വയറിക്ക് (3/ 16.01.2024 , 38/22.01.2024 ) നഗരസഭ ലഭ്യമാക്കിയ മറുപടിയിൽ വ്യക്തമാക്കിയത്. എന്നാൽ ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ പ്രവൃത്തി നിർമ്മിതികേന്ദ്ര പൂർത്തീകരിച്ചതായും പ്രവൃത്തിയുടെ പണം 10 ലക്ഷം രൂപ നഗരസഭയിൽ നിന്ന് ആവശ്യപ്പെട്ടതായും വ്യക്തമായിട്ടുണ്ട്.

നഗരസഭയിൽ പൂർത്തീകരിച്ച് പണം നൽകാൻ അവശേഷിക്കുന്ന പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ച് പൂർണ്ണമായും കണ്ടെത്തി ഇത്തരം പ്രവൃത്തികളുടെ വ്യക്തമായ വിവരം ശേഖരിച്ച് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

31.03.2023 വരെ നടപ്പാക്കിയ പ്രവൃത്തികളിൽ നഗരസഭ പണംകൊടുത്ത് തീർക്കാൻ അവശേഷിക്കുന്ന പ്രവൃത്തികളുടെ

വ്യക്തമായ വിവരം, നൽകാനവശേഷിക്കുന്ന പണം, ഫണ്ടിനം എന്നിവ സഹിതം ഒരു റിപ്പോർട്ട് തയ്യാറാക്കി നഗരസഭാ കൗൺസിൽ അംഗീകാരം നേടി ഓഡിറ്റ് റിപ്പോർട്ടിന് ലഭ്യമാക്കുന്ന മറുപടിയോടൊപ്പം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-45 പണം നൽകാൻ തനത് ഫണ്ട് നീക്കിയിരുപ്പ് ഇല്ല - തനത് ഫണ്ട് വകയിരുത്തി വീണ്ടും പ്രൊജക്ടുകൾ ഏറ്റെടുക്കുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതി തയ്യാറാക്കേണ്ടത് എങ്ങനെയായിരിക്കണം എന്ന് അതാത് കാലങ്ങളിലെ പദ്ധതി മാർഗ്ഗരേഖകളിൽ വ്യക്തമായ നിർദ്ദേശങ്ങൾ നൽകാറുണ്ട്. തനത് ഫണ്ട് വിനിയോഗിച്ച് വിവിധ പദ്ധതികൾ ഏറ്റെടുക്കേണ്ടത് എങ്ങനെയായിരിക്കണം എന്നതും ഈ ഉത്തരവിൽ വ്യക്തമായി പരാമർശിക്കുന്നുണ്ട്.

തനത് ഫണ്ട് വിനിയോഗിച്ച് പദ്ധതികൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച് പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ ( GO( MS) 86/2022/LSGD Dt 19.04.2022 ) നൽകിയ നിർദ്ദേശങ്ങൾ താഴെ നൽകുന്നു.

1). തനത്/പൊതു ആവശ്യ ഫണ്ടിൽനിന്നും നഗരസഭകൾക്ക് നിർവഹിക്കേണ്ടതായ ഭരണ ചെലവുകൾക്കും നിർബന്ധിത ചെലവുകൾക്കും അസാധാരണ ചെലവുകൾക്കും ആവശ്യമായ തുക കഴിച്ച് ബാക്കിയുള്ള തുകയുടെ 25 ശതമാനം വരെ വാർഷിക പദ്ധതിയുടെ ഭാഗമായല്ലാതെയുള്ള അടിയന്തിര പ്രോജക്ടുകൾക്കായി നീക്കിവയ്ക്കാവുന്നതാണ്.

2). തനത് ഫണ്ട്/പൊതു ആവശ്യഫണ്ടിൽ ഇതിനുശേഷം ബാക്കിയുള്ള തുക തനത് ഫണ്ട് എന്ന സ്രോതസ്സായി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തണം.

തനത് ഫണ്ടിൽ നിന്ന് നഗരസഭ നിർവഹിക്കേണ്ട ഭരണ ചെലവുകൾക്കും നിർബന്ധിത ചെലവുകൾക്കും അസാധാരണ ചെലവുകൾക്കും ആവശ്യമായ തുക കഴിച്ച് ബാക്കിയുള്ള തുകയുടെ 25 ശതമാനം വരെ വാർഷിക പദ്ധതിയുടെ ഭാഗമായല്ലാതെയുള്ള അടിയന്തിര പ്രോജക്ടുകൾക്കായി നീക്കിവച്ച ശേഷം ബാക്കിയുള്ള തുകക്ക് മാത്രമാണ് തനത് ഫണ്ട് എന്ന് സ്രോതസ്സിൽ ഉൾപ്പെടുത്തി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താവൂ എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.

2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം നഗരസഭയുടെ തനത് വരവ് ചെലവ് പരിശോധിക്കുമ്പോൾ 22 ലക്ഷത്തിലധികം രൂപ ധനക്കമ്മിയുണ്ട് എന്ന് വ്യക്തമാകുന്നുണ്ട്. വിവരങ്ങൾ താഴെ നൽകുന്നു.

| **വരവ്** | | **ചെലവ്** | |
|---|---|---|---|
| **വരുമാന ഇനം** | **തുക (₹)** | **ഇനം** | **തുക (₹)** |
| നികുതി | 3,13,70,017 | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | 3,49,44,310 |
| നികുതിയേതരം | 1,80,68,583 | അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ | 1,25,99,901 |
| പലിശ | 31,91,933 | ഓപ്പറേഷൻസ് & മെയിന്റനൻസ് | 2,66,94,762 |
| ജനറൽ പർപ്പസ് ഗ്രാന്റ് ലഭിച്ചത് | 2,39,47,000 | ബാങ്ക് ചാർജ് | 45,86,384 |
| **ആകെ വരവ്** | **7,65,77,533** | **ആകെ ചെലവ്** | **7,88,25,357** |
| **ധനക്കമ്മി** | | **7,65,77,533– 7,88,25,357 = 22,47,824/-** | |

ഇത് കൂടാതെ മുൻ വർഷങ്ങളിൽ പ്രവൃത്തി പൂർത്തീകരിച്ച മരാമത്ത് പ്രവൃത്തികളുടെ ബിൽ പ്രകാരം 1.125 കോടിയിൽ അധികം രൂപ കരാറുകാർക്ക് നൽകാനുണ്ട് എന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ടിട്ടുമുണ്ട്. കൂടാതെ സെക്രട്ടറി നിർവഹണം നടത്തിയ വിവിധ പ്രൊജക്ടുകളിലും കരാറുകാർക്ക് നഗരസഭ പണം നൽകാൻ അവശേഷിക്കുന്നുണ്ട്. തനത് ഫണ്ടിൽ നീക്കിയിരുപ്പില്ലാത്തതിനാലാണ് ഈ തുകകൾ നൽകാത്തത് എന്ന് ഫയൽ പരിശോധിച്ചതിൽ വ്യക്തമാകുകയും ചെയ്യുന്നുണ്ട്.

2021-22 ൽ നഗരസഭക്ക് തനത് ഫണ്ടിൽ പണം നീക്കിയിരുപ്പ് ഒന്നും തന്നെ ഇല്ല എന്ന് വ്യക്തമായിരിക്കെ 2022-23 വർഷത്തെ പദ്ധതി തയ്യാറാക്കിയപ്പോൾ നഗരസഭ തനത് ഫണ്ട് വകയിരുത്തി വീണ്ടും പുതിയ പ്രൊജക്ടുകൾ ഏറ്റെടുത്തതായി പരിശോധനയിൽ വ്യക്തമായി.

തനത് ഫണ്ട് വകയിരുത്തി ഏറ്റെടുത്ത പുതിയ പ്രൊജക്ടുകളുടെ വിവരം താഴെ നൽകുന്നു.

| ക്രമ നം | പ്രൊജക്ട് | അടങ്കൽ | നിർവഹണോദ്യോഗസ്ഥൻ |
|---|---|---|---|
| 1 | നഗരസഭ ഡയാലിസിസിന് വിഹിതം (4/23) | 750,000 | സെക്രട്ടറി |
| 2 | ഇരുപത്തിമൂന്നാം വാർഡിൽ അംഗൻവാടി നിർമ്മാണം ( 321/23 ) | 12,00,000 | സെക്രട്ടറി |
| 3 | മുള്ളൻമട റോഡ് ബാക്കി ഭാഗം കോൺക്രീറ്റ് | 340,000 | മുനിസിപ്പൽ എഞ്ചിനിയർ |

| | | | |
|---|---|---|---|
| | സൈഡ് കെട്ടലും ( 318/23 ) | | |
| 4 | മിന്നാംപറമ്പ് കാമ്പ്രത്ത് റോഡ് ( 319/23 ) | 454,000 | മുനിസിപ്പൽ എഞ്ചിനിയർ |
| 5 | ചോലമാട് നിസ്കാരപ്പള്ളി റോഡ് കോൺക്രീറ്റ് ( 320/23 ) | 170,000 | മുനിസിപ്പൽ എഞ്ചിനിയർ |
| 6 | വലിയ ഇടവഴി റി ടാറിംഗ് ( 236/ 23 ) | 68,000 | മുനിസിപ്പൽ എഞ്ചിനിയർ |
| 7 | പത്തായക്കല്ല് ജുമാ മസ്ജിദ് വലിയവളപ്പ് റോഡ് റീ ടാറിംഗ് ( 237/23 ) | 100,000 | മുനിസിപ്പൽ എഞ്ചിനിയർ |

നഗരസഭയുടെ തനത് ഫണ്ടിൽ പണം നീക്കിയിരുപ്പില്ല എന്നും തനത് ഫണ്ട് ഉപയോഗിച്ച് നടപ്പാക്കിയ പ്രവൃത്തികളുടെ പണം കൊടുത്ത് തീർക്കാനുണ്ട് എന്നും വ്യക്തമായിരിക്കെ തനത് ഫണ്ട് വകയിരുത്തി വീണ്ടും പ്രൊജക്ടുകൾ ഏറ്റെടുത്തത് സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമാണ്.

ഇക്കാര്യം പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (35/22.01.2024) നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല.

പൂർത്തീകരിച്ച പ്രവൃത്തികൾക്ക് കരാർ പ്രകാരം പണം നൽകാൻ സാധിക്കാതെവരുന്നത് കോടതി കേസുകൾക്കും മറ്റ് നിയമ നടപടികൾക്കും ഇടയാക്കുമെന്നതിനാൽ പദ്ധതി തയ്യാറാക്കുന്നതിൽ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. മേൽ പരാമർശിക്കപ്പെട്ട അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-46 ഗുണഭോക്തൃ കമ്മിറ്റി പ്രവൃത്തി - അപാകതകൾ

ഗുണഭോക്തൃ സമിതി/അംഗീകൃത ഏജൻസി മുഖേന മരാമത്ത് പ്രവൃത്തി നടപ്പാക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ പ്രധാന നിർദ്ദേശങ്ങൾ താഴെ നൽകുന്നു.

ഒരു ലക്ഷം രൂപ വരെയുള്ള പ്രവൃത്തികൾ മാത്രമേ ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കാനാവൂ. സ്വന്തം നിലക്ക് പ്രവൃത്തി നടപ്പാക്കാനുള്ള സാമ്പത്തിക, സാങ്കേതിക സംഘടനാശേഷിയും സന്നദ്ധതയുമുള്ള സ്കൂൾ അദ്ധ്യാപക രക്ഷാകർതൃ സമിതികളെ സ്കൂളിലെ നിർമ്മാണ പ്രവർത്തനങ്ങൾ ടെണ്ടർ കൂടാതെ ഗുണഭോക്തൃ സമിതികൾക്ക് ബാധകമായ നിബന്ധനകൾ പാലിച്ച് നടപ്പിലാക്കാവുന്നതാണ്. (പദ്ധതി ആസൂത്രണ മാർഗ്ഗരേഖ GO(MS) 86/2022/LSGD Dt 19.04.2022)

ഡി.ബി.1/ 1559/2010/ സി.ഇ/ ത.സ്വ.ഭ.വ തിയ്യതി 13.11.2014 സർക്കുലറിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ നൽകുന്നു.

1). പ്രവൃത്തി കൺവീനറുടെയും ചെയർമാന്റെയും പേരിൽ അംഗീകൃത ബാങ്കിൽ അക്കൗണ്ട് ആരംഭിച്ച് അതിലൂടെ മാത്രമേ സാമ്പത്തിക ഇടപാടുകൾ നടത്താൻ പാടുള്ളൂ.

2). പ്രവൃത്തികൾക്ക് വാങ്ങുന്ന സാധനങ്ങൾ, തൊഴിലാളികളുടെ വേതനം, യന്ത്രസാധനങ്ങളുടെ വാടക തുടങ്ങിയവയുടെ കണക്കുകൾ, മസ്റ്റർ റോൾ, മിനുട്സ് ബുക്ക് എന്നിവ കൺവീനർ തയ്യാറാക്കി നിർവഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കണം.

3). ഗുണഭോക്തൃ സമിതിക്ക് പണം നൽകുന്നത് സമിതിയുടെ യഥാർത്ഥ ചെലവോ കരാർ പ്രകാരമുള്ള ബിൽ തുകയോ ഇതിൽ ഏതാണ് കുറവ് അതായിരിക്കും.

2022-23 വർഷത്തിൽ മുനിസിപ്പൽ എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പരാമർശിക്കുന്ന പ്രവൃത്തികൾ സർക്കാർ നിർദ്ദേശം പൂർണ്ണമായി പാലിക്കാതെയാണ് നടപ്പാക്കിയത്.

| പ്രവൃത്തി. | ചെലവ്. |
|---|---|
| രാജാസ് ഹൈസ്കൂളിൽ പൈതൃക കെട്ടിടത്തിൽ ആധുനിക രീതിയിലുള്ള ശുചിമുറി നിർമ്മാണം ( 19/23 )<br>കൺവീനർ - ഹെഡ് മിസ്ട്രസ് ഗവ രാജാസ് ഹൈസ്കൂൾ<br>കരാർ - 07/ 22-23 Dt 16.11.2022<br>എം ബുക്ക് നം - 08/22-23 Dt 16.11.22<br>മൂല്യ നിർണ്ണയം- 399141 + 71845 (GST) | 470986<br>(22151747001401558787/ 29.03.2023 ) |

| | |
|---|---|
| രാജാസ് ഹയർസെക്കണ്ടറി സ്റ്റാഫ്റൂം ബ്ലോക്ക് സൈഡിലെ മതിൽ നിർമ്മാണം. ( 20/ 23 )<br>കൺവീനർ - പ്രിൻസിപ്പാൾ ഗവ രാജാസ് ഹയർ സെക്കണ്ടറി സ്കൂൾ<br>കരാർ - 08/ 22-23 Dt 16.11.2022<br>എം ബുക്ക് നം - 09/22-23 Dt 16.11.22<br>മൂല്യ നിർണ്ണയം- 163437 + 29419 (GST) | 192856<br>(2215174700140155 8762/ 29.03.2023 ) |

പ്രവൃത്തി നടത്തിപ്പിലെ അപാകതകൾ താഴെ നൽകുന്നു.

1). സ്കൂളുകളിലെ പ്രവൃത്തികൾ സ്കൂൾ അദ്ധ്യാപക രക്ഷാകർതൃ സമിതികൾക്ക് ടെണ്ടർ കൂടാതെ നടപ്പാക്കുന്നതിനാണ് അനുമതിയുള്ളത്. മേൽ പ്രവൃത്തികൾ നടപ്പാക്കിയത് അദ്ധ്യാപക രക്ഷാകർതൃ സമിതി മുഖേനയാണോ എന്ന് വ്യക്തമല്ല. പ്രവൃത്തി നടപ്പാക്കുന്നതിന് PTA കമ്മിറ്റികൾ തീരുമാനം എടുത്തതിന്റെ രേഖകൾ ഫയലിൽ ഇല്ല.

2). പ്രവൃത്തി കൺവീനറുടെയും ചെയർമാന്റെയും പേരിലുള്ള സംയുക്ത ബാങ്ക് അക്കൗണ്ടിലാണോ പണം നിക്ഷേപിച്ചത് എന്ന് പരിശോധിക്കുന്നതിന് ബാങ്ക് പാസ് ബുക്ക് ലഭ്യമാക്കിയിട്ടില്ല.

3). ഗുണഭോക്തൃ കമ്മിറ്റിയുടെ PAN, GST രജിസ്ട്രേഷൻ രേഖകൾ എന്നിവ ഫയലിൽ ലഭ്യമല്ല.

4). ഗുണഭോക്തൃ കമ്മിറ്റി നടപ്പാക്കുന്ന പ്രവൃത്തികൾക്ക് 2% ആദായ നികുതി ഈടാക്കേണ്ടതാണ് എങ്കിലും 1% നികുതി മാത്രമേ കുറവ് ചെയ്തിട്ടുള്ളൂ. ഇക്കാരണത്താൽ കൺവീനർക്ക് അർഹമായതിൽ കൂടുതൽ തുക നൽകിയിട്ടുണ്ട് - വിശദ വിവരം താഴെ നൽകുന്നു.

| പ്രവൃത്തി | ഈടാക്കേണ്ടത് | ഈടാക്കിയത് | കുറവ് |
|---|---|---|---|
| രാജാസ് ഹൈസ്കൂളിൽ പൈതൃക കെട്ടിടത്തിൽ ആധുനിക രീതിയിലുള്ള ശുചിമുറി നിർമ്മാണം ( 19/23 )<br>മൂല്യ നിർണ്ണയം- 399141 | 7983 | 3991 | 3992 |
| രാജാസ് ഹയർസെക്കണ്ടറി സ്റ്റാഫ്റൂം ബ്ലോക്ക് സൈഡിലെ മതിൽ നിർമ്മാണം. ( 20/ 23 )<br>മൂല്യ നിർണ്ണയം- 163437 | 3269 | 1634 | 1635 |

ആദായ നികുതി TDS ഇനത്തിൽ കുറവ് വന്ന തുക ഉത്തരവാദികളിൽ നിന്ന് ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.

5). പ്രവൃത്തിയുടെ വരവ് ചെലവ് രേഖകൾ കൺവീനർ തയ്യാറാക്കി നൽകിയിട്ടില്ല. കമ്മിറ്റിയുടെ മിനുട്സ് പൂർണ്ണമാക്കിയിട്ടില്ല. വരവ് ചെലവ് കണക്കുകൾ കമ്മിറ്റി അംഗീകരിച്ച് നൽകിയിട്ടില്ല.

6). പ്രവൃത്തിയുടെ ബില്ലിൽ കൺവീനർക്ക് GST കോംപൻസേഷൻ ഇനത്തിൽ പ്രവൃത്തി മൂല്യത്തിന്റെ 18 % തുക അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ കൺവീനറുടെ GST രജിസ്ട്രേഷൻ രേഖകൾ ഫയലിൽ ലഭ്യമല്ല. കൺവീനർ GST റിട്ടേൺ ഫയൽ ചെയ്തതിന്റെ രേഖകളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. GST രജിസ്ട്രേഷൻ ഇല്ലാത്തവർക്ക് GST തുക അനുവദിച്ച് നൽകാൻ പാടില്ല. അവരുടെ GST നിർവഹണോദ്യോഗസ്ഥൻ ഒടുക്ക് വരുത്തുകയാണ് ചെയ്യേണ്ടത്.

7). കൺവീനർക്ക് അധികമായി അനുവദിച്ച് നൽകിയ ഓവർഹെഡ് ചാർജ്ജ് കുറവ് ചെയ്തിട്ടില്ല.

ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികൾക്ക് ഓവർഹെഡ് ചാർജ്ജ് അനുവദിക്കാൻ വ്യവസ്ഥയുണ്ട്. ഗുണഭോക്തൃ സമിതികൾക്ക് സൂപ്പർ വിഷൻ ചാർജ്ജ് അനുവദനീയമല്ല എന്നും ഓവർ ഹെഡ് ചാർജ്ജ് അനുവദിക്കുന്നത് വാറ്റ് ഉൾപ്പെടെ നിലവിലുള്ള നികുതികൾ അടവാക്കുന്നതിനാണ് എന്നും ഇതുസംബന്ധിച്ച സർക്കാർ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. (ധനകാര്യ അഡീ ചീഫ് സെക്രട്ടറിയുടെ 14.12.2016 ലെ Ind&PW-B2/266/2016-Fin To CE LSGD Tvm).

വാറ്റ് ഇപ്പോൾ നിലവിലില്ലാത്തതിനാലും ഇതിന് പകരമായി വന്ന GST വിഹിതം പ്രത്യേകമായി എസ്റ്റിമേറ്റിൽ അനുവദിച്ച് നൽകിയതിനാലും വാറ്റ് ഒടുക്കുന്നതിന് വകയിരുത്തിയ 5% തുക കുറവ് ചെയ്താണ് കൺവീനർമാർക്ക് ബിൽ അനുവദിക്കേണ്ടിയിരുന്നത് എന്ന് തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 16.3.2018 ലെ ഡി.ബി-9058/17/ സി.ഇ/ത.സ്വ.ഭ.വ നമ്പർ കത്തിലൂടെ അഭിപ്രായം അറിയിക്കുകയും ചെയ്തതാണ്.

GST നിലവിൽ വന്നശേഷം വാറ്റ് അടക്കേണ്ടാത്തതിനാൽ ആദായ നികുതി (2%), നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം (1%) ഉൾപ്പെടെ 3% തുക മാത്രമെ ഓവർ ഹെഡ് ചാർജ്ജിൽ നിന്ന് നിലവിൽ അടക്കേണ്ടി വരുന്നുള്ളൂ. മേൽ പരാമർശിക്കപ്പെട്ട പ്രവൃത്തികൾക്ക് 7.5% ഓവർഹെഡ് ചാർജ്ജും അതിന് പുറമെ 18% GST വിഹിതവും അനുവദിച്ച് നൽകിയിട്ടുണ്ട്.

മേൽ പരാമർശിക്കപ്പെട്ട കത്തുകളിലെ നിർദ്ദേശപ്രകാരം ഗുണഭോക്തൃ സമിതി പ്രവൃത്തികൾക്ക് അനുവദിക്കാവുന്ന

ഓവർഹെഡ് ചാർജ്ജ് നിലവിലുള്ള 7.5% ൽ നിന്നും കുറവ് വരുത്തേണ്ടതായിരുന്നു. ധനവകുപ്പിന്റെയും, തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെയും നിർദ്ദേശത്തിനനുസരിച്ച് പ്രൈസ് സോഫ്റ്റ്‌വെയറിലെ ഓവർഹെഡ് ചാർജ്ജിൽ കുറവ് വരുത്താത്തതിനാൽ ഓവർഹെഡ് ചാർജ്ജിനത്തിൽ 5% അധികച്ചെലവുണ്ടായതായി ഓഡിറ്റ് വിലയിരുത്തുന്നു.

വിശദ വിവരം താഴെ നൽകുന്നു.

| പ്രവൃത്തി | ആകെ മൂല്യ നിർണ്ണയം | അധികം ചെലവ് തുക @ 5% Of OH |
|---|---|---|
| രാജാസ് ഹൈസ്കൂളിൽ പൈതൃക കെട്ടിടത്തിൽ ആധുനിക രീതിയിലുള്ള ശുചിമുറി നിർമ്മാണം ( 19/23 ) | 399141 | 18565<br>399141 X 5/ 107.5 |
| രാജാസ് ഹയർസെക്കണ്ടറി സ്റ്റാഫ്റൂം ബ്ലോക്ക് സൈഡിലെ മതിൽ നിർമ്മാണം. ( 20/ 23 ) | 163437 | 7602<br>163437 X 5/107.5 |
| | ആകെ അധികം | 26167 |

ധനവകുപ്പിന്റെയും, തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെയും നിർദ്ദേശത്തിനനുസരിച്ച് പ്രൈസ് സോഫ്റ്റ് വെയറിൽ ഗുണഭോക്തൃ സമിതി പ്രവൃത്തികളുടെ ഓവർഹെഡ് ചാർജ്ജിൽ കുറവ് വരുത്താത്തതിനാൽ ഓവർഹെഡ് ചാർജ്ജിനത്തിൽ ₹ 26167 അധികച്ചെലവുണ്ടായിട്ടുണ്ട്.

പ്രവൃത്തി നടത്തിപ്പിലെ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (34/22.01.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.

സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കാതെ ഗുണഭോക്തൃ സമിതി മുഖേന പ്രവൃത്തി നടപ്പാക്കിയതിനാലും ഗുണഭോക്തൃ സമിതിയുടെ GST, PAN രേഖകൾ പരിശോധനക്ക് ലഭ്യമാക്കാത്തതിനാലും ആകെ ചെലവഴിച്ച 6,63,842 രൂപയിൽ അംഗീകരിക്കാത്ത ചെലവായ 26,167/- രൂപ കഴിച്ച് ബാക്കി 6,37,675/- രൂപ തടസ്സം ചെയ്യുന്നു. GST, PAN രജിസ്ട്രേഷൻ ഇല്ല എങ്കിൽ നിയമപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് നിയമപ്രകാരം ഈടാക്കേണ്ട തുക ഉത്തരവാദികളിൽ നിന്ന് ഈടാക്കി അതാത് വകുപ്പുകളിൽ ഒടുക്ക് വരുത്തേണ്ടതുമാണ്.

മേൽ പരാമർശിക്കപ്പെട്ട അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-47 എം ബുക്കിൽ തെറ്റായ അളവ് രേഖപ്പെടുത്തി പണം നൽകി ₹ 484531 നഷ്ടം

മുനിസിപ്പൽ എഞ്ചിനീയർ നിർവഹണം നടത്തി 2022-23 ൽ പണം നൽകിയ പാലത്തറ മൂർക്കത്ത് രായിൻഹാജി സ്മാരക റോഡ് നിർമ്മാണം എന്ന പ്രവൃത്തിയിൽ എം ബുക്ക് പ്രകാരം ചെയ്തതായി രേഖപ്പെടുത്തിയ പ്രവൃത്തി പൂർണ്ണമായി നടപ്പാക്കിയിട്ടില്ല എന്ന് സ്ഥല പരിശോധന നടത്തിയതിൽ വ്യക്തമായി

വിശദ വിവരം താഴെ നൽകുന്നു.

പ്രവൃത്തി - പാലത്തറ മൂർക്കത്ത് രായിൻഹാജി സ്മാരക റോഡ് നിർമ്മാണം ( 104/23 )

കരാറുകാരൻ - ശ്രീ യു മുഹമ്മദ് ഷാഫി

കരാർ - 78/20-21 Dt 27.08.2020

എം ബുക്ക് - 132/20-21 Dt 27.08.2020

മൂല്യ നിർണ്ണയം - 1214085 ( 12 % GST ഉൾപ്പെടെ )

പണം നൽകിയത് - 265900 ( 20-21), 948185 ( 22-23 )

പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിലും, പ്രവൃത്തി സ്ഥലം നേരിട്ട് പരിശോധന നടത്തിയതിലും വ്യക്തമായ കാര്യങ്ങൾ താഴെ നൽകുന്നു.

1). പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം പാലത്തറ മൂർക്കത്ത് രായിൻഹാജി സ്മാരക റോഡിലും ബ്രാഞ്ച് റോഡിലുമായി 210 M നീളത്തിൽ ശരാശരി 3.8 വീതിയിൽ 10 Cm കനത്തിൽ ക്വാറിമക്ക് നിറച്ച് 15 Cm കനത്തിൽ കോൺക്രീറ്റ് ചെയ്യുന്നതിന് ഇനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

2). പ്രവൃത്തിയുടെ എം ബുക്ക് പേജ് 11 To 14 പ്രകാരം റോഡിൽ ആകെ 90.1 M നീളത്തിൽ 6.4 M To 4m വരെ വീതിയിൽ ക്വാറിമക്ക് 10 Cm കനത്തിൽ നിറച്ച് 15 Cm കനത്തിൽ കോൺക്രീറ്റ് ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. ( 40.375 $M^3$ ക്വാറിമക്ക്, 60.55 $M^3$ 1:2:4 കോൺക്രീറ്റ് ) - പ്രവൃത്തി ചെയ്ത ചെയ്നേജ് എം ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

3). പ്രവൃത്തിയുടെ എം ബുക്ക് പേജ് 15 To 21 പ്രകാരം റോഡിൽ 62.3 മീറ്ററും , ബ്രാഞ്ച് റോഡിൽ 57 മീറ്ററും ഉൾപ്പെടെ ആകെ 119.3 മീറ്റർ നീളത്തിൽ 4.7 M To 3.1 M വരെയുള്ള വിവിധ വീതിയിൽ 20 Cm കനത്തിൽ മണ്ണ് എടുത്ത് മാറ്റി ക്വാറിമക്ക് 10 Cm കനത്തിൽ നിറച്ച് 15 Cm കനത്തിൽ കോൺക്രീറ്റ് ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. ( 90.15 $M^3$ മണ്ണ് മാറ്റിയത്, 45.07 $M^3$ ക്വാറിമക്ക്, 67.615 $M^3$ 1:2:4 കോൺക്രീറ്റ് ) - പ്രവൃത്തി ചെയ്ത ചെയ്നേജ് എം ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

4). പ്രവൃത്തി സ്ഥലം നേരിൽ സന്ദർശിച്ചതിൽ എം ബുക്ക് പേജ് 11 To 14 രേഖപ്പെടുത്തൽ പ്രകാരമുള്ള കോൺക്രീറ്റ് പ്രവൃത്തി റോഡിന്റെ ആദ്യഭാഗത്ത് നടത്തിയതായി വ്യക്തമായി. എന്നാൽ എം ബുക്ക് പേജ് 15 To 21 രേഖപ്പെടുത്തൽ പ്രകാരമുള്ള പ്രവൃത്തികൾ നടത്തിയത് കണ്ടെത്താനായിട്ടില്ല.

യഥാർത്ഥത്തിൽ ചെയ്യാത്ത പ്രവൃത്തികൾ ചെയ്തു എന്ന് തെറ്റായി എം ബുക്കിൽ രേഖപ്പെടുത്തി കരാറുകാരന് പണം അനുവദിച്ച് നൽകി എന്നാണ് ഇതിൽ നിന്ന് വ്യക്തമാകുന്നത്.

നടപ്പാക്കാത്ത പ്രവൃത്തി ചെയ്തതായി എം ബുക്കിൽ തെറ്റായി രേഖപ്പെടുത്തി പണം അനുവദിച്ച് നൽകിയത് വഴി ₹ 484531 നഗരസഭാ ഫണ്ടിന് നഷ്ട മുണ്ടായിട്ടുണ്ട്.

നടപ്പാക്കാത്ത പ്രവൃത്തി നടത്തിയതായി എം ബുക്കിൽ തെറ്റായ രേഖപ്പെടുത്തൽ വരുത്തി കരാറുകാരന് അധികമായി നൽകിയ തുക ₹ 4,84,531 പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് ഈടാക്കി നഗരസഭാ ഫണ്ടിൽ തിരിച്ചടക്കേണ്ടതാണ്.

എം ബുക്കിൽ തെറ്റായ രേഖപ്പെടുത്തൽ വരുത്തി നഗരസഭക്ക് സാമ്പത്തിക നഷ്ടമുണ്ടാക്കിയ വിഷയം തുടർ നടപടി സ്വീകരിക്കുന്നതിനായി നഗരസഭാ കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

പ്രവൃത്തി നടത്തിപ്പിലെ മേൽ പരാമർശിക്കപ്പെട്ട അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (45/ 23.01.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.
വിശദ വിവരം ഖണ്ഡിക 3-1 ൽ പരാമർശിച്ചിട്ടുണ്ട്.

## 1-48 മുനിസിപ്പൽ എഞ്ചിനിയർ - പദ്ധതി നിർവഹണം തൃപ്തികരമല്ല.

മുനിസിപ്പൽ എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായി 2022-23 ൽ 140 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചു എങ്കിലും 31 പ്രൊജക്ടുകൾക്ക് മാത്രമാണ് തൻവർഷത്തിൽ പണം നൽകിയത്. ഇതിൽ തന്നെ 22 പ്രൊജക്ടുകൾ മുൻ വർഷങ്ങളിൽ നടപ്പാക്കിയ പ്രൊജക്ടുകൾക്ക് നൽകാനുള്ള തനത് ഫണ്ട് വിഹിതം നൽകിയതാണ്.

വിവിധ ഫണ്ടുകൾ വകയിരുത്തി അംഗീകാരം ലഭിച്ച പ്രൊജക്ടുകളുടെ നിർവഹണ പുരോഗതി വിവരം താഴെ നൽകുന്നു.

| ഫണ്ട് | അംഗീകാരം ലഭിച്ചത് | | നടപ്പാക്കിയത് | |
|---|---|---|---|---|
| | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് |
| തനത് ഫണ്ട് | 63 | 27602189 | 22 | 9338323 |
| MG ( R ) | 43 | 14071870 | 4 | 1002805 |
| MG ( NR ) | 15 | 6548745 | 2 | 663842 |
| Plan Gen | 2 | 890000 | 0 | |
| CFC, Central Fund & Other | 17 | 15475053 | 3 | 2177922 |

| | | | | |
|---|---|---|---|---|
| | 140 | 64587857 | 31 | 13182892 |

തൻവർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകളിൽ ബഹുഭൂരിപക്ഷം പ്രൊജക്ടുകളും തൻവർഷം നടപ്പാക്കിയിട്ടില്ല. അക്കാരണത്താൽത്തന്നെ വിവിധ ഇനങ്ങളിൽ നഗരസഭക്ക് അനുവദിക്കപ്പെട്ട പണം ചെലവഴിക്കാനാവാതെ നഗരസഭക്ക് നഷ്ടപ്പെട്ടാൻ ഇടയായിട്ടുണ്ട്.

ഒരു സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ അതേ സാമ്പത്തിക വർഷത്തിൽത്തന്നെ പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-49 പൊതു മരാമത്ത് പ്രവൃത്തികൾ - അവലോകനം

മുനിസിപ്പൽ എഞ്ചിനീയർ 2022-23 ൽ നടപ്പാക്കിയ പ്രൊജക്ടുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധയിൽ പെട്ടു.

I) **പ്രവൃത്തികൾ നടത്തിപ്പിൽ പുരോഗതി ഇല്ല.**

2022-23 വർഷത്തിൽ മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 140 പ്രൊജക്ടുകളാണ് തയ്യാറാക്കിയത്. ഇതിൽ 31 പ്രൊജക്ടുകളിലായി ആകെ 1,31,82,892 രൂപയാണ് ചെലവഴിച്ചത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 140 | ആകെ അടങ്കൽ | 64587857 |
| നടപ്പിലാക്കിയത് | 31 | ചെലവ് | 13182892 |
| ശതമാനം | 22% | ചെലവ് ശതമാനം | 20.41 % |

**II-ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.**

നഗരസഭയുടെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്.

പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി.

**III). ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.**

ആസ്തികളുടെ വിവരം രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്ററിൽ കാലാകാലങ്ങളിലുള്ള വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. മിക്ക ആസ്തികളുടെയും അപൂർണ്ണമായ വിവരങ്ങൾ ആണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്.

IV) **രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.**

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 19.01.2017 ലെ ഇ7/11350/2015/CE/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് ഓഫീസുകളിൽ വിവിധ രജിസ്റ്ററുകൾ സൂക്ഷിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നഗരസഭ എഞ്ചിനീയറിംഗ് ഓഫീസിൽ ഇവ പൂർണ്ണമായി എഴുതി സൂക്ഷിക്കുന്നില്ല.

പ്രൊജക്ട് രജിസ്റ്റർ, ടെണ്ടർ ഫോറം ഇഷ്യൂ രജിസ്റ്റർ, സെക്യൂരിറ്റി രജിസ്റ്റർ ഉടങ്ങിയ രജിസ്റ്ററുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഹാജരാക്കിയ വിവിധ രജിസ്റ്ററുകളുടെ സൂക്ഷിപ്പിൽ അപാകതകൾ കണ്ടു.

**1). കാഷ് ബുക്ക്.**

2022-23 വർഷത്തെ കാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല.

**2). ടെണ്ടർ രജിസ്റ്റർ.**

ടെണ്ടർ സംബന്ധിച്ച പൂർണ്ണമായി വിവരങ്ങൾ എഴുതാതെയും, ഇ.എം.ഡി ഒടുക്കിയതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്താതെയും അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്താതെയുമാണ് ടെണ്ടർ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുള്ളത്.

**3). സെക്യൂരിറ്റി രജിസ്റ്റർ.**

സെക്യൂരിറ്റി രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ പരാമർശിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-50 ബസ് സ്റ്റാന്റ് കടമുറികൾ ലേലം ചെയ്ത് കൈമാറിയിട്ടില്ല. നഗരസഭയ്ക്ക് വരുമാന നഷ്ടം

കോട്ടക്കൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള റീ സർവ്വെ നം. 160/2 ൽ ഉൾപ്പെട്ട 1.7220 ഹെക്ടർ വസ്തുവിൽ കെ.യു.ആർ.ഡി.എഫ്.സി യിൽ നിന്നും 10% പലിശക്ക് വായ്പയെടുത്ത് ബസ്സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി (യു.എൽ.സി.സി.) മുഖേനയാണ്

നിർമ്മാണം നടത്തിയത്. 6/2023 ൽ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചിട്ടും നാളിതു വരെയും ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾക്ക് വാടക നിശ്ചയിച്ച് ലേലം ചെയ്ത് കൈമാറാൻ നഗരസഭയ്ക്ക് സാധിച്ചിട്ടില്ല. ഇക്കാരണത്താൽ വാടക വരവിനത്തിൽ നഗരസഭയ്ക്ക് വരുമാന നഷ്ടം സംഭവിക്കുന്നു.

കെ.യു.ആർ.ഡി.എഫ്.സി യിൽ നിന്നും എടുത്തിട്ടുള്ള വായ്പയുടെ മുതലും പലിശയുമായി മൂന്ന് മാസം കൂടുമ്പോൾ ശരാശരി 33 ലക്ഷം രൂപ തിരിച്ചടക്കുന്നുണ്ട്. ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വാടകക്ക് നൽകുന്നതിലൂടെ ലഭിക്കുന്ന വരുമാനം ഉപയോഗിച്ച് വായ്പാ ബാധ്യതകൾ തീർക്കാനാണ് നഗരസഭ ലക്ഷ്യമിടുന്നത്. കടമുറികൾ ലേലം ചെയ്ത് കൈമാറുന്നത് വൈകുന്നത് മൂലം നഗരസഭയ്ക്ക് വൻ സാമ്പത്തിക ബാധ്യത വരുന്നതാണ്.

കടമുറികളുടെ വാടക എത്രയും വേഗം നിശ്ചയിച്ച് കടമുറികൾ കൈമാറുന്നതിന് കൗൺസിലിന്റെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-51 ആസ്തികളുടെ സംരക്ഷണം- ഫണ്ട് ചെലവഴിച്ചില്ല ₹ 1.64 കോടി രൂപ നഷ്ടപ്പെട്ടു.

നഗരസഭയുടെ റോഡ്, നോൺ റോഡ് ആസ്തികളുടെ സംരക്ഷണത്തിനും ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും സർക്കാർ അനുവദിച്ച തുക (റോഡ് മെയിന്റനൻസ് ഗ്രാന്റ്, നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ്) യഥാസമയം വിനിയോഗിക്കാത്തത് മൂലം 1,64,41,748 രൂപ ചെലവഴിക്കാനാതെ നഗരസഭക്ക് നഷ്ടപ്പെട്ടു.

വിശദ വിവരം താഴെ നൽകുന്നു.

| ഫണ്ട് | അനുവദിച്ച തുക | ചെലവഴിച്ചത് | ലാപ്സ് ആയത് |
|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് ( റോഡ്) | 12427000 | 1002805 | 11424195 |
| മെയിന്റനൻസ് ഗ്രാന്റ് ( നോൺ റോഡ്) | 12282000 | 7264447 | 5017553 |
| ആകെ | | | 16441748 |

ആസ്തി പരിപാലനത്തിനായി റോഡ് മെയിന്റനൻസ് ഫണ്ട്, നോൺ റോഡ് മെയിന്റനൻസ് ഫണ്ട് എന്നിവ വകയിരുത്തിയ പ്രൊജക്റ്റുകൾ സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കാത്തതാണ് പണം നഷ്ടപ്പെടുന്നതിന് ഇടയാക്കിയത്.

തന്‍ വർഷം അംഗീകാരം ലഭിച്ച പ്രൊജക്റ്റുകളുടെ നടത്തിപ്പ് വിവരം താഴെ നൽകുന്നു.

| ഫണ്ട് | അംഗീകാരം ലഭിച്ച പ്രൊജക്റ്റുകൾ | നടപ്പാക്കിയത് | നടപ്പാക്കിയതിന്റെ ശതമാനം |
|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 34 | 20 | 58.82 % |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 43 | 4 | 9.3 % |

നഗരസഭയുടെ 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ച പ്രൊജക്റ്റുകൾ സമയബന്ധിതമായി നടപ്പാക്കുന്നതിൽ നഗരസഭയുടെ ഭാഗത്ത് നിന്ന് വന്ന വീഴ്ചയാണ് സാമ്പത്തിക വർഷാവസാനത്തിനു മുമ്പ് പ്രൊജക്റ്റുകൾ പൂർത്തീകരിക്കാൻ സാധിക്കാതിരിക്കുന്നതിനും അതുവഴി നഗരസഭയുടെ വികസനത്തിന് ലഭിക്കേണ്ട 1.64 കോടി രൂപ നഷ്ടപ്പെടുന്നതിനും ഇടയാക്കിയത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

ഓരോ സാമ്പത്തിക വർഷത്തിലും അംഗീകാരം ലഭിക്കുന്ന പ്രൊജക്റ്റുകൾ അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പൂർത്തീകരിക്കുന്ന രീതിയിൽ നടപ്പിലാക്കുവാൻ നഗരസഭ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-52 സ്ട്രീറ്റ് ലൈറ്റ് -വ്യക്തമായ വിവരം ലഭ്യമല്ല.

2022-23 വർഷത്തിൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ ₹4671597 ചെലവഴിച്ചതായി ഓഡിറ്റിന് ലഭ്യമാക്കിയ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കാണുന്നു.

നഗരസഭയിൽ തെരുവ് വിളക്കുകൾ സ്ഥാപിച്ച പോസ്റ്റുകളുടെ വിവരം, പോസ്റ്റുകളിലെ തെരുവ് വിളക്കുകളുടെ സ്പെസിഫിക്കേഷൻ, വിവിധ പ്രദേശങ്ങളിലുള്ള ഹൈമാസ്റ്റ്, മിനി മാസ്റ്റ് ലൈറ്റുകളുടെ വിവരം, നഗരസഭയിൽ ആകെ ഉള്ള സ്ട്രീറ്റ് മെയിനിന്റെ നീളം, പ്രദേശം, തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (15/19.01.2024) നൽകിയതിനെത്തുടർന്ന് സ്ട്രീറ്റ് ലൈറ്റുകളുടെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കി. ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ വ്യക്തമായ വിവരങ്ങൾ താഴെ നൽകുന്നു.

1). നഗരസഭയിൽ സൂക്ഷിക്കുന്ന സ്ട്രീറ്റുലൈറ്റുകളുടെ റജിസ്റ്ററിൽ വ്യക്തമായ വിവരം (ഇനം, തരം, ലൈറ്റിന്റെ സ്പെസിഫിക്കേഷൻ, സ്ഥാപിച്ച തിയ്യതി, ഗ്യാരണ്ടി/വാറണ്ടി കാലയളവ്, പോസ്റ്റ് നമ്പർ) രേഖപ്പെടുത്തി നഗരസഭയിൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2). നഗരസഭയിൽ ആകെയുള്ള തെരുവ് വിളക്കുകളുടെ വിവരം ലഭ്യമല്ല.

3). ഹൈമാസ്റ്റ്, മിനിമാസ്റ്റ് ലൈറ്റുകളുടെ വിവരം രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

4). നഗരസഭയിൽ ആകെയുള്ള സ്ട്രീറ്റ്മെയിനിന്റെ വിവരം നഗരസഭയിൽ ലഭ്യമല്ല. എത്ര തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചിട്ടുണ്ട്, ഇവ ഏതെല്ലാമാണ് എന്ന വിവരങ്ങളും നഗരസഭയിൽ ലഭ്യമല്ല.

തെരുവ് വിളക്കുകൾ സംബന്ധിച്ച് മേൽ പരാമർശിക്കപ്പെട്ട വ്യക്തമായ രേഖകൾ സൂക്ഷിക്കാത്തതിനാൽ താഴെ പരാമർശിക്കുന്ന അപാകതകൾ ഉണ്ടാകുന്നുണ്ട്.

1). തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്, അറ്റകുറ്റപ്പണി, പുതിയ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ എന്നിവയ്ക്ക് പ്രതിവർഷം നഗരസഭ വൻതുക ചെലവഴിക്കുന്നുണ്ട്. എന്നാൽ യഥാർത്ഥത്തിൽ ആവശ്യമായ തുക തന്നെയാണോ ഒടുക്ക് വരുത്തുന്നത് എന്ന് കണ്ടെത്താൻ സാധിക്കുന്നില്ല.

2). സ്ഥാപിക്കപ്പെടുന്ന തെരുവ് വിളക്കുകൾ ഗ്യാരണ്ടി/വാറണ്ടി കാലയളവ് അവസാനിക്കുന്നതിന് മുമ്പ് കേടാകുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനും അതുവഴി നഗരസഭക്ക് അർഹമായ സേവനം നേടുന്നതിനും സാധിക്കുന്നില്ല.

3). ഹൈമാസ്റ്റ്, മിനിമാസ്റ്റ്, മറ്റ് തെരുവ് വിളക്ക് മീറ്ററുകൾ എന്നിവയുടെ വ്യക്തമായ വിവരം സൂക്ഷിക്കാത്തതിനാൽ ഇവയുടെ വൈദ്യുതി ബില്ലുകൾ യഥാസമയം ഒടുക്ക് വരുത്തുന്നുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സാധിക്കുന്നില്ല.

തെരുവ് വിളക്കുകളുടെ വ്യക്തമായ വിവരങ്ങൾ രേഖപ്പെടുത്തി രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതും അതുവഴി മേൽ പരാമർശിക്കപ്പെട്ട തരത്തിലുള്ള പാഴ്ച്ചെലവുകൾ, വൈദ്യുതി ചാർജ്ജ് യഥാസമയം ഒടുക്ക് വരുത്താത്തതിനാലുള്ള പിഴ എന്നിവ ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-53 നഗരസഭയിൽ സ്ട്രീറ്റ് ലൈറ്റ് എ.എം.സി - സർക്കാർ ഉത്തരവിന് വിരുദ്ധമായി നടപ്പാക്കി

നഗരസഭയിൽ സ്ട്രീറ്റ് ലൈറ്റ് എ.എം.സി പ്രവൃത്തി നടപ്പാക്കുന്നതിന് അംഗീകാരം ലഭിച്ച ബഹുവർഷ പ്രൊജക്ട് (426/22) പ്രകാരമുള്ള AMC പ്രവൃത്തി അക്രഡിറ്റഡ് ഏജൻസിയായ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് മുഖേനയാണ് നടപ്പിലാക്കിയിട്ടുള്ളത്. (പ്രോജക്ട് നമ്പർ. 156/23)

അക്രഡിറ്റഡ് ഏജൻസിയെ തെരഞ്ഞെടുക്കുന്നതിന് ബിഡിംഗ് നടപടികൾ പാലിക്കാതെ പ്രവൃത്തി നേരിട്ട് മേൽ സ്ഥാപനത്തെ ഏല്പിക്കുകയും സ്ഥാപനം നഗരസഭയുമായി കരാർ ചമച്ച് നേരിട്ട് പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കുകയുമാണ് ചെയ്തിട്ടുള്ളത്.

അടങ്കൽ : 20,00,000രൂപ
ഫണ്ട് : സി.എഫ്.സി ഫണ്ട്.

2022-23 സാമ്പത്തിക വർഷത്തെ ചെലവ് വിവരം താഴെ നൽകുന്നു.

₹884019 – Payment Advice No C112207698008 Dt 09.11.2022
₹ 1019520 – Payment Advice No C022304530166 Dt 04.02.2023

പദ്ധതി നടത്തിപ്പിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കാണുന്നു.

**1). സർക്കാർ ഉത്തരവിന് വിരുദ്ധമായി നേരിട്ട് പ്രവൃത്തി നടപ്പാക്കി.**

പ്രവൃത്തി നടപ്പാക്കിയ 2021-22 വർഷ കാലയളവിലേക്ക് അക്രഡിറ്റഡ് ഏജൻസികളെ അംഗീകരിച്ച് GO(P) 77/2019/Fin Dt: 04.07.2019 പ്രകാരം യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിനെ ഇലക്ട്രിക്കൽ പ്രവൃത്തികൾ PMC (Project

Management Consultant) ആയി നടപ്പാക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. (Sl No 18)

PMC ആയി അക്രഡിറ്റേഷൻ കിട്ടിയ സ്ഥാപനങ്ങൾ പ്രവൃത്തി നേരിട്ട് നടപ്പാക്കാൻ പാടില്ല. മറിച്ച് പ്രവൃത്തി പ്ലാൻ, ഡിസൈൻ, എസ്റ്റിമേറ്റ്, പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തൽ, ബില്ല് തയ്യാറാക്കൽ തുടങ്ങിയവയാണ് ചെയ്യേണ്ടത്. പ്രവൃത്തി നടത്തിപ്പ് സുതാര്യമായ ടെണ്ടർ നടപടികളിലൂടെ മറ്റ് കരാറുകാരെ ഏൽപിച്ച് നൽകുകയാണ് ചെയ്യേണ്ടത്. പ്രവൃത്തിയുടെ ബില്ല് പ്രകാരമുള്ള പണം തെരഞ്ഞെടുക്കപ്പെട്ട കരാറുകാർക്കാണ് നൽകേണ്ടത്. അക്രഡിറ്റഡ് ഏജൻസിക്ക് സെന്റേജ് ചാർജ്ജ് മാത്രമാണ് അർഹതയുള്ളത്. (GO(P) 67/2021/Fin Dt 28.04.2021 )

എന്നാൽ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് നേരിട്ട് പ്രവൃത്തി നടപ്പാക്കുകയും പണം മുഴുവനായും സ്ഥാപനത്തിന് നൽകുകയുമാണ് ചെയ്തിട്ടുള്ളത്.

ഇത് സർക്കാർ ഉത്തരവിന് വിരുദ്ധമാണ്.

**2). സർക്കാർ നിർദ്ദേശപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി തുടർ നടപടി സ്വീകരിച്ചില്ല.**

അക്രഡിറ്റഡ് ഏജൻസികൾ മുഖേന പ്രവൃത്തി നടപ്പാക്കുന്നത് സംബന്ധിച്ച് വിശദമായ മാർഗ്ഗരേഖ GO(P) 67/2021/Fin Dt 28.04.2021 ഉത്തരവ് പ്രകാരം അംഗീകരിച്ചതാണ്. എന്നാൽ മേൽ പ്രൊജക്റ്റുകളുടെ നടത്തിപ്പിൽ മേൽ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കാതെയാണ് പ്രവൃത്തി നടപ്പാക്കിയത്.

- എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കിയിട്ടില്ല.( Para 8.2 )
- പ്രവൃത്തി നടപ്പാക്കിയപ്പോൾ PWD മാന്വലിലെ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിച്ചിട്ടില്ല. (Para 12.1 & 14.1)

**3). സ്ട്രീറ്റ് ലൈറ്റ് റിപ്പയർ AMC കരാറിൽ റിപ്പയർ സംബന്ധമായ വ്യവസ്ഥകൾ ശരിയായി ഉൾപ്പെടുത്തിയിട്ടില്ല.**

സ്ഥാപനവുമായി ചമച്ച കരാറിൽ റിപ്പയർ സംബന്ധിച്ച് നിബന്ധനകൾ, റിപ്പയർ ചെയ്ത വിളക്കുകളുടെ വാറണ്ടി, റിപ്പയർ ചെയ്യേണ്ട കാലാവധി, തകരാറായ ലൈറ്റുകൾ കണ്ടെത്തുന്നത് എങ്ങനെയാണ് എന്നത് സംബന്ധിച്ച വ്യവസ്ഥകൾ ഒന്നും തന്നെ ഉൾപ്പെടുത്തിയിട്ടില്ല.

തുടർന്നുള്ള വർഷങ്ങളിൽ പ്രവൃത്തി നടത്തിപ്പുമായി ബന്ധപ്പെട്ട് വ്യക്തമായ വ്യവസ്ഥകൾ കരാറിൽ ഉൾപ്പെടുത്തേണ്ടതാണ്.

പ്രൊജക്റ്റ് നടത്തിപ്പിലെ മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

PMC ആയി ഇലക്ട്രിക്കൽ പ്രവൃത്തി നടത്തുന്നതിന് അനുമതി ലഭിച്ച യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് സർക്കാർ ഉത്തരവിലെ നിബന്ധനകൾ പാലിക്കാതെയും ഇലക്ട്രിക്കൽ പ്രവൃത്തി നേരിട്ട് ഏറ്റെടുത്ത് നടപ്പാക്കിയതിനും സർക്കാർ സാധൂകരണം ലഭ്യമാക്കുന്നത് വരെ ഈ ഇനത്തിലെ ചെലവ് ₹ 19,03,539 തടസ്സം ചെയ്യുന്നു.

## 1-54 ആധുനിക മാർക്കറ്റ് നിർമ്മാണം DPR -ഏജൻസിയെ തെരഞ്ഞെടുത്തതിൽ സുതാര്യതയില്ല

**ഫയൽ നം E2- 939/19**

ഇംപാക്ട് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി കിഫ്ബി മുഖേന നഗരസഭാ മാർക്കറ്റിൽ ആധുനിക മത്സ്യ മാർക്കറ്റ് നിർമ്മിക്കുന്നതിന് DPR തയ്യാറാക്കുന്നതിനും തുടർ നടപടികൾക്കുമായി നഗരസഭാ തനത് ഫണ്ടിൽ നിന്ന് താഴെ പരാമർശിക്കും പ്രകാരം പണം ചെലവഴിച്ചിട്ടുണ്ട്.

| വൗച്ചർ നം / ചെക്ക് നം | തുക | കുറിപ്പ് |
|---|---|---|
| വൗച്ചർ നം 22101375/ 25.02.2022<br>(ചെക്ക് നം 10204003) | 1798235 | DPR തയ്യാറാക്കിയതിന് ആദ്യ ഗഡു നൽകിയത് - റാം ബയോളജിക്കൽസ്, കോഴിക്കോട് |
| വൗച്ചർ നം 22200367/ 18.07.2022<br>(ചെക്ക് നം 10205471) | 90000 | PCB കൺസെന്റ് നേടുന്നതിന് - റാം ബയോളജിക്കൽസ്, കോഴിക്കോട് |

DPR തയ്യാറാക്കുന്നതിന് ഏജൻസിയെ തെരഞ്ഞെടുക്കുന്നതിന് സുതാര്യമായ ബിഡിംഗ് നടപടികൾ പാലിക്കാതെ റാം ബയോളജിക്കൽസ് എന്ന സ്ഥാപനത്തിന്റെ 24.01.2019 ലെ അപേക്ഷയുടെ അടിസ്ഥാനത്തിൽ 29.01.2019 ലെ 19ാം നം കൗൺസിൽ തീരുമാന പ്രകാരം മേൽ പ്രൊജക്റ്റിന്റെ DPR തയ്യാറാക്കുന്ന ചുമതല റാം ബയോളജിക്കൽസ് എന്ന സ്ഥാപനത്തെ ഏല്പിക്കുകയാണ് ചെയ്തിട്ടുള്ളത്.

പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ നൽകുന്നു.

1). DPR തയ്യാറാക്കുന്നതിന് സുതാര്യമായ ബിഡ്ഡിംഗ് നടപടികൾ പാലിച്ചില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ അംഗീകരിച്ച് നൽകിയിട്ടുണ്ട് (GO(P) 259/2010/LSGD Dt 08.11.2010). ഈ മാർഗ്ഗരേഖ അനുസരിച്ച് സേവനങ്ങൾ

സമാഹരിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ വ്യക്തമാക്കിയിട്ടുണ്ട്. ഈ നടപടികളൊന്നും പാലിക്കാതെ ഒരു സ്ഥാപനത്തിന്റെ അപേക്ഷയുടെ മാത്രം അടിസ്ഥാനത്തിൽ DPR തയ്യാറാക്കുന്ന ചുമതല അവരെ ഏൽപ്പിച്ചു നൽകി. ഇതുവഴി മത്സരക്ഷമത കുറയുന്നതിനും നഗരസഭക്ക് ലഭിക്കാമായിരുന്ന സാമ്പത്തിക ലാഭം ഇല്ലാതാക്കുന്നതിനും ഇടവന്നു.

2). നഗരസഭ നടപ്പാക്കാൻ പോകുന്ന പ്രൊജക്റ്റിനെക്കുറിച്ച് ഒരു സ്ഥാപനത്തിന് മുൻകൂറായി വിവരം ലഭിച്ചു.

നഗരസഭ നടപ്പാക്കുന്ന പദ്ധതി DPR തയ്യാറാക്കുന്നതിന് നഗരസഭ പരസ്യം ചെയ്യാതെതന്നെ റാം ബയോളജിക്കൽസ് എന്ന സ്ഥാപനം നഗരസഭയെ നേരിട്ട് ബന്ധപ്പെട്ട് DPR തയ്യാറാക്കുന്നതിന് തയ്യാറാണ് എന്നും ചുമതല അവരെ ഏല്പിക്കണമെന്നും അപേക്ഷിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇതിൽ നിന്നും നഗരസഭ നടപ്പാക്കാൻ പോകുന്ന പദ്ധതിയെക്കുറിച്ച് റാം ബയോളജിക്കൽസ് എന്ന സ്ഥാപനത്തിന് നഗരസഭയിൽ നിന്ന് മുൻകൂട്ടി വിവരം നൽകി എന്ന് വ്യക്തമാവുന്നു.

3). DPR തയ്യാറാക്കുന്നതിനുള്ള നിരക്ക് നിശ്ചയിക്കാതെ സ്ഥാപനത്തെ അംഗീകരിച്ചു.

DPR തയ്യാറാക്കുന്നതിന് പരിഗണിക്കണം എന്ന് അപേക്ഷിച്ച് റാം ബയോളജിക്കൽസ് നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ മേൽ സ്ഥാപനത്തെ അംഗീകരിച്ച് നഗരസഭാ കൗൺസിൽ DPR തയ്യാറാക്കുന്നതിനുള്ള ഫീസിനെക്കുറിച്ച് യാതൊരു ചർച്ചയും തീരുമാനവും എടുക്കാതെ തന്നെ സ്ഥാപനത്തെ അംഗീകരിച്ച് നൽകുകയാണ് ചെയ്തത്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട മേൽ പരാമർശിക്കപ്പെട്ട അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും പദ്ധതിയുടെ നിലവിലെ സ്ഥിതി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-55 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് വിനിയോഗിക്കാതെ അക്കൗണ്ടിൽ സൂക്ഷിക്കുന്നു.

പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ശുചിത്വമിഷൻ, നഗരകാര്യ ഡയറക്ടർ എന്നിവരിൽ നിന്നും ലഭിച്ച പണം വർഷങ്ങളായി ഉപയോഗപ്പെടുത്താതെ നഗരസഭയുടെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

**I - മാലിന്യ സംസ്കരണ കേന്ദ്രം സ്ഥാപിക്കൽ.**

നഗരസഭ മാലിന്യ സംസ്കരണ കേന്ദ്രത്തിന്റെ വിപുലീകരണത്തിനും/ആധുനികവൽക്കരണത്തിനും വേണ്ടി ₹ 126 ലക്ഷം രൂപ 2011-12, 2012-13 വർഷങ്ങളിലായി ശുചിത്വ മിഷനിൽ നിന്നും നഗസഭക്ക് കൈമാറിയിട്ടുണ്ട്.

നാളിതുവരെ ഈ ആവശ്യത്തിന് 27,16,540 രൂപ മാത്രമാണ് നഗരസഭ ചെലവഴിച്ചത് (26/11/2013 ന് നഗരസഭ ശുചിത്വ മിഷന് നൽകിയ ധനവിനിയോഗ സർട്ടിഫിക്കറ്റ്). 2013 ന് ശേഷം ഈ പദ്ധതിക്കായി പണം ചെലവഴിക്കപ്പെട്ടിട്ടില്ല.

മാലിന്യ സംസ്കരണ കേന്ദ്രം നിർമ്മിക്കുക എന്ന പ്രത്യേക ഉദ്ദേശ്യത്തിനായി അനുവദിക്കപ്പെട്ട തുക പ്രസ്തുത ഉദ്ദേശ്യത്തിന് മാത്രമേ ചെലവഴിക്കാനാവൂ. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾക്ക് ലഭിക്കുന്ന പലിശ തുകയും ഗ്രാന്റ് ഫണ്ടിൽ തന്നെ ഉൾപ്പെടുന്നതാണ് .

പ്രവൃത്തി പൂർത്തീകരിച്ച് ശേഷിക്കുന്ന പണം പലിശ സഹിതം തിരിച്ച് അടക്കാൻ ശുചിത്വമിഷൻ പലതവണ നഗരസഭക്ക് നിർദ്ദേശം നൽകിയെങ്കിലും നാളിതുവരെ പണം തിരിച്ചടച്ചിട്ടില്ല.

പ്രത്യേക ഉദ്ദേശ്യത്തിനായി നഗരസഭക്ക് ലഭിച്ച പണം നിക്ഷേപിച്ച ബാങ്ക് പാസുബുക്കുകൾ, പണം ചെലവഴിച്ചതിന്റെ രേഖകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (55/25.01.2024) നൽകിയെങ്കിലും ഈ പ്രൊജക്ടുമായി ബന്ധപ്പെട്ട ഫയൽ (PW2-10303/12) മാത്രമാണ് പരിശോധനക്ക് ലഭ്യമാക്കിയത്. ചെലവ് രേഖകളും പണം നിക്ഷേപിച്ച ബാങ്ക് രേഖകളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

പണം നിക്ഷേപിച്ച ബാങ്ക് രേഖകൾ പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ ഈ ഇനത്തിൽ എത്ര തുക ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട് എന്ന് പരിശോധിച്ച് ഉറപ്പുവരുത്താനായിട്ടില്ല.

മാലിന്യ സംസ്കരണ കേന്ദ്രം നവീകരണത്തിന് ശുചിത്വ മിഷനിൽ നിന്ന് ലഭിച്ച തുകയുടെ വിനിയോഗ രേഖകൾ, പണം നിക്ഷേപിച്ച ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റുകൾ എന്നിവ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റായി ലഭിച്ച പണം വിനിയോഗിക്കാൻ സാധിക്കാത്തതിനാൽ ഈ ഇനത്തിൽ അവശേഷിക്കുന്ന തുക പലിശ സഹിതം ശുചിത്വ മിഷന് തിരികെ നൽകുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**II - രാത്രികാല അഭയകേന്ദ്രം നിർമ്മാണം ( PW2-2333/15).**

അന്യസംസ്ഥാനങ്ങളിൽ നിന്നും തൊഴിൽ തേടി സംസ്ഥാനത്ത് എത്തുന്ന തൊഴിലാളികൾക്ക് സുരക്ഷിതമായ രാത്രികാല അഭയകേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് നഗരസഭ തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ഈ ആവശ്യത്തിന് ₹ 26 ലക്ഷം രൂപ നഗരകാര്യ ഡയറക്ടറേറ്റ് നഗരസഭയ്ക്ക് നൽകിയിട്ടുണ്ട്.

എന്നാൽ നാളിതുവരെ ഇതിന്റെ നിർമ്മാണം ആരംഭിച്ചിട്ടില്ല. നഗരസഭയുടെ വാർഷിക കണക്ക് പ്രകാരം നൈറ്റ് ഷെൽട്ടർ അക്കൗണ്ടിൽ 31.03.2023 ന് 32,92,290 രൂപ അവശേഷിക്കുന്നുണ്ട്.

രാത്രികാല അഭയകേന്ദ്രം നിർമ്മിക്കാത്തതിനാൽ ഈ ആവശ്യത്തിന് അനുവദിച്ച തുകയും നാളിതുവരെ ലഭിച്ച പലിശയും നഗരകാര്യ ഡയറക്ടർക്ക് തിരിച്ചടക്കേണ്ടതാണ്.

തുക നിക്ഷേപിച്ച ബാങ്ക് അക്കൗണ്ടിന്റെ കാലികമാക്കിയ സ്റ്റേറ്റ്മെന്റ് പരിശോധനക്ക് ഹാജരാക്കാൻ നിർദ്ദേശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (55/ 25.01.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.

**III – ആധുനിക അറവുശാല നിർമ്മാണം ( PW2-14841/12).**

ആധുനിക അറവുശാല നിർമ്മിക്കുന്നതിന് നഗരസഭ തയ്യാറാക്കിയ പ്രൊപ്പോസൽ പ്രകാരം മുൻകൂർ ഇനത്തിൽ 50 ലക്ഷം രൂപ നഗരകാര്യ ഡയറക്ടറേറ്റ്, തിരുവനന്തപുരം (DD No. 970463 Dt 09/01/2014). നഗരസഭക്ക് നൽകിയിട്ടുണ്ട്.

കേരള മുനിലിപ്പാലിറ്റി നിയമം സെക്ഷൻ 452 പ്രകാരം കശാപ്പുശാലകളായി ഉപയോഗിക്കുന്നതിന് വേണ്ടത്ര സ്ഥലം ഓരോ മുനിസിപ്പാലിറ്റിയും ഏർപ്പെടുത്തിക്കൊടുക്കേണ്ടതാണ് എന്ന് വ്യക്തമാക്കുന്നുണ്ട്. പ്രൊജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ നഗരസഭയുടെ 24.10.2023 ലെ കൗൺസിൽ തീരുമാനപ്രകാരം അറവുശാലക്ക് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് മൂന്ന് കൗൺസിലർമാരെ നഗരസഭ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ ഈ തീരുമാനത്തിൽ പിന്നീട് തുടർ നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല. നാളിതുവരെ അറവ് ശാല നിർമ്മാണം ആരംഭിച്ചിട്ടുമില്ല.

അറവ് ശാല സ്ഥാപിക്കുന്നതിന് ലഭിച്ച തുക നിക്ഷേപിച്ച ബാങ്ക് രേഖകൾ പരിശോധനക്ക് ഹാജരാക്കാൻ നിർദ്ദേശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (55/25.01.2024) നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല. അതിനാൽത്തന്നെ ലഭിച്ച തുകയിൽ എത്ര രൂപ നിലവിൽ നഗരസഭയുടെ കൈവശം ഉണ്ട് എന്ന് ഓഡിറ്റിന് പരിശോധിച്ച് ഉറപ്പുവരുത്താനായിട്ടില്ല.

ഈ ആവശ്യത്തിന് ലഭിച്ച തുക നിക്ഷേപിച്ചതിന്റെ രേഖകൾ കാലികമാക്കി ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. അറവ് ശാല നിർമ്മിക്കാത്തതിനാൽ ഈ ആവശ്യത്തിന് അനുവദിച്ച തുകയും നാളിതുവരെ ലഭിച്ച പലിശയും കണക്കാക്കി നഗരകാര്യ ഡയറക്ടർക്ക് തിരിച്ചടക്കേണ്ടതാണ്.

## ഭാഗം –2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം –3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 എം ബുക്കിൽ തെറ്റായ അളവ് രേഖപ്പെടുത്തി പണം നൽകി ₹ 484531 നഷ്ടം.

മുനിസിപ്പൽ എഞ്ചിനീയർ നിർവഹണം നടത്തി 2022-23 ൽ പണം നൽകിയ പാലത്തറ മൂർക്കത്ത് രായിൻഹാജി സ്മാരക റോഡ് നിർമ്മാണം എന്ന പ്രവൃത്തിയിൽ എം ബുക്ക് പ്രകാരം ചെയ്തതായി രേഖപ്പെടുത്തിയ പ്രവൃത്തി പൂർണ്ണമായി നടപ്പാക്കിയിട്ടില്ല എന്ന് സ്ഥല പരിശോധന നടത്തിയതിൽ വ്യക്തമായി.

വിശദ വിവരം താഴെ നൽകുന്നു.

പ്രവൃത്തി : പാലത്തറ മൂർക്കത്ത് രായിൻഹാജി സ്മാരക റോഡ് നിർമ്മാണം (104/23)

അടങ്കൽ : 19,00,000 (CFC)

സാങ്കേതികാനുമതി : 29869/20-21 Dt 08.01.2021 (Revised TS)

കരാറുകാരൻ : ശ്രീ യു. മുഹമ്മദ് ഷാഫി

കരാർ : 78/20-21 Dt 27.08.2020

എം ബുക്ക് : 132/20-21 Dt 27.08.2020

മൂല്യ നിർണ്ണയം : 1214085 (12 % GST ഉൾപ്പെടെ)

പണം നൽകിയത് : 265900 (20151747001401408157/28-3-2021)
: 948185 (ചെക്ക് നമ്പർ. JN2829874/7-11-2022)

പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിലും, പ്രവൃത്തി സ്ഥലം നേരിട്ട് പരിശോധന നടത്തിയതിലും വ്യക്തമായ കാര്യങ്ങൾ താഴെ നൽകുന്നു.

1). പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം പാലത്തറ മൂർക്കത്ത് രായിൻ ഹാജി സ്മാരക റോഡിലും ബ്രാഞ്ച് റോഡിലുമായി 210 M നീളത്തിൽ ശരാശരി 3.8 വീതിയിൽ 10 Cm കനത്തിൽ ക്വാറിമക്ക് നിറച്ച് 15 Cm കനത്തിൽ കോൺക്രീറ്റ് ചെയ്യുന്നതിന് ഇനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

2). പ്രവൃത്തിയുടെ എം ബുക്ക് പേജ് 11 To 14 പ്രകാരം റോഡിൽ ആകെ 90.1 M നീളത്തിൽ 6.4 M To 4m വരെ വീതിയിൽ ക്വാറിമക്ക് 10 Cm കനത്തിൽ നിറച്ച് 15 Cm കനത്തിൽ കോൺക്രീറ്റ് ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. (40.375$m^3$ ക്വാറിമക്ക്, 60.55$m^3$ 1:2:4 കോൺക്രീറ്റ്) - പ്രവൃത്തി ചെയ്ത ചെയ്നേജ് എം ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

3). പ്രവൃത്തിയുടെ എം ബുക്ക് പേജ് 15 To 21 പ്രകാരം റോഡിൽ 62.3 മീറ്ററും, ബ്രാഞ്ച് റോഡിൽ 57 മീറ്ററും ഉൾപ്പെടെ ആകെ 119.3 മീറ്റർ നീളത്തിൽ 4.7 M To 3.1 M വരെയുള്ള വിവിധ വീതിയിൽ 20 Cm കനത്തിൽ മണ്ണ് എടുത്ത് മാറ്റി ക്വാറിമക്ക് 10 Cm കനത്തിൽ നിറച്ച് 15 Cm കനത്തിൽ കോൺക്രീറ്റ് ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. ( 90.15 $M^3$ മണ്ണ് മാറ്റിയത്, 45.07 $M^3$ ക്വാറിമക്ക്, 67.615 $M^3$ 1:2:4 കോൺക്രീറ്റ് ) - പ്രവൃത്തി ചെയ്ത ചെയ്നേജ് എം ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

4). പ്രവൃത്തി സ്ഥലം നേരിൽ സന്ദർശിച്ചതിൽ എം ബുക്ക് പേജ് 11 To 14 രേഖപ്പെടുത്തൽ പ്രകാരമുള്ള കോൺക്രീറ്റ് പ്രവൃത്തി റോഡിന്റെ ആദ്യഭാഗത്ത് നടത്തിയതായി വ്യക്തമായി. എന്നാൽ എം ബുക്ക് പേജ് 15 To 21 രേഖപ്പെടുത്തൽ പ്രകാരമുള്ള പ്രവൃത്തികൾ നടത്തിയത് കണ്ടെത്താനായിട്ടില്ല.

യഥാർത്ഥത്തിൽ ചെയ്യാത്ത പ്രവൃത്തികൾ ചെയ്തു എന്ന് തെറ്റായി എം ബുക്കിൽ രേഖപ്പെടുത്തി കരാറുകാരന് പണം അനുവദിച്ച് നൽകി എന്നാണ് ഇതിൽ നിന്ന് വ്യക്തമാകുന്നത്.

നടപ്പാക്കാത്ത പ്രവൃത്തിക്ക് അനുവദിച്ച് നൽകിയ തുകയുടെ വിവരം താഴെ നൽകുന്നു.

| പ്രവൃത്തി. | എം ബുക്കിൽ രേഖപ്പെടുത്തിയ അളവ്/ തീയതി. | അനുവദിച്ച് നൽകിയ തുക. |
|---|---|---|
| Excavation In Soil With Dozer With Lead Upto 100 M ( Estimate Extra Item No 1 – MORD Data 3.5.2 | 90.15 $M^3$ (Page No 15 To 17 Of MB ) (11/1/21 &12/1/21) | 4387.60 ( @48.67/ $M^3$ ) |
| Filling With Quary Muck –( Extimate Extra Item No 2– Observed Data | 45.07 $M^3$ (Page No 18 & 19 Of MB ) (18/1/21 & 19/1/21) | 33631.23 ( @746.20/ $M^3$ ) |
| Providing Concrete For Plain/ Reinforced Concrete In Open Foundations Complete Nominal Mix 1:2:4 - ( Extimate Extra Item No 3 – Observed Data | 67.615 $M^3$ (Page No 20 & 21 Of MB ) (05/2/21 & 6/2/21) | 394597.76 ( @5835.95/ $M^3$ ) |
| ആകെ | | 432617 |
| 12 % GST ഉൾപ്പെടെ അധികം നൽകിയത് (432167 X 112%) | | 484531 |

നടപ്പാക്കാത്ത പ്രവൃത്തി നടത്തിയതായി എം ബുക്കിൽ തെറ്റായ രേഖപ്പെടുത്തൽ വരുത്തി കരാറുകാരന് അധികമായി നൽകിയ തുക ₹ 484531 പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനിയർ, ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ എന്നിവരിൽ നിന്ന് ഈടാക്കി നഗരസഭാ ഫണ്ടിൽ തിരിച്ചടക്കേണ്ടതാണ്.

എം ബുക്കിൽ തെറ്റായ രേഖപ്പെടുത്തൽ വരുത്തി നഗരസഭക്ക് സാമ്പത്തിക നഷ്ടമുണ്ടാക്കിയ വിഷയം തുടർ നടപടി സ്വീകരിക്കുന്നതിനായി നഗരസഭാ കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

പ്രവൃത്തി നടത്തിപ്പിലെ മേൽ പരാമർശിക്കപ്പെട്ട അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (45/23.01.2024 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

## ഭാഗം –4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/തിയ്യതി |
|---|---|---|

| | | |
|---|---|---|
| | | |
| 2022-23 | 2022-23 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | റിപ്പോർട്ടിന്റെ ഭാഗമാക്കി. |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-3 നിക്ഷേപ പ്രവർത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിന് തുക നൽകിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരങ്ങൾ.

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം/ ബിൽ നം/ചെക്ക് നം. | മുൻകൂർ നല്കിയ തുക (₹) | ചെലവഴിച്ച തുക (₹) | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|
| ചെറുകിട ജലസേചന വകുപ്പിൽ | നഗരസഭാ പരിധിയിലെ വിവിധ ചിറകളുടെ നവീകരണം, 293/23 | 22151747000901086196/ 24.1.2023<br>22151747000901154222/ 4.2.2023 | 22,45000<br>22,88,954 | - | ഇല്ല | 22,45000<br>22,88,954 |
| | നഗരസഭാ പരിധിയിലെ വിവിധ ചിറകളുടെ നവീകരണം ബാലൻസ് തുക അടവാക്കൽ, 328/23 | Payment Advice No. Co32331519444 Date- 14.3.2023 | 1331046 | - | ഇല്ല | 1331046 |
| ഭൂജലവകുപ്പ് | അങ്കണവാടിയിൽ കുഴൽകിണർ നിർമ്മാണം, 39/23 | 22151747000901078750/23.1.2023 | 70990 | - | ഇല്ല | 70990 |
| | | ആകെ | 5935990 | | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടവിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പതുകയുടേയും വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തിയ്യതി | വായ്പ തുക (₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി (₹) | തൻ വർഷം പുതുതായി എടുത്ത തുക (₹) | തൻവർഷം അടച്ചത് (₹) | വർഷാവസാന ബാക്കി (₹) |
|---|---|---|---|---|---|---|---|

| | | | | | | മുതൽ | പലിശ | |
|---|---|---|---|---|---|---|---|---|
| 1 | KURDFC ലോൺ – PMAY | ജി.ഒ (എം.എസ്) നം. 68/2018/ എൽ.എസ്.ജി.ഡി, തീയ്യതി 18.05.2018 | 2,90,00,000 | 2,32,00,000 | - | 19,33,334 | - | 21266666 |
| 2 | KURDFC ലോൺ – ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം | സ.ഉ (സാധാ) നം. 2547/2018/ ത.സ്വ.ഭ.വ, തീയ്യതി 03.10.2018 | 21,00,00,000 | 5,47,56,838 | 22741265 | 8938924 | - | 68559179 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

| | തുക (₹) |
|---|---|
| വർഷാരംഭത്തിലുണ്ടായിരുന്ന സ്ഥിര നിക്ഷേപം | 28655638 |
| തൻവർഷം നിക്ഷേപിച്ച തുക | 1332151 |
| ആകെ | 29987789 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 29987789 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം**

| നിക്ഷേപത്തിന്റെ വിവരം | തുക (₹) | രശീതി നം. |
|---|---|---|
| Punjab National Bank | 581195 | 3568/13.12.2022 |
| Kottakkal Service Co-Operative Bank | 624308 | 13427/06.09.2022 |
| Kottakkal Co-Operative Urban Bank (Town Ladies Branch) | 730555 | 12317/22.09.2022 |
| Kerala Gramin Bank | 474304 | 50009/25.01.2023 |
| Kottakkal Co-Operative Urban Bank (Main Branch) | 685901 | 58135/02.11.2022 |
| Malappuram District Co-Operative Bank | 584109 | 520050/28.03.2023 |

| | | |
|---|---|---|
| Malappuram District Co-Operative Bank | 551595 | 520014/26.03.2023 |
| Sub Treasury, Kottakkal | 5521221 | 799010502266409/22.11.22 |
| Sub Treasury, Kottakkal | 679366 | 799010502266481/24.11.22 |
| Kottakkal Service Co-Operative Bank | 5183482 | 13751/23.01.2023 |
| Kottakkal Service Co-Operative Bank | 5183482 | 13750/23.01.2023 |
| Kottakkal Service Co-Operative Bank | 3784842 | 13483/19.10.2022 |
| Kottakkal Co-Operative Urban Bank (Town Ladies Branch) | 3397429 | 12318/22.02.2023 |
| Clean Kerala Mission | 2006000 | 025/26.05.2014 |
| **ആകെ** | **29987789** | . |

കുറിപ്പ്: സ്ഥിരനിക്ഷേപം സംബന്ധിച്ചുള്ള അപാകത ഖ: 1-17 ആയി ചേർത്തിട്ടുണ്ട്.

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നം./തിയ്യതി |
|---|---|---|---|---|
| 2021-22 | 3-1 | 3500 | ശ്രീ മുഹമ്മദ് ഫിജാസ് | 1/122010110265/ 21.11.2022 |
| 2021-22 | 3-1 | 3500 | ശ്രീ. റിഫ ഫസ്ല കുറവാക്കോട്ടിൽ | 1/122010110669/ 01.12.2022 |
| 2021-22 | 3-1 | 23200 | ശ്രീ. മുഹമ്മദ് അശ്വിൻ കന്നത്ത് പടിയിൽ | 1/122010111106/ 09.12.2022 |
| 2021-22 | 3-1 | 20500 | ശ്രീ മുഹമ്മദ് ഫായിസ് | 1/12201011088/ 05.12.2022 |
| 2021-22 | 3-1 | 20000 | ശ്രീ മുഹമ്മദ് സാനിദ് പുതുക്കടി | 1/122010110484/ 28.11.2022 |
| 2021-22 | 3-1 | 12000 | ശ്രീ മുഹമ്മദ് സഹൽ കെ | 1/122010110359/ 23.11.2022 |
| **ആകെ** | | **82700** | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 37(3)(a) | 2002-03 | - | പത്രം പരസ്യം 15160/- രൂപ അധിക തുക നൽകി | നടപടി തുടരുന്നു |
| 2002-03 | 18 | 2005-06 | - | വനിതകൾക്ക് കമ്പ്യൂട്ടർ പരിശീലനത്തിന് അധിക തുക നൽകി | നടപടി തുടരുന്നു |
| 2007-08 | 3-33, 3-29, 3-32 | 2010-11 | | സ്റ്റേഡിയം നിർമ്മാണം, (ഭൂമി), കുടിവെള്ള പദ്ധതി, പേപ്പർ ബാഗ് യൂണിറ്റ് | നടപടി തുടരുന്നു |
| 2010-11, 2011-12, 2012-13 | 3-1, 3-38, 3-39 | 2013-14 | | ലഘു അവലോകനം (പെർഫോമൻസ് ഗ്രാന്റ്) | നടപടി തുടരുന്നു |

| | | | | | |
|---|---|---|---|---|---|
| 2016-17 | 2(4)2 | 2017-18 | | വസ്തു നികുതി നിർണ്ണയത്തിലും നികുതി പിരിവിലുമുള്ള അപാകതകൾ | നടപടി തുടരുന്നു |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

എ) ചാർജ് നടപടികൾ വഴി തുക ഈടാക്കിയ/ഈടാക്കുവാൻ അവശേഷിക്കുന്ന തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | സർചാർജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നമ്പർ/തീയതി | തുക (₹) | |
| 1 | 2004-05 | 2-1 | എം പി നന്ദകുമാർ സെക്രട്ടറി | LF 14219/ Spl.Cell/SC/D1/12 14.12.2012 | 46,850 | തുക അടവാക്കാൻ അവശേഷിയ്ക്കുന്നു |
| 2 | 2006-07 | 2-1 | എം ശിവശങ്കരൻ | LF 7325/Spl.Cell/ SCD1/12.Dt.12.09.14 (ചാർജ്) | 41,952 | തുക അടവാക്കാൻ അവശേഷിയ്ക്കുന്നു. |
| 3 | 2006-07 | 2-4<br>2-11 | കെ സോമസുന്ദരൻ | LF 8588/Spl.Cell/CSC/ D1/12.Dt.14.07.14 (ചാർജ്) | 4,920 | തുക അടവാക്കാൻ അവശേഷിയ്ക്കുന്നു. |

ബി) സർചാർജ് നടപടി വഴി ഈടാക്കുവാൻ അവശേഷിക്കുന്ന തുക

സർചാർജ് നടപടികളുടെ വിവരം

| ക്ര നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | സർചാർജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നമ്പർ/തീയതി | തുക (₹) | |
| 1 | 1998-99 | 58pt. | പി കെ ബാബു സെക്രട്ടറി | LF 20573/Spl.Cell/ SC3/00.Dt.06.03.03 | 2,521 | തുക അടവാക്കാൻ അവശേഷിയ്ക്കുന്നു. |
| 2 | 1998-99 | 58pt. | കെ മുഹമ്മദ് അഷ്റഫ് | LF 20573/Spl.Cell/ SC3/00.Dt.06.03.03 | 2,81,668 | കോടതിയിൽ കേസ് നടന്നു വരുന്നു. |
| 3 | 2003-04 | 3-1 | എം പി നന്ദകുമാർ സെക്രട്ടറി | LF 1857/Spl.Cell/ SC5/10.Dt.15.12.10 | 13,500 | തുക അടവാക്കാൻ അവശേഷിയ്ക്കുന്നു. |
| 4 | 2003-04 | 3-14 | കെ എസ് ശശികല, ഹെഡ്ക്ലിസ്റ്റസ് | LF 1857/Spl.Cell/ SC5/10.Dt.15.12.10 | 2,240 | തുക അടവാക്കാൻ അവശേഷിയ്ക്കുന്നു. |
| 5 | 2004-05 | 3-20(2)<br>3-21<br>3-23 | എം പി നന്ദകുമാർ സെക്രട്ടറി | LF 14219/Spl.Cell/ SCD1/12.Dt.14.12.12 | 33,461 | തുക അടവാക്കാൻ അവശേഷിയ്ക്കുന്നു. |
| 6 | 2006-07 | 3-5(2)<br>3-8<br>3-12<br>3-15 | കെ സോമസുന്ദരൻ | LF 7325/Spl.Cell/ SCD1/12.Dt.09.07.12 | 2,41,007 | തുക അടവാക്കാൻ അവശേഷിയ്ക്കുന്നു. |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| 7 | 2006-07 | 3-11 | എം പി നന്ദകുമാർ സെക്രട്ടറി | LF 7325/Spl.Cell/ SCD1/12.Dt.09.07.12 | 1,78,655 | തുക അടവാക്കാൻ അവശേഷിക്കുന്നു. |
| 8 | 2007-08 | 3-5<br>3-12<br>3-13<br>3-14<br>3-21<br>3-22<br>3-31<br>3-34(5) | കെ സോമസുന്ദരൻ | LF 8588/Spl.Cell/ SCD1/12.Dt.14.02.14 | 13,45,621 | തുക അടവാക്കാൻ അവശേഷിക്കുന്നു. |
| 9 | 2005-06 | 3-19pt. | എം പി നന്ദകുമാർ സെക്രട്ടറി | LF 4100/Spl.Cell/ SC5/10.Dt.10.09.12 | 1,37,146 | തുക അടവാക്കാൻ അവശേഷിക്കുന്നു. |
| 10 | 2003-04 | 2-2 | എം പി നന്ദകുമാർ സെക്രട്ടറി | LF 1857/ Spl.Cell/SC5/10 15.12.10 12778 | 12,778 | തുക അടവാക്കാൻ അവശേഷിക്കുന്നു. |
| | | | | | | |
| 12 | 2006-07 | 2-1 | എം.ശിവശങ്കരൻ സെക്രട്ടറി | LF 7325/ Spl.Cell/SCD1/12 12.09.14 | 41,952 | തുക അടവാക്കാൻ അവശേഷിക്കുന്നു |
| 13 | 2007-08 | 2-4<br>2-11 | കെ സോമസുന്ദരൻ | LF 8588/ Spl.Cell/CSC/D1/12 14.7.14 - | 4,920 | തുക അടവാക്കാൻ അവശേഷിക്കുന്നു |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം.**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുൻ ബാക്കി ഉൾപ്പെടെ) | 270763149 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 249983743 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 484531 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 8384929 |

**(ബി). നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.**

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും. |
|---|---|---|
| 3-1 | 242265.5 | ശ്രീ. ക്ലമന്റ്.പി, അസിസ്റ്റന്റ് എഞ്ചിനീയർ. |
| | 242265.5 | ശ്രീ. എ.മാധവൻ, അസിസ്റ്റന്റ് എക്സിക്യുട്ടീവ് എഞ്ചിനീയർ. |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.**

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും. |
|---|---|---|

| | | |
|---|---|---|
| 1-21 | 6555 | ശ്രീമതി മുംതാസ്. ടി. വി., ഐ.സി.ഡി.എസ് സൂപ്പർവൈസർ. |
| 1-24 | 327425 | ശ്രീ. വൈശാഖൻ. എം. വി , കൃഷി ഓഫീസർ. |
| 1-25 | 528000 | ശ്രീ. വൈശാഖൻ. എം. വി ,കൃഷി ഓഫീസർ. |
| **1-26** | 50400 | ശ്രീ. വൈശാഖൻ. എം. വി ,കൃഷി ഓഫീസർ. |
| **1-27** | 83332 | ശ്രീ. അബ്ദുൾ അസീസ് പുളിക്കപ്പറമ്പിൽ, പ്രൊജക്ട് ഓഫീസർ. |
| **1-28** | 3848003 | ശ്രീ. മുഹമ്മദ് മുസ്തഫ, ഹെഡ് മാസ്റ്റർ (ഇൻ ചാർജ്). |
| 1-37 | 1000000 | ശ്രീ. കുമാർ.ആർ, സെക്രട്ടറി. |
| 1-46 | 637675 | ശ്രീ.മുഹമ്മദ് മുബാരിസ്, അസിസ്റ്റന്റ് എഞ്ചിനീയർ. |
| 1-53 | 1903539 | ശ്രീ. കുമാർ.ആർ, സെക്രട്ടറി. |
| **ആകെ** | 8384929 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.**

ഇല്ല.

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.**

ഇല്ല.

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.**

| പേരും ഉദ്യോഗപ്പേരും. | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം. | സ്ഥിരം മേൽവിലാസം. |
|---|---|---|
| ശ്രീ. ക്ലമന്റ്.പി, അസിസ്റ്റന്റ് എഞ്ചിനീയർ | ലഭ്യമല്ല. | കുഴിവിള ഹൗസ്, മരിയാപുരം. പി.ഒ. നെയ്യാറ്റിൻകര, തിരുവനന്തപുരം-695122 |
| ശ്രീ. മാധവൻ. എ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | വിരമിച്ചു. | ശ്രീനിലയം, ഉദിനൂർ സൗത്ത്, കാസർഗോഡ്-671310 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ. | ഓഡിറ്റ് വർഷം. | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം. | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം. |
|---|---|---|---|
| 1 | 1985-86<br>86-87<br>87-88 | എൽ.എഫ്.എം.18/1294/2010 തീ.27.07.2010 | 10 |

| | | | |
|---|---|---|---|
| 2 | 1988-89<br>89-90<br>90-91 | എൽ.എഫ്.എം.14/281/2003 തീ.30.01.2003 | 5 |
| 3 | 1991-92 | എൽ.എഫ്.എം.14/282/2003 തീ.30.01.2003 | 3 |
| 4 | 1994-95<br>95-96 | എൽ.എഫ്.എം.17/1297/2010 തീ.27.07.2010 | 14 |
| 5 | 1996-97 | എൽ.എഫ്.എം.14/285/03 തീ.29.01.03 | 8 |
| 6 | 1997-98 | എൽ.എഫ്.എം.17/1298/10 തീ.27.07.2010 | 1 |
| 7 | 1998-99 | എൽ.എഫ്.എം.17/1299/തീ.27.07.2010 | 5 |
| 8 | 1999-00 | എൽ.എഫ്.എം.18/1300/10 തീ.27.07.2010 | 1 |
| 9 | 2001-02 | എൽ.എഫ്.എം.17/1303 തീ.27.07.2010 | 8 |
| 10 | 2002-03 | എൽ.എഫ്.എം.17/1302 തീ.27.07.2010 | 11 |
| 11 | 2003-04 | എൽ.എഫ്.എം.10/1002/09 തീ.06.01.2010 | 6 |
| 12 | 2004 -05 | എൽ.എഫ്.എം.20/1998/10 തീ.2.05.2011 | 31 |
| 13 | 2005-06 | എൽ.എഫ്.എം.16/1550/10 തീ.2.12.2010 | 9 |
| 14 | 2006-07 | എൽ.എഫ്.എം.20/1136/09 തീ.27-02-2012 | 13 |
| 15 | 2007-08 | എൽ.എഫ്.എം.11/1137/09 തീ.26-3-2012 | 21 |
| 16 | 2008-09 | എൽ.എഫ്.എം.20/1112/12 തീ.25-09-2012 | 21 |
| 17 | 2009-10 | എൽ.എഫ്.എം.20/1113/12 തീ.10.02.2012 | 27 |
| 18 | 2010-11<br>2011-12<br>2012-13 | എൽ.എഫ്.എം.20/37/14 തീ.19.07.2014 | 55 |
| 19 | 2013-14 | കെ.എസ്.എ.എം.പി.എം.20/1960/2015 തീ. 10.09.2015 | 32 |
| 20 | 2014-15 | കെ.എസ്.എ.എം.പി.എം.20/344/16 തീ.26-04-2017 | 18 |
| 21 | 2015-16 | കെ.എസ്.എ.എം.പി.എം.20/2758/2016 തീ. 03.05.2018 | 17 |
| 22 | 2016-17 | കെ.എസ്.എ.എം.പി.എം.20/2439/2017 തീ. 22.03.2018 | 25 |
| 23 | 2017-18 | കെ.എസ്.എ.എം.പി.എം.20/445/2018 തീ. 28.05.2019 | 29 |
| 24 | 2018-19 | കെ.എസ്.എ.എം.പി.എം.20/212/20 തീ.23.03.2020 | 47 |
| 25 | 2019-20 | കെ.എസ്.എ.എം.പി.എം.20/5/2022 തീ.08.08.2022 | 32 |
| 26 | 2020-21 | കെ.എസ്.എ.എം.പി.എം.20/6/2022 തീ.11.08.2022 | 32 |
| 27 | 2021-22 | നമ്പർ: കെ.എസ്.എ.എം.പി.എം. 20/2913/2022 തീ. 03/01/2023 | 34 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 23-06-2023 and submitted on 05-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Kottakkal Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/ guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kottakkal Municipality for the year 2022-2023

**Date: 24/02/2024**

**Senior Deputy Director**
**District Office Malappuram**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Kottakkal Municipality for the Year 2022-2023 .

### 1.Major Observations

1. Anomalies regarding investments.

### 2.Other Observations

1.Further action not taken on amount that directly debited by bank.
2.Further action not taken on Cheque deposited but not credited.
3.Grant- Expenditure amount as per AFS does not match with ACR.
4.DCB Register does not match with AFS
5.Annual abstract of Demant collection balance not prepared
6. Advance register not maintained properly.
7. Loan register not maintained properly
8. Deposit register not maintained properly.
9. Income and Expenditure details of employment guaranty programme does not reflected in AFS
10.Asset register not maintained properly
11. ACR does not maintained for specific purpose grant kept own fund.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ കോട്ടക്കൽ മുനിസിപ്പാലിറ്റിയുടെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്